
ജനുവരി, 1986, ലക്കം 1

സോവിയറ്റ് നാട്



സോവിയറ്റ് യൂണിയനിൽ വിശ്വ
സ്നേഹമുള്ള അവകാശത്തെപ്പറ്റി
ഇതുൾ പത്രപ്രവർത്തകർ പഠനം നടത്തുന്നു



ശാശ്വതസമാധാനത്തിനേറെയും സാർവ്വദേശീയ ഭദ്രതയുടേയും സാഹചര്യങ്ങളിൽ മറ്റു രാജ്യങ്ങളിലെ ജനതകളുമായി സൌഹൃദസഹകരണങ്ങൾ ശക്തിപ്പെടുത്താൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു സോവിയറ്റ് ജനങ്ങൾ.
(ഈ കൌതുകചിത്രശേഖരം അണിയാറാക്കിയത് എ. തെർത്തീഷ്നിക്കോവ്)

പ്രിയപ്പെട്ട വായനക്കാരേ,

"സോവിയറ്റ്നാട്" നിങ്ങൾക്കെല്ലാം എന്നും സുഖസന്തുഷ്ടമായ ഒരു നവവത്സരമാശംസിക്കുന്നു.

1986–ാം വർഷത്തിലേയ്ക്കു കടക്കുന്ന അവസരത്തിൽ നമ്മുടെ ഗ്രഹത്തിലെ എല്ലാ രാഷ്ട്രങ്ങളും അതിന്മേൽ വച്ചിച്ച പ്രത്യാശകളും അർപ്പിക്കുന്നു. സാർവ്വദേശീയബന്ധങ്ങളിൽ കൂടുതൽ നല്ലതിലേയ്ക്കുള്ള ഒരു തിരിവ് ഉണ്ടാവുമെന്നും, ആയുധപ്പന്തയത്തിന്ന് ഒരു വിരാമമിടപ്പെടുമെന്നും, അവർ പ്രത്യാശിക്കുന്നു. ഈ ഉൽകൃഷ്ടലക്ഷ്യം കൈവരിക്കുന്നതിന്ന് കഴിവതെല്ലാം ചെയ്യുവരുന്നുണ്ട് സോവിയറ്റ് യൂണിയൻ.

വികസ്വരരാജ്യങ്ങളുൾപ്പെടെയുള്ള മറ്റു രാജ്യങ്ങളുമായി സോവിയറ്റ യൂണിയൻ പുലർത്തുന്ന സമ്പർക്കങ്ങളും തുടർന്നു വികസിക്കും. ഇക്കാര്യത്തിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം വഹിക്കുന്നുണ്ട് ഇന്ത്യ: വരും വർഷത്തിൽ പത്രികയുടെ എല്ലാ വായനക്കാർക്കും സമാധാനവും സൌഖ്യവും സമ്പൽസമൃദ്ധിയും ആശംസിക്കുന്നു.

**

ഹൃദയം കവർന്നു

സർ,

'സോവിയറ്റ്നാട്' 22-ാം ലക്കത്തിലെ എന്റെ ഹൃദയം കവർന്ന ജോർജ്ജിയ'' എന്ന ലേഖനം വായിച്ചുകഴിഞ്ഞപ്പോഴും, സത്യത്തിൽ *സോവിയറ്റ് നാട്* എന്റെ ഹൃദയം കവർന്നെടുത്തിരിക്കുന്നു.

വളരെ കാര്യങ്ങളും പഠിക്കാനും മനസ്സിലാക്കാനും താങ്കളുടെ പത്രിക സഹായിക്കുന്നു. അതിനിയും വളരട്ടെ എന്നാശംസിക്കുന്നു.

ചെമ്പൻ റഷീദ്,
ചിറക്കൽ, താനൂർ.

* * *

നല്ല മാറ്റത്തിനുവേണ്ടിയുള്ള സംവാദം

സർ,

സോവിയറ്റ് നാട് 23—ാംലക്കത്തിൽ 'നല്ല മാറ്റത്തിനുവേണ്ടിയുള്ള ഒരു സംവാദത്തിന്റെ തുടക്കം' എന്ന തലക്കെട്ടിൽ ജനീവാ ഉന്നതതലസമ്മേളനത്തെക്കുറിച്ച പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം എത്രയും പ്രസക്തവും വിജ്ഞേയവുമായിരുന്നു.

ഗോർബാച്ചേവും റീഗനും തമ്മിലുള്ള കൂടിക്കാഴ്ചയുടെ ഫോട്ടോവും നന്നായിരുന്നു.

എ. ഫസിലുദ്ദീൻ,
മടത്തറ.

* * *

നവചൈതന്യം

സർ,

22—ാം ലക്കം 'സോവിയറ്റ് നാട്'' കണ്ടു. അതു് അക്ഷരാർത്ഥത്തിൽത്തന്നെ മികച്ചതായിരിക്കുന്നു എന്നു് പറയാൻ സന്തോഷമുണ്ടു്. ജോർജിയൻ പതിപ്പാണിതെന്നു് തോന്നത്തക്കവിധം, ജോർജിയ ഇതിൽ പല താളുകളിലും തെളിഞ്ഞു കാണപ്പെടുന്നു. ഫോട്ടോകളും മികച്ചതുതന്നെ. ആകപ്പാടെ ഒരു നവചൈതന്യം വന്നപോലെ.

ജയകുമാർ എസ്. ചെറുവിയ്ക്കൽ,
തിരുവനന്തപുരം.

* * *

ഒഴിച്ചുകൂടാനാവാത്ത പ്രസിദ്ധീകരണം

സർ,

'സോവിയറ്റ് ലാൻഡ്' പത്രികയെ അതിന്റെ 38—ാം വാർഷികത്തിൽ അനുമോദിക്കാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഈ പത്രിക ഉയർത്തിപ്പിടിക്കുന്ന സൌഹൃദത്തിന്റെ സന്ദേശം എന്നെപ്പോലെയുള്ള വായനക്കാരിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ടു്.

പത്രികയുടെ താളുകളിലൂടെ സോവിയറ്റ് ജീവിതരീതിയേയും സോവിയറ്റ് ജനതയുടെ സംസ്കാരത്തേയും ശാസ്ത്രീയ പുരോഗതിയേയും സ്പോർട്ട്സിനേയും സിനിമയേയും പറ്റി പല കാര്യങ്ങളും എനിയ്ക്കു മനസ്സിലാക്കാൻ കഴിയുന്നു. ഇന്ത്യയും സോവിയറ്റ് യൂണിയനും തമ്മിലുള്ള സൌഹൃത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്കു് 'സോവിയറ്റ് ലാൻഡ്'' ഒഴിച്ചുകൂടാനാവാത്ത ഒരു പ്രസിദ്ധീകരണമാണെന്നതിൽ യാതൊരു സംശയവുമില്ല.

പത്രികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളും മറ്റും ഇന്ത്യാ—സോവിയറ്റ് സൌഹൃദം ബലപ്പെടുത്തുന്നതിൽ വഹിക്കുന്നപങ്കു് വളരെ വലുതാണു്. ഇന്ത്യാ—സോവിയറ്റ് സൌഹൃദം സമകാലികമാനവസമുദായ ചരിത്രത്തിന്റെ വികാസത്തിലെ ഒരു നാഴികക്കല്ലാണു്.

കത്തുകൾ

ഇന്ത്യാ—സോവിയറ്റ് മൈത്രിയുടെ കരുത്തുറ്റ നേതാവും സമാധാനത്തിന്റേയും സാർവ്വദേശീയ സഹകരണത്തിന്റേയും ഒരു ഉറച്ച വക്താവുമാണു് സോവിയറ്റ് ലാൻഡ് പത്രിക. സമാധാനത്തിന്റേയും സൌഹൃദത്തിന്റേയും സന്ദേശവുമായി നമ്മുടെ നാടിന്റെ നാനാഭാഗങ്ങളിൽ, വിവിധ ഭാഷകളിൽ വ്യാപരിക്കുന്ന 'സോവിയറ്റ് ലാൻഡി'നു് ഞാൻ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

കല്ലൂർ ഉണ്ണികൃഷ്ണൻ,
കലൂർ, കൊച്ചി-17

* * *

കോൺഗ്രസ്സും സോവിയറ്റ് യൂണിയനും

സാർ,

സോവിയറ്റ് നാടിന്റെ ഓരോ ലക്കവും ഒന്നിനൊന്നു് മെച്ചപ്പെട്ടവരുന്നുണ്ടു്. പഠനാർഹമായ ലേഖനങ്ങളും വാരികയുടെ മാറ്റു് കൂട്ടുന്നു. ''സോവിയറ്റ് നാട്'' 22-ാം ലക്കം വായിച്ചു. ഇതിൽ ''ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും യു. എസ്. എസ്. ആറും. (1917—1939)'' എന്ന ശീർഷകത്തിൽ എ. യുനെൽ എഴുതിയ ലേഖനത്തിന്റെ ഒന്നാം ഭാഗം വിജ്ഞാനപ്രദമായിരുന്നു. കൂടാതെ ''അഹങ്കാരിയായ പണ്ഡിതനും തോണിക്കാരനും'' എന്ന ചെറുകഥയും ഹൃദ്യമായി.

വി. സി. ബാബു,
ഉള്ളിയേരി.

സോവിയറ്റ് നാടു്

(സോവിയറ്റ്—ഇന്ത്യൻ സൌഹൃദത്തിന്റെ ദൈവാര പത്രിക

വാള്യം 31 ലക്കം 1

ജനുവരി 1986

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുഗു, കന്നഡ, പഞ്ചാബി, ഉറുദു, ബംഗാളി, മറാഠി, ഗുജറാത്തി, ഒറിയ, ആസ്സാമി എന്നീ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന സചിത്ര ദൈവാരിക

എഡിറ്റർ:
എൽ. എ. അബ്രാമോവ്

മാനേജിങ്ങ് എഡിറ്റർ:
വി. എൻ. മെർകുലോവ്

ജോയൻറ് എഡിറ്റർ:
വി. വിജയഭാസ്കരൻ

അസി: എഡിറ്റർ:
ഐ. എസ്. നമ്പൂതിരി

ആർട്ടിസ്റ്റ്:
എ. എം. ദിയാക്കോവ്

മുഖചിത്രം

സമാധാനവർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന 1986—ന്നായി സമർപ്പണം ചെയ്യപ്പെട്ടതാണ് ഒരു സംഘം സോവിയറ്റ് കലാകാരർ തയ്യാറാക്കിയ ഈ പോസ്റ്ററർ

ഫോട്ടോ: എ. പി. എൻ.

ലേ ഔട്ട്:
എം. കോസ്ലോവ് സ്സ്കായ


ഇന്ത്യയിലെ സോവിയറ്റ് എംബസിയുടെ വാർത്താവിതരണവകുപ്പിനുവേണ്ടി വൈ. എൽ. ഫ്രൂലോവ്, പ്രസാദ് പ്രോസസ് പ്രൈവറ്റ് ലിമിറ്റഡിൽ (മദിരാശി—600 026) അച്ചടിപ്പിച്ചു്, സോവിയറ്റ് നാടു് ആപ്പീസിൽ (115, ത്യാഗരായ റോഡ്, മദിരാശി—600 017) നിന്നു് പ്രസിദ്ധപ്പെടുത്തുന്നതു്.


SOVIET NADU
No. 1, 1986.


ചിരുങ്ങാൻകാലം ലേവനങ്ങൾക്കും മനോഹരി പ്രസ്സ് ഏജൻസിക്ക് കടപ്പാട് രേഖപ്പെടുത്തുന്നു

ഇന്നു റോബോട്ടുകൾ മനുഷ്യനെ വളരെയേറെ സഹായിക്കുന്നു

വലത്തേയറ്റം: റോബോട്ടുകൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഷോപ്പ്








ഇന്നു വ്യവസായത്തിൽ റോബോട്ടുകൾ (യന്ത്രമനുഷ്യർ) വിപുലമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒരു റോബോട്ടുനിർമ്മാണപ്ലാന്റിലെ ഉൽപ്പന്നങ്ങളാണ് ചിത്രത്തിൽ

റോബോട്ടിന്റെ സഹായഹസ്തം

യന്ത്രമനുഷ്യൻ (റോബോട്ട്) നാനാതുറകളിൽ വൈദഗ്ദ്ധ്യമാർജ്ജിച്ച ഒരു ഉൽപ്പാദനത്തൊഴിലാളിയാണ്. സോവിയറ്റ് യൂണിയനാകട്ടെ. പ്രതിമാസം ഒരായിരം യന്ത്രമനുഷ്യരെ നിർമ്മിക്കുന്നുമുണ്ട്. 'സോവിയറ്റ് നാട്' ലേഖകൻ സെർഗേയ് അബ്രാമോവ്, സോവിയറ്റ് ശാസ്ത്ര അക്കാദമിയുടെ യന്ത്രശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ അക്കാദമിഷ്യൻ കൊൺസ്താന്തിൻ ഫ്രലോവുമായി, റോബോട്ടിക്സ് വികസനത്തിന്റെ പ്രശ്നങ്ങളെപ്പറ്റി അഭിമുഖസംഭാഷണം നടത്തി.


ഫോട്ടോകൾ:
എസ്. വെത്രോവ്





←റോബോട്ടുകൾ നിർമ്മിക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്ന പുതിയ വിദഗ്ദ്ധത്തൊഴിലിന്റെ പ്രതിനിധിയായ വലേറി കുസ്നെത്സോവ്

ഇടത്തേയറ്റം: നിയന്ത്രണപാനൽ



യന്ത്രനിർമ്മാണത്തിന്റെ പ്രമുഖ വ്യാവസായിക മണ്ഡലത്തിൽ ഇന്നു നിരീക്ഷിക്കപ്പെടുന്ന മാറ്റങ്ങളും സാധാരണക്കാരന്റെ മനസ്സിനു്, അതിന്റെ അർത്ഥവ്യാപ്തിപൂർണ്ണമായും ഗ്രഹിക്കാൻ ഇനിയും കഴിയാതിരിക്കുമാറു് അത്രയും സുപ്രധാനവും തീവ്രവുമാണെന്നു് എനിയ്ക്കു തോന്നുന്നു. ''പൂർണ്ണമായും യന്ത്രവൽകൃതമായ ഉല്പാദനം'' എന്ന പ്രയോഗം എനിയ്ക്കു വിചിത്രമായിത്തോന്നുന്നു.

റോബോട്ടൈസേഷനും (യന്ത്രമനുഷ്യനെ ഉപയോഗപ്പെടുത്തൽ) നമ്മുടെ നൂറ്റാണ്ടിലെ സാഹിത്യത്തിൽ ധാരാളമായവതരിപ്പിക്കപ്പെട്ടിട്ടുള്ള, അശുഭപ്രതീക്ഷകലർന്ന സാങ്കല്പിക പ്രവചനങ്ങളുമായി എന്തോ ബന്ധമുണ്ടെന്നു കാര്യത്തിൽ ഞാൻ താങ്കളോടു് യോജിക്കുന്നുണ്ടെങ്കിലും, ഇതിൽ ഒട്ടുംതന്നെ വേവലാതിപ്പെടേണ്ടതായിട്ടില്ല. എന്തുകൊണ്ടെന്നാൽ, ഒരു സോഷ്യലിസ്റ്റു സമുദായത്തിൽ അത്തരം സാങ്കേതികവിദ്യ ജനങ്ങളുടെ നന്മയ്ക്കായി ഉദ്ദേശിക്കപ്പെട്ടതാണു്. അതു് മനുഷ്യനെ കായികാദ്ധ്വാനത്തിൽ നിന്നു വിമുക്തനാക്കുകയും, കൂടുതൽ സർ

ഗ്രാത്മകവും സാങ്കേതികമായി സജ്ജീകൃതവും ഉല്പാദനക്ഷമവുമായ പ്രവർത്തനത്തിൽ പങ്കെടുക്കാൻ അയാളെ പ്രാപ്തനാക്കുകയും ചെയ്യുന്നു. സോവിയറ്റ് യൂണിയനിൽ യന്ത്രമനുഷ്യരുടെ വികസനത്തെത്തുടർന്നു്, പാശ്ചാത്യദേശങ്ങളിലെപ്പോലെ തൊഴിലില്ലായ്മ ഉണ്ടാകുകയില്ല.


സാമാന്യവിദ്യാഭ്യാസ വിദ്യാലയങ്ങളിലെ ശിക്ഷണനിലവാരം പര്യാപ്തമാണോ?

സ്കൂളുകൾ ഇന്നു് കംപ്യൂട്ടറുകളുടെ വിപുലമായ ഉപയോഗത്തിൽ അധിഷ്ഠിതമായ പുതിയ സാങ്കേതികവിദ്യയിൽ പരിശീലനം നൽകണം. നമ്മുടെ രാജ്യത്തിൽ സി. പി. എസ്. യു. കേന്ദ്രക്കമ്മിറ്റിയുടെ പൊളിറ്റിക്കൽ ബ്യൂറോ അംഗീകരിച്ച പല നടപടികളും കൈക്കൊള്ളപ്പെട്ടിരിക്കുന്നു. അവയുടെ ലക്ഷ്യം, ജനങ്ങൾക്കു് കംപ്യൂട്ടർശാസ്ത്രത്തെക്കുറിച്ചു് വിശാലമായ വിജ്ഞാനം ഉണ്ടാകുന്നതിനുവേണ്ടുന്നത്ര പുരോഗതി കൈവരുത്തുകയാണു്. വാർത്താവിതരണശാസ്ത്രത്തിന്റെയും കംപ്യൂട്ടർഎഞ്ചിനീയറിങ്ങിന്റെയും മൌലികതത്വങ്ങളെ സംബന്ധിക്കുന്ന പുതിയൊരു വിഷയം ഇക്കൊല്ലം സ്കൂൾകരിക്കുലത്തിൽ നടപ്പിൽവരുത്തിയിട്ടുണ്ടു്. പ്രത്യേക റഫറൻസു പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു; വ്യക്തിഗതകംപ്യൂട്ടറുകളുടെ ഉല്പാദനം വർദ്ധിച്ചുവരികയുമാണു്.

അനതിവിദൂരഭാവിയിൽ, കംപ്യൂട്ടറുകളുമായി ''വാർത്താവിനിമയം'' നടത്താനുള്ള കഴിവു് ഒരു ഉപരിവിദ്യാഭ്യാസസ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിനു വേണ്ട മൌലികോപാധിയായിത്തീരും.

തെറ്റു പറ്റുക എന്നതു മനുഷ്യസഹജമാണല്ലോ. ഒരിക്കലും തെറ്റു പറ്റാത്തതും എപ്പോഴും അനുനവുമായ റോബോട്ടിന്റെ കൂട്ടുകെട്ടിൽ മനുഷ്യൻ സ്വയം നഷ്ടപ്പെട്ടുപോവുക എന്നതു സംഭാവ്യമാണോ?

റോബോട്ടുകൾ ഇപ്പോഴും അനുനങ്ങളല്ല എന്നതു് ഒരു സ്പെഷ്യലിസ്റ്റെന്ന നിലയിൽ എന്നെ വേവലാതിപ്പെടുത്തുന്നുണ്ടു്. നമുക്കു് ഒരു റോബോട്ടിന്റെ മുഖ്യഭാഗമായ പ്രവർത്തനനിർവ്വഹണക്കൈയ്യിനെ (മാനിപ്പുലേറ്റർ ആം) എടുക്കുക. അതിനു സാധാരണയായി അഞ്ചോ ആറോ സ്വാതന്ത്ര്യമാനങ്ങളാണുള്ളതു്. എന്നാൽ, ഞങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു 'മാനിപ്പുലേറ്ററിനു് 18 സ്വാതന്ത്ര്യമാനങ്ങൾ വികസിപ്പിച്ചിട്ടുണ്ടു്. ഇതൊരു റിക്കാർഡാണു്. ഈ ലോകറിക്കാർഡോടുകൂടിയ യന്ത്രവിധാനം സോവിയറ്റ് യൂണിയനിൽ വൻതോതിൽ ഉല്പാദിപ്പിക്കപ്പെടും; ന്യൂക്ലിയർ റിയാക്ടറുകളുടെ പരിപാലനത്തിനും സൂക്ഷ്മോപകരണങ്ങൾ ഘടിപ്പിക്കുന്നതി



സംഖ്യാനിയന്ത്രിത യന്ത്രോപകരണങ്ങൾ കൊണ്ടു് സജ്ജീകരിക്കപ്പെട്ട ഒരു ഷോപ്പു്


ക്രാസ്നി പ്രോലിത്തറി പ്ലാന്റിലെ ഒരു സംഘം വ്യാവസായികഡിസൈനർമാർ

എതിർപേജിൽ:
(വലത്തേയറ്റം) *എഞ്ചിനീയർ ഇഗോർ സൊബൊലോവു് 'എം. 10—പി' റോബോട്ടിനോടൊപ്പം*

(നടുവിൽ) *പ്ലാന്റിന്റെ മുഖ്യ ഡിസൈനർ യൂറി ഷെദ്*

(താഴെ) *മോസ്കോ ക്രാഷ്നി പ്രോലിത്തറി പ്ലാന്റിലെ പാർട്ടി സംഘടനയുടെ സെക്രട്ടറി സെർഗെയ് സെർഗയേവ്*





ന്നും മറ്റാവശ്യങ്ങൾക്കും അതുപയോഗിക്കപ്പെടും. എന്നാൽ, ഈ 'മാനിപ്പുലേറ്ററി'നും 27 സ്വാതന്ത്ര്യമാനങ്ങളുള്ള മനുഷ്യഹസ്തത്തിനും തമ്മിലുള്ള വിടവ് വമ്പിച്ചതാണ്.

റോബോട്ടിക്സിന്റെ മുഖ്യപ്രശ്നം അതിന്റെ താഴ്ന്ന കാര്യക്ഷമതയാണ്. മാനിപ്പുലേറ്ററുകളുടെ കാര്യത്തിൽ ആവിഷ്കരിക്കപ്പെടുന്നതിനേക്കാൾ കുറവാണതു്. അതുകൊണ്ടാണ് അവ ഇപ്പോഴും ഒരുപാടു് ഊർജ്ജം ഉപഭോഗിക്കുന്നതു്.

ഇൻസ്റ്റിറ്റ്യൂട്ടിലെ സ്പെഷ്യലിസ്റ്റുകൾ ഒരു ''ചാക്രികറോബോട്ടി''നെ രൂപകല്പന ചെയ്തിരിക്കുന്നു. ഇതിനു് മാമൂൽ മാതൃകയിലുള്ള ''മാനിപ്പുലേറ്റർ''കളേക്കാൾ പത്തുമടങ്ങു് കുറച്ചേ ഊർജ്ജം ആവശ്യമുള്ളൂ; അതേ സമയത്തു് പല മടങ്ങു് കൂടുതൽ വേഗത്തിൽ അതു് പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ ഇതേവരെയായി അതു് ലോകത്തിലെ ഏക റോബോട്ടാണു്. ഈ റോബോട്ടിന്റെ ഡിസൈൻ, പെൻഡുലം പ്രമാണത്തിലധിഷ്ഠിതമാണു്—ഒരു ചാക്രികസഞ്ചാരവേളയിൽ അതു ഊർജ്ജം ഭദ്രമായി സൂക്ഷിക്കുകയും മറ്റൊന്നിടയിൽ അതു ചിലവഴിക്കുകയും ചെയ്യുന്നു. അത്തരം റോബോട്ടുകൾക്കു ചരക്കുകൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്ന പ്രവർത്തനം മാത്രമേ നിർവ്വഹിക്കാൻ കഴിയൂ. എന്നാൽ വ്യവസായത്തിൽ, 75 ശതമാനത്തോളം പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു് ഏറ്റവും ലളിതമായ മാനിപ്പുലേറ്ററുകളേ ആവശ്യമുള്ളൂ.

ഇതിനേക്കാൾ മികച്ച പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ വ്യാപൃതമായ ''ബുദ്ധികറോബോട്ടി''നെ ഒരു ദൃഷ്ടാന്തം നൽകാമോ?

അത്തരം റോബോട്ടുകൾക്കു് കൃത്യമായ അളവുകൾ ഏല്പിച്ചുകൊടുക്കാവുന്നതാണു്. ഒരു നെയ്ത്തുയന്ത്രം പ്രവർത്തിപ്പിക്കുന്നതിനോ എന്തെങ്കിലും വസ്തു ഉല്പാദിപ്പിക്കുമ്പോൾ അയാൾക്കതിനെ സദാസമയവും അളന്നു നോക്കേണ്ടതുണ്ടു്; ആ വസ്തു എത്രകണ്ടു് കൂടുതൽ പ്രധാനപ്പെട്ടതാണോ അത്രകണ്ടു് കൂടുതൽ സമയം 'സ്ലൈഡ്' കാലിപ്പറുകൾ, മൈക്രോമീറ്ററുകൾ തുടങ്ങിയ ഉപകരണവിധാനങ്ങൾ ഉപയോഗിക്കുവാനായി അയാൾ ചിലവഴിക്കേണ്ടതുണ്ടു്. എന്നാൽ ഉല്പാദനത്തിന്റെ തീവ്രത, അത്തരം പ്രവർത്തനങ്ങൾ കായികമായി നിർവ്വഹിക്കുക അസാദ്ധ്യമായിത്തീരുമാറു് അത്രയും ഉയർന്നതാണു്. എന്താണു് ചെയ്യുക! അളക്കൽപ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന റോബോട്ടുകൾ ആവശ്യമാണു്; അവ ഞങ്ങൾ ഞങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ നിർമ്മിക്കുന്നു. ഈ മണ്ഡലത്തിൽ ഞങ്ങളുടെ അത്യാധുനികമാതൃകകളിലൊന്നു് ഫിൻലണ്ടിലെ ''നോക്കിയ'' എന്ന സ്ഥാപനത്തിനു വമ്പിച്ച താല്പര്യമുണർത്തി. ഇത്തരത്തിലുള്ള വികാസങ്ങൾ ലോഹമ്മേദകയന്ത്രോപകരണങ്ങൾക്കായുള്ള പരീക്ഷണ—ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലും ഉപകരണങ്ങൾക്കും യന്ത്രോപകരണങ്ങൾക്കുമായുള്ള മോസ്കോ ഇൻസ്റ്റിറ്റ്യൂട്ടിലും, റോബോട്ടിക്സിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന മറ്റു ഡസൻകണക്കിൽ സോവിയറ്റ് സ്ഥാപനങ്ങളിലും കാണാൻ കഴിയുന്നതാണു്.

**

മോസ്കോവിലെ സമാധാനത്തപ്പാൽ

—ദ്മിത്രി തുൽച്ചിൻസ്കി

ഫോട്ടോകൾ: എ. ലീസ്കിൻ

സോവിയറ്റ് സമാധാനക്കമ്മിറ്റിയിലൂടെ ലഭിച്ചുവരുന്ന അസംഖ്യം കത്തുകളും സോവിയറ്റു ജനങ്ങളും സമാധാനഫണ്ടിലേയ്ക്കു നൽകിവരുന്ന സംഭാവനകളും, ലോകത്തിന്റെ വിധിയെ സംബന്ധിച്ചേടത്തോളം അവർക്കുള്ള വമ്പിച്ച ശ്രേഷ്കാന്തിയേയും, മനുഷ്യരാശിയെ മറെറാരു യുദ്ധത്തിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമായ സകലതും ചെയ്യുന്നതിനുള്ള രാഷ്ട്രത്തിനുള്ള അദമ്യമായ ഇച്ഛാശക്തിയേയും കാട്ടുന്നു.



സോവിയറ്റ് സമാധാനക മ്മിറ്റിയിലേക്ക് ഒരു മാസത്തിൽ അഞ്ഞൂറു മുതൽ എഴുനൂറുവരെ കത്തുകൾ ലഭിക്കുന്നുണ്ട്—നോട്ടപ്പുസ്തകങ്ങളിൽ നിന്ന് ചീന്തിയ ഷീറ്റുകളിലും പൊതുജനസംഘടനകളുടെ 'ലെറ്റർഹെഡ്ഡു'കളിലും എഴുതപ്പെട്ടവയാണവ. ഉദാഹരണത്തിന്ന് ഈയിടെ വന്ന ഗണ്യമായ ഒരു ഭാഗം കത്തുകൾ മദ്ധ്യേഷ്യയിലെ പെൻസാനീജ്യണിലുള്ള സൊസ്നൊവോബോർസ്ക് പട്ടണത്തിൽ നിന്നുള്ളവയാണ്. ''ഞാൻ സമാധാനത്തിന്നുവേണ്ടി വോട്ടുചെയ്യുന്നു'' എന്ന മുദ്രാവാക്യത്തിൻകീഴിൽ ചേർന്ന യോഗത്തിന്റെ മിനുട്സ് അടങ്ങുന്നതാണവ. 667 പേരുടെ ഒപ്പുകൾ ഉണ്ട് ആ മിനുട്സിൽ. കുട്ടികളും കൌമാരപ്രായക്കാരും വരച്ച ചിത്രങ്ങളുടേയും പോസ്റ്ററുകളുടേയും ആൽബങ്ങളടങ്ങുന്ന പാഴ്സലുകളും വന്നുചേരുന്നുണ്ട്. ചില കത്തുകളിൽ സമാധാനനിധിയിലേയ്ക്കുള്ള സംഭാവനകളും അടങ്ങുന്നുണ്ട്. അദ്ധ്വാനിക്കുന്ന ജനങ്ങൾ തങ്ങളുടെ ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും, വാരാന്ത്യത്തിൽ സ്വമേധയാ ചെയ്ത അധികതരജോലികളിൽനിന്നും ലഭിച്ച സമ്പാദ്യത്തിൽനിന്നും സ്വരൂപിച്ച തുകകളാണിവ.

കത്തിടപാടുകളെക്കുറിച്ചുള്ള ഒരേകദേശരൂപം ലഭിക്കുന്നതിന്നായി ഞാൻ ഒരു ദിവസത്തെ തപ്പാലൊന്ന് ഓടിച്ചുവായിച്ചുനോക്കി. എല്ലാ സാമൂഹ്യവിഭാഗങ്ങളിൽനിന്നും എല്ലാ തലമുറകളിൽപെട്ട ആളുകളിൽനിന്നുമുള്ള കത്തുകളുണ്ടായിരുന്നു. രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുത്ത വീരരിൽ നിന്നുമുണ്ടായിരുന്ന ഒട്ടേറെ കത്തുകൾ. ഇതു തികച്ചും മനസ്സിലാക്കാവുന്നതാണ്: യുദ്ധവും ദു:ഖാർത്തതയും എന്താണെന്നവർക്കറിയാം; അതിനാൽ അവർ സമാധാനത്തെ വളരെയേറെ പരിലാളിക്കുന്നു. ഉറാൽസിലെ പെരമിൽനിന്നു പാവെൽ ഷ്ചെർബാക്കോവയച്ച ഒരു കത്തിതാ:

''മഹത്തായ ദേശാഭിമാനയുദ്ധത്തിന്റെ ആദ്യദിനങ്ങൾ മുതൽ അവസാനംവരെ ഞാൻ അണികളിലുണ്ടായിരുന്നു. നാലു സഹോദരരും ഒരു സഹോദരിയുമടങ്ങുന്ന ഞങ്ങളുടെ കുടുംബത്തിൽ രണ്ടു പേർ പോരാട്ടത്തിൽ കൊല്ലപ്പെട്ടു. യുദ്ധത്തിൽ മുറിവേറ്റ ഒരു സഹോദരൻ ഈയടുത്ത കാലത്താണ് മരിച്ചതു. ഞാൻ യുദ്ധത്തെ ശപിക്കുന്നു; ഞങ്ങൾ അനുഭവിക്കാനിടയായ കഷ്ടപ്പാടുകൾ ഞങ്ങളുടെ മക്കളും പേരമക്കളും ഒരിക്കലും അനുഭവിക്കാനിടയാകരുതെന്ന് ഞാൻ ഹൃദയപൂർവ്വം അഭിലഷിക്കുന്നു.

''1945—ൽ ഞാൻ ജർമ്മൻ സായുധസേനകളെ നിരായുധീകരിക്കുന്നതിന്നുള്ള സഖ്യശക്തികളുടെ ഔദ്യോഗികസംഘത്തിലുണ്ടായിരുന്നു. ജർമ്മനിയുടെ പടിഞ്ഞാറൻ ഭാഗത്തു ഫ്രഞ്ച് സ്പാർഗ്ലിലാണ് ആ സംഘത്തെ നിർത്തിയിരുന്നതു. അമേരിക്കരും ബ്രിട്ടീഷുകാരും റഷ്യക്കാരുമടങ്ങുന്നതായിരുന്നു ആ സംഘം. ഞങ്ങളെല്ലാം തികഞ്ഞ രഞ്ജിപ്പോടെ പ്രവർത്തിച്ചു; ആർക്കും അന്യോന്യം ലവലേശം വിരോധം തോന്നിയിരുന്നില്ല. ഞാൻ നിങ്ങൾക്കയച്ചതരുന്ന ഫോട്ടോ അതിന്റെ മികച്ച തെളിവാണ്. അതിൽ ഷിക്കാഗോവിലെ മാക്കിനോടൊപ്പം എന്നെ കാണാം. ഞങ്ങൾ ശത്രുക്കളല്ല. ഞങ്ങൾ എന്തിനു പരസ്പരം പോരാടണം?''

അതേ ലക്കോട്ടിലെ ഫോട്ടോ, ഉത്സാഹവാനായ ഒരു സോവിയറ്റ് ഓഫീസറേയും അല്പം ഉയരം കുറഞ്ഞ ഒരമേരിക്കൻ നാവികനേയും കാട്ടുന്നു.

ഇതാ മറ്റൊരു കത്തു:


''ജനീവാ സംഭാഷണങ്ങളിലെ അമേരിക്കൻ പ്രതിനിധിസംഘത്തിന്നു്,

''മാന്യരേ,

''നാസിസത്തിന്റെ മേൽ കൈവരിച്ച യശസ്സുരമായ വിജയത്തിന്ന ശേഷം നാല്പതുവർഷങ്ങൾ കടന്നുപോയിരിക്കുന്നു. അതിന്റെ വാർഷികവേളയിൽ, ലോകത്തിലെ രാഷ്ട്രങ്ങൾ സമാധാനത്തിന്നും നീതിയ്ക്കുംവേണ്ടിയുള്ള തങ്ങളുടെ അഗാധമായ അഭിലാഷം പ്രകടിപ്പിക്കുന്നു.

''ആയുധപ്പന്തയം നിർത്തുകയും അതു ബഹിരാകാശത്തേയ്ക്കു പരക്കുന്നതിനെ തടയുകയും ചെയ്ക എന്നതാണ് സോവിയറ്റ്—അമേരിക്കൻ സംഭാഷണങ്ങളുടെ ലക്ഷ്യം. ആയുധപ്പന്തയത്തിന്നു വിരാമമിടാൻ, ആയുധങ്ങളുടെ കുമ്പാരം കൂട്ടുന്നതു കുറച്ചുകൊണ്ടാരംഭിക്കുക! ഒരു ധാരണയിൽ കലാശിക്കുന്നതിന്നു നിങ്ങളുടെ സംഭാഷണങ്ങൾ ഗൌരവാവഹമാകേണ്ടതുണ്ട്.

''മനുഷ്യരാശിയോടു വച്ച ഉത്തരവാദിത്വമാണ് നിങ്ങൾ ഏറ്റെടുത്തിരിക്കുന്നതു. സത്യസന്ധരും ന്യായനിഷ്ഠരുമാവുക; സൌമനസ്യം പ്രദർശിപ്പിക്കുക— സോവിയറ്റ് പ്രതിനിധിസംഘവുമായി നിരായുധീകരണത്തെക്കുറിച്ച് ഒരു യോജിപ്പിലെത്തിച്ചേരാൻ ശ്രമിക്കുക. നമ്മുടെ ഗ്രഹത്തിൽ ജീവിതം നിലനിൽക്കുമെന്നായിരിക്കും അതിന്നർത്ഥം.''



എതിർപേജിൽ: *സോവിയറ്റ് യൂണിയനിലെ ഒരു സമാധാനപ്രകടനം*

വലത്തു് മുകളിൽ നിന്നു് താഴോട്ടു്: *ആയിരമായിരം കത്തുകൾ ലഭിക്കുന്നു*

സമാധാനനിധിയിലേയ്ക്കയച്ചുകിട്ടുന്ന മണിയോർഡറുകൾ.

സമാധാനം കുട്ടികളുടെ ദൃഷ്ടിയിൽ (ഒരു ചിത്രം)

ചേരിചേരാപ്രസ്ഥാനവും ഇന്ത്യാസമുദ്രത്തിലെ സമാധാനമേഖലയും

—വി. വാവിലോവ്—

ഇന്ത്യാസമുദ്രത്തെ ഒരു സമാധാനമേഖലയാക്കി മാറ്റുക എന്നതു് ലോകത്തിന്റെ ഏറ്റവും അടിയന്തിരമായ പ്രശ്നങ്ങളുടെ കൂട്ടത്തിൽ പെടുന്നുണ്ടെന്നു പറയുന്നതു് അതിശയോക്തിയാവില്ല. ഏറ്റവും ജനങ്ങളം തിങ്ങിപ്പാർക്കുന്ന മേഖലയായ അതിലാണു് മനുഷ്യരാശിയുടെ ഏകദേശം മൂന്നിലൊരുഭാഗം നിവസിക്കുന്നതു്. അവിടത്തെ സ്റ്റേറ്റുകളിൽ ബഹുഭൂരിപക്ഷവും വികസ്വരലോകത്തിൽ പെടുന്നവയാണു്. സമാധാനം അവയുടെ വികസനത്തിനു് അത്യന്താപേക്ഷിതമാണു്; എന്തുകൊണ്ടെന്നാൽ, അതില്ലെങ്കിൽ അവ അഭിമുഖീകരിക്കുന്ന ശ്രേക്ഷമായ സാമൂഹ്യ—സാമ്പത്തിക പ്രശ്നങ്ങളം പരിഹൃതമാകാതെ അവശേഷിക്കുകയേയുള്ളു.

സാമ്പത്തികമായും തന്ത്രപരമായും പ്രധാനപ്പെട്ടതാണു് ഇന്ത്യാസമുദ്രം. എണ്ണ, സ്വർണ്ണം, മാംഗനീസു്, തകരം എന്നിവയുടെ സമ്പന്നമായ നിക്ഷേപങ്ങൾക്കു്—അധികവും, സമുദ്രതടത്തിൽ 'കോൺടിനെൻറൽ ഷെൽഫി'ൽ ആണു് ഇവ സ്ഥിതി ചെയ്യുന്നതു്—ശ്രുതിപ്പെട്ടതാണതു്. ഇവയും സമുദ്രഭക്ഷ്യങ്ങളും വികസ്വരരാജ്യങ്ങളുടെ വ്യാവസായിക പുരോഗതിയേയും, അവയുടെ ഭക്ഷ്യപ്രശ്നപരിഹാരത്തേയും വളരെയേറെ ഉത്തേജിപ്പിക്കും. അതിനും പുറമെ, ഇന്ത്യാസമുദ്രം, യൂറോപ്പിനെ കിഴക്കൻ ആഫ്രിക്ക, ഏഷ്യ, ആസ്ത്രേലിയ, ഓഷ്യാനിയ എന്നിവയുമായി ബന്ധിപ്പിക്കുന്ന വിമാനമാർഗ്ഗങ്ങളും കടൽമാർഗ്ഗങ്ങളും നിറഞ്ഞ ലോകസമുദ്രത്തിന്റെ ഒരു ഭാഗമാണു്.

ഇന്ത്യാസമുദ്രത്തിലെ വർദ്ധിച്ചുവരുന്ന സംഘർഷം, ആ മേഖലയുടെ സൈന്യവൽക്കരണത്തിനെതിരായും, അവിടത്തെ സ്റ്റേറ്റുകൾക്കു് ശാശ്വത സമാധാനത്തിനും വിശ്വസനീയമായ ഭദ്രതയ്ക്കും മുന്നുറപ്പു നൽകുന്നതിനുവേണ്ടിയും പോരാടുക എന്നതു് എല്ലാ സമാധാനശക്തികളേയും അഭിമുഖീകരിക്കുന്ന ഒരടിയന്തര കടമയാണെന്നു് തെളിയിച്ചുകാട്ടുന്നു. ഇതിൽ അവിടത്തെ വിദേശസൈനിക സാന്നിദ്ധ്യം മൌലികമായി കുറയ്ക്കലും ആ സമുദ്രതീരത്തല്ലാതുള്ള രാജ്യങ്ങളുടെ എല്ലാ താവളങ്ങളും സൈനിക പ്രതിഷ്ഠാപനങ്ങളും പൊളിച്ചുനീക്കലും ആ മേഖലയിൽ ന്യൂക്ലിയർ ആയുധങ്ങളോ മറ്റു കൂട്ടസംഹാരായുധങ്ങളോ വിന്യസിക്കാതിരിക്കാനുള്ള ബാദ്ധ്യതയും ഉൾക്കൊള്ളണമെന്നു് ചേരിചേരാ രാഷ്ട്രങ്ങൾ പരിഗണിക്കുന്നു. എല്ലാ സ്റ്റേറ്റുകളും സാർവ്വദേശീയ നിയമത്തിന്റെ മൌലിക പ്രമാണങ്ങളും ഉചിതമായ പെരുമാറ്റനിലവാരങ്ങളും പാലിക്കുക എന്നതും ഇന്ത്യാ സമുദ്രത്തെ ഒരു സമാധാനമേഖലയാക്കിമാറ്റുന്നതിനെ സംബന്ധിച്ചേടത്തോളം വമ്പിച്ച പ്രാധാന്യമുള്ളതായിരിക്കും. മേൽ പറഞ്ഞ പെരുമാറ്റനിലവാരങ്ങളിൽ ഇന്ത്യാസമുദ്രമേഖലയിലെ ഏതെങ്കിലും തീരദേശസ്റ്റേറ്റിനേറെയോ ഉൾനാടൻ സ്റ്റേറ്റിനേറെയോ പരമാധികാരത്തിനും അതിർത്തി ഭദ്രതയ്ക്കും സ്വാതന്ത്ര്യത്തിനുമെതിരായി ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ ഉപേക്ഷിക്കലും ഉൾപ്പെടണം. എല്ലാ രാഷ്ട്രങ്ങളുടേയും കപ്പലുകൾക്കു ഇന്ത്യാ സമുദ്രമേഖല ഉപയോഗിക്കാനുള്ള സ്വതന്ത്രവും നിർബ്ബാധവുമായ അവകാശത്തിനു മുന്നുറപ്പു നൽകപ്പെടണം.

ചേരിചേരാ രാജ്യങ്ങൾ ഇന്ത്യാസമുദ്രത്തെ നിസ്സൈന്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള സമരത്തിനു ദർശനീയമായ സംഭാവന നൽകിവരുന്നുണ്ടു്.

ഇന്ത്യാസമുദ്രത്തിൽ ഒരു സമാധാനമേഖല സ്ഥാപിക്കുന്നതിനു വികസ്വരരാജ്യങ്ങൾക്കും വികസിത രാജ്യങ്ങൾക്കുമിടയിലും തീരദേശസ്റ്റേറ്റുകൾക്കും ഉൾനാടൻ സ്റ്റേറ്റുകൾക്കുമിടയിലും ആ സമുദ്രത്തെ ഉപയോഗപ്പെടുത്തുന്ന എല്ലാ രാജ്യങ്ങൾക്കുമിടയിലും സജീവവും സമഗ്രവുമായ സഹകരണം ആവശ്യമാണെന്ന നിഗമനത്തിൽനിന്നാണു് ചേരിചേരാരാജ്യങ്ങൾ മുന്നോട്ടു നീങ്ങുന്നതെന്നു് വിവിധ ചേരിചേരാവേദികളുടെ രേഖകൾ കാട്ടിത്തരുന്നു. ആ മേഖലയിലെ സമാധാനത്തിനും ഭദ്രതയ്ക്കുംവേണ്ടി സജീവമായി പ്രവർത്തിക്കുക എന്നതു് ഐക്യരാഷ്ട്രരക്ഷാസമിതിയിലെ എല്ലാ സ്ഥിരാംഗങ്ങളെ സംബന്ധിച്ചേടത്തോളവും പരമപ്രധാന്യമുള്ളതാണു്.

സോവിയറ്റു യൂണിയനും പ്പെടെയുള്ള സോഷ്യലിസ്റ്റു് രാജ്യങ്ങളും ഇന്ത്യാസമുദ്രത്തെ ഏറ്റവും വേഗത്തിൽ ഒരു സമാധാനമേഖലയാക്കി മാറ്റണമെന്നു് ആവശ്യപ്പെട്ടുവന്നിട്ടുണ്ടു്; ഇപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കയുമാണു്. ഉദാഹരണത്തിനു്, സോവിയറ്റു യൂണിയൻ ഇന്ത്യാസമുദ്രതടത്തിൽ സൈനിക പ്രവർത്തനം പരിമിതപ്പെടുത്തുന്നതു സംബന്ധിച്ച സംഭാഷണങ്ങളും പുനരാരംഭിക്കുവാനുള്ള അതിന്റെ സന്നദ്ധത ഒന്നിലധികം തവണ പ്രഖ്യാപിച്ചിട്ടുണ്ടു്. ആ സംഭാഷണങ്ങളും 1978—ൽ തകർക്കപ്പെട്ടതു് സോവിയറ്റു് യൂണിയന്റെ കുറ്റംകൊണ്ടായിരുന്നില്ല. സോവിയറ്റു് യൂണിയൻ, ഇതര സോഷ്യലിസ്റ്റു രാജ്യങ്ങളെപ്പോലെതന്നെ, ഇന്ത്യാസമുദ്രത്തെ ഒരു സമാധാനമേഖലയാക്കിമാറ്റുന്നതിനെക്കുറിച്ചുള്ള ഒരു സാർവ്വദേശീയ സമ്മേളനം അതിവേഗം വിളിച്ചുകൂട്ടുന്നതിനു മറ്റു തല്പരസ്റ്റേറ്റുകളുമായി യോജിച്ചുകൊണ്ടു് സജീവമായി പ്രവർത്തിക്കുന്നതായിരിക്കും.

സമാധാനത്തിനെതിരായ ശക്തികളുടെ കൊണ്ടുപിടിച്ച ചെറുത്തുനിൽപുണ്ടായിരുന്നാലും ചേരിചേരാസ്റ്റേറ്റുകൾക്കു പ്രസ്തുത സമ്മേളനത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങളിൽ ചില ഫലങ്ങളും കൈവരിക്കാൻ കഴിഞ്ഞിരിക്കുന്നു. അതിന്റെ പ്രാരംഭ അജൻഡ വിശദമായി തയ്യാറാക്കപ്പെട്ടിരിക്കുന്നു; നടപടിക്രമം സംബന്ധിച്ച ചട്ടങ്ങളും അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതു് വിളിച്ചുകൂട്ടുന്നതിൽ അടങ്ങിയിരിക്കുന്ന പ്രശ്നങ്ങളെ പരിഗണിക്കാൻ ഒരു പ്രവർത്തനഗ്രൂപ്പു് ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. വരാനിരിക്കുന്ന സമ്മേളനത്തിന്റെ ഘട്ടങ്ങളെ സംബന്ധിച്ചു്, ഇന്ത്യാസമുദ്രത്തെക്കുറിച്ചുള്ള ഐ. രാ. പ്രത്യേക സമിതിയിലെ അംഗങ്ങളായ വികസ്വരസ്റ്റേറ്റുകളും തയ്യാറാക്കിയിട്ടുള്ള രേഖ അംഗീകരിക്കുകയാണു് ആദ്യത്തെ കടമ എന്നു് ചേരിചേരാരാജ്യങ്ങളിലെ പല രാഷ്ട്രീയ നിരീക്ഷകരും യുക്തിയുക്തമായിത്തന്നെ പറയുന്നു.

ഇന്ത്യാ സമുദ്രത്തെ നിസ്സൈന്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രയാസകരമായ സമരത്തിൽ ചേരിചേരാരാജ്യങ്ങളുടേയും എല്ലാ സമാധാനപ്രേമികളുടേയും ലക്ഷ്യബോധത്തോടുകൂടിയതും സുസ്ഥിരവുമായ നടപടികളും ഉറച്ച സഹകരണവും ഇന്നു് മുമ്പെന്നത്തേക്കാളുമേറെ പ്രധാനപ്പെട്ടതാണു്. കൂട്ടത്തിൽ പറയട്ടെ, ഏഷ്യൻ ഭദ്രതയോടും ഈ ദിശയിൽ ഏഷ്യൻ സ്റ്റേറ്റുകളുടെ പരിശ്രമങ്ങളെ സമാഹരിക്കുന്നതിനുള്ള സാദ്ധ്യതയോടും സമഗ്രമായ ഒരു സമീപനം കൈക്കൊള്ളുന്നതിനുള്ള സോവിയറ്റു നിർദ്ദേശത്തിനു പശ്ചാത്തലം നൽകിയതു് ഇതാണു്. ഇന്ത്യാ റിപ്പബ്ലിക്കു് പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ സോവിയറ്റു് സന്ദർശനവേളയിൽ സി. പി. എസ്. യു. കേന്ദ്രക്കമ്മിറ്റി ജനറൽ സെക്രട്ടറി മിഖയിൽ ഗോർബാച്ചേവാണു് ഈ നിർദ്ദേശം ഉന്നയിച്ചതു്. അങ്ങിനെ ഏഷ്യയിൽ (ഇന്ത്യാ സമുദ്രമേഖലയെപ്പോലെ അത്രയും വിശാലവിസ്തൃതമായ ഒരു പ്രദേശമുൾപ്പെടെ) സൈനികസംഘർഷമോ സംഘർഷശാന്തതയോ എന്ന പ്രശ്നം, സംഘർഷശാന്തതയ്ക്കും സമാധാനത്തിനും അനുകൂലമായി പരിഹരിക്കപ്പെടേണ്ടതാണു്, അതിനു കഴിയുകയും ചെയ്യും.

മനുഷ്യാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സോവിയറ്റുയൂണിയനിൽ

സോവിയറ്റു യൂണിയനും മറ്റു സോഷ്യലിസ്റ്റു സ്റ്റേറ്റുകളും, ഐക്യരാഷ്ട്രചാർട്ടറിന്റെ പ്രമാണങ്ങൾക്കു് കർശനമായും അനുസൃതമായി മനുഷ്യാവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും മണ്ഡലത്തിൽ ഫലപ്രദമായ സർവ്വതോമുഖസഹകരണത്തിനുവേണ്ടി സുസ്ഥിരമായി വാദിച്ചുകൊണ്ടിരിക്കയാണു് എന്നു് സോവിയറ്റു് അഭിഭാഷകസംഘടനയുടെ അദ്ധ്യക്ഷൻ അലെക്സാന്ദർ സുഖറേവ് പ്രസ്താവിച്ചു. ''യഥാർത്ഥസോഷ്യലിസം: ജനാധിപത്യപരമായ മനുഷ്യാവകാശങ്ങളും സാർവ്വദേശീയ സഹകരണവും'' എന്ന വിഷയത്തെ അധികരിച്ചു് മോസ്കോവിൽ സോവിയറ്റുകാരും വിദേശികളുമായ പത്രപ്രതിനിധികളെ അഭിസംബോധനചെയ്കയായിരുന്നു അദ്ദേഹം.

ഓരോ വർഷവും മനുഷ്യാവകാശദിനംകൊണ്ടാടുക തങ്ങളുടെ രാജ്യത്തു് ഒരു പാരമ്പര്യമായിത്തീർന്നിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ഈ പാരമ്പര്യം, ഫാസിസത്തിന്റെ പരാജയത്തിനുശേഷം അംഗീകരിക്കപ്പെട്ട, ഐ.രാ.സംഘടനയുടെ പൊതു പ്രഖ്യാപനത്തിനുള്ള ഒരു പ്രശംസ മാത്രമല്ല; സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവത്തിൽത്തന്നെ, സോഷ്യലിസത്തിന്റെ ചരിത്രപരമായ ദൌത്യത്തിൽത്തന്നെ വേരുന്നിയിട്ടുള്ളതാണതു്.

സോവിയറ്റു യൂണിയൻ നിഷ്കർഷിച്ചതനുസരിച്ചാണു് ഐ.രാ ചാർട്ടറിന്റെ കരടിന്റെ 1–ാം വകുപ്പിൽ ഒരു ഭേദഗതി വരുത്തിയതു് എന്നു് സുഖറേവ് അനുസ്മരിച്ചു. സഹകരണം വളർത്തുകയും, മനുഷ്യാവകാശങ്ങളോടും, വംശം, ലിംഗം, ഭാഷ, മതം എന്നിവയുടെ പരിഗണനയെന്യേ എല്ലാവർക്കുമുള്ള മൌലികസ്വാതന്ത്ര്യങ്ങളോടും ബഹുമാനം വളർത്തുകയും ചെയ്യുക ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യമായി മൻവെയ്ക്കുന്നതാണു് പ്രസ്തുത ഭേദഗതി.

മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള പ്രധാനപ്പെട്ട എല്ലാ സാർവ്വദേശീയക്കരാറുകളിലും സോവിയറ്റു യൂണിയൻ ഒരു പങ്കാളിയാണെന്ന വസ്തുതയിൽ മാത്രമല്ല, സോവിയറ്റു യൂണിയന്റെ മുൻകയ്യോടെയാണു് മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള മറ്റു പല സാർവ്വദേശീയ രേഖകളും അംഗീകരിക്കപ്പെട്ടിട്ടുള്ളതു് എന്ന വസ്തുതയിലും ഞങ്ങൾ അഭിമാനം കൊള്ളുന്നുണ്ടു് എന്നു സുഖറേവ് തുടർന്നുപറഞ്ഞു. കൊളോണിയൽ രാജ്യങ്ങൾക്കും ജനതകൾക്കും സ്വാതന്ത്ര്യം നൽകുന്നതു സംബന്ധിച്ച പ്രഖ്യാപനവും സ്വയംനിർണ്ണയനത്തിനു രാഷ്ട്രങ്ങൾക്കുള്ള അവകാശവും മൌലികമായ സാമൂഹ്യ–സാമ്പത്തികാവകാശങ്ങളും മറ്റു വ്യവസ്ഥകളും സാർവ്വദേശീയകവനൻറുകളിൽ ഉൾപ്പെടുത്തിയതും ഇതിൽ ഉൾപ്പെടുന്നു. അതിനും പുറമെ, ഹെൽസിങ്കി അന്തിമരേഖയുടെ പത്തു പ്രമാണങ്ങളും ഞങ്ങളുടെ രാജ്യത്തിലെ ഭരണഘടനയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതു് അവശ്യം നിയമപരമായി ഏറ്റവും ഉയർന്ന അധികാരശക്തിയണക്കുന്നു.

സോഷ്യലിസം, മുതലാളിത്തം എന്നീ രണ്ടു വ്യവസ്ഥിതികൾ തമ്മിലുള്ള ചരിത്രപരമായ മത്സരത്തിലെ മൌലിക പ്രശ്നങ്ങളിലൊന്നാണു് മനുഷ്യാവകാശങ്ങളുടെ പ്രശ്നം എന്നു് സുഖറേവ് ഊന്നിപ്പറഞ്ഞു. സമൂഹത്തിലെ ജീവിതത്തിന്റെ ഭൌതികവും സാമൂഹ്യ–സാമ്പത്തികവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ ഓരോ മനുഷ്യന്റേയും സർഗ്ഗാത്മകശേഷിസാദ്ധ്യതകളേയും പ്രതിഭാവിലാസങ്ങളേയും നിർബാധമായും സമഗ്രമായും വികസിപ്പിക്കുക എന്ന ലക്ഷ്യത്തിനു എത്രത്തോളം ഉപകരിക്കുന്നു എന്നു് അളക്കപ്പെടുന്നതു്, മനുഷ്യന്റെ വ്യക്തിത്വം എത്രത്തോളം വികസിപ്പിക്കപ്പെടുന്നു എന്നും അവൻ പൂർണ്ണാവകാശങ്ങൾ എത്രത്തോളം അനുഭവിക്കുന്നു എന്നും നോക്കി മാത്രമാണു്.

ഇന്നും, വികസിത സോഷ്യലിസത്തിന്റെ സാഹചര്യങ്ങളിൽപോലും, ഈ പ്രക്രിയ പൂർത്തിയാക്കപ്പെട്ടിരിക്കുന്നതായി ഞങ്ങൾ പരിഗണിക്കുന്നില്ല. നേരേമറിച്ചു് ഇപ്പോൾ രാജ്യത്തൊട്ടുക്കും ചർച്ച ചെയ്യപ്പെട്ടുവരുന്ന സി. പി. എസ്. യു.വിന്റെ പരിപാടിയുടെ പുതിയ പതിപ്പിന്റെ കരടിൽ സോഷ്യലിസ്റ്റു ജനാധിപത്യത്തെ വികസിപ്പിക്കുന്നതിനേറയും, സോവിയറ്റു പൌരരുടെ അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും നിയമപരവും ഭൌതികവുമായ മുന്നുറപ്പുകൾ ശക്തിപ്പെടുത്തുന്നതിനേറയും പ്രശ്നങ്ങൾക്കു് പ്രമുഖമായ ഒരു സ്ഥാനം നൽകുന്നുണ്ടു്. എന്നാൽ, സോവിയറ്റു ജനങ്ങളെ സംബന്ധിച്ചേടത്തോളം ഇപ്പോൾത്തന്നെ ഒരു ജീവിതരീതിയായിത്തീർന്നുകഴിഞ്ഞിട്ടുള്ളതെന്തോ അതു് സോഷ്യലിസത്തിന്റെ ആശയങ്ങളുടേയും അനുഷ്ഠാനത്തിന്റേയും, പാശ്ചാത്യജനാധിപത്യങ്ങളുടെ മേൽ അവകാശപ്പെടുന്ന അവിതർക്കിതമായ ഔൽകൃഷ്ട്യത്തിന്റേയും ചരിത്രപരമായ സമർത്ഥനത്തിന്റെ ശ്രദ്ധേയമായ ഒരു സ്ഥിരീകരണമാണു്.

സോവിയറ്റു യൂണിയനിൽ മുന്നുറപ്പു നൽകപ്പെട്ടിട്ടുള്ള തൊഴിലിനുള്ള അവകാശത്തെ സാമ്പത്തികാവകാശത്തിന്റെ മാത്രമല്ല രാഷ്ട്രീയാവകാശത്തിന്റെയും മുഖ്യോപാധി എന്ന നിലയിൽ ഒരു ഉദാഹരണമായെടുത്തുകാട്ടി സുഖറേവ്. ഈ അവകാശം സോവിയറ്റു യൂണിയന്റെ ഭരണഘടനയിൽ, പ്രതിഷ്ഠിക്കപ്പെടുകയും ദേശീയ സമ്പദ്ഘടനയുടെ ആസൂത്രിത വികസനത്താൽ അതിനുറപ്പു നൽകപ്പെടുകയും ചെയ്തിട്ടുണ്ടു്.

സോവിയറ്റു യൂണിയനിലെ അവസാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്, അതിന്റെ ആവശ്യമില്ലാതായിക്കഴിഞ്ഞതുകൊണ്ടു് 1930–ൽത്തന്നെ അടച്ചുപൂട്ടിയിട്ടതിനാൽ ''തൊഴിലില്ലായ്മ'' എന്ന പദംതന്നെ രാജ്യത്തിൽ പൊതുവുപയോഗത്തിൽ നിന്നു് എന്നോ തിരോധാനം ചെയ്തിരിക്കുന്നു.

ഇതിനു കടകവിരുദ്ധമായി, വികസിത മുതലാളിത്ത രാജ്യങ്ങളിൽ, അവയുടെ സമ്പദ്ഘടനകളിൽ ചില ഉൽഗതിയുണ്ടായ കാലത്തുപോലും 3 കോടിയിൽപരം തൊഴിൽരഹിതരുണ്ടു്. ''സ്വതന്ത്രസംരംഭസമൂഹായ''ത്തിൽ ജനാധിപത്യം ഫാക്ടറിഗേറ്റുകളിൽ അവസാനിക്കുന്നതായിത്തോന്നുന്നു. അതുകൊണ്ടാണു്, ആ സമൂഹായത്തെ, അതിലെ പൌരർക്കു സ്വന്തമായ അദ്ധ്വാനംകൊണ്ടു് ഒരു ഉപജീവനമാർഗ്ഗം സമ്പാദിക്കാനുള്ള അവസരം നിഷേധിക്കുകയും തദ്വാരാ ലക്ഷോപലക്ഷം ആളുകളെ ദുരിതപൂർണ്ണമായ ഒരു ജീവിതത്തിലേയ്ക്കു തള്ളിവിടുകയും ചെയ്യുന്ന ഒരു സ്റ്റേററിനെ, സ്വതന്ത്രമോ ജനാധിപത്യപരമോ ആയി പരിഗണിക്കാൻ നിവൃത്തിയില്ലെന്നു് ഞങ്ങൾക്കു് അഗാധമാംവിധം ബോദ്ധ്യമായിരിക്കുന്നതു്.

സോവിയറ്റു യൂണിയനിൽ ആരോഗ്യപരിരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പാർപ്പിടത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനുമുള്ള അവകാശങ്ങളും സാർവ്വത്രികവും യഥാർത്ഥവുമാണു്. 1985–ൽ സാമൂഹ്യ സുരക്ഷിതത്വത്തിനുവേണ്ടി ചിലവഴിക്കപ്പെട്ടതുക 5800 കോടി റൂബിളായിരുന്നു എന്നു് പറഞ്ഞാൽ മതിയല്ലോ.

സോവിയറ്റു യൂണിയനിൽ ഭവനസൌകര്യത്തിനുള്ള അവകാശം പ്രയോഗത്തിൽ നടത്തപ്പിലാക്കപ്പെട്ടവരുന്നതെങ്ങിനെയെന്നു് വിവരിച്ചുകൊണ്ടു് 1984-ൽ മാത്രം പുതുതായി 20–ലക്ഷത്തോളം ഫ്ളാറ്റുകളും നിർമ്മിക്കപ്പെടുകയുണ്ടായി എന്നു് സുഖറേവ് പറഞ്ഞു. വാടകയെസ്സംബന്ധിച്ചേടത്തോളമാണെങ്കിൽ സോവിയറ്റു യൂണിയനിൽ അതു് 1928 മുതൽ യാതൊരു മാറ്റവുമില്ലാതെ നിലനിന്നിട്ടുണ്ടു്; ഇന്നു്, അതു് ഒരു ശരാശരി കുടുംബത്തിന്റെ ബജറ്റിന്റെ മൂന്നു ശതമാനത്തിൽ കവിയുകയില്ല.

അതേ സമയത്തു്, മുതലാളിത്തലോകത്തിൽ ശ്രുക്ഷമായ ഭവനക്കുഴപ്പമാണു്. പാർപ്പിടങ്ങളും പാർപ്പിടബ്ലോക്കുകളുകെത്തന്നെയും ഒഴിഞ്ഞുകിടക്കുമ്പോഴും അവിടെ ലക്ഷക്കണക്കിലാളുകൾക്കു് ചേരികളിൽ താമസിക്കേണ്ടിവരുന്നു; പലർക്കും തലചായ്ക്കാൻ ഒരിടംപോലുമില്ല. ഇതിനുള്ള കാരണങ്ങളിൽ ചിലതു് സാമൂഹ്യാവശ്യങ്ങൾക്കായുള്ള ചിലവുകൾ വെട്ടിക്കുറച്ചതും താങ്ങാനാവാത്ത വാടകയുമാണു് എന്നു് സുഖറേവ് പറഞ്ഞു. ഉദാഹരണത്തിനു്, അമേരിക്കയിൽ വീട്ടുവാടക ഒരാളുടെ വേതനത്തിന്റെ 26 ശതമാനവും, പശ്ചിമജർമ്മനിയിൽ 25 ശതമാനവും ജപ്പാനിൽ 40 മുതൽ 60 വരെ ശതമാനവും വരുന്നു.

സോവിയറ്റു പൌരരുടെ സാമൂഹ്യ–സാമ്പത്തികാവകാശങ്ങൾ സോവിയറ്റു ജനങ്ങളുടെ അതിപ്രധാനാവകാശങ്ങളിലൊന്നുമായി, അതായതു്, സ്റ്റേററിനേറയും സമുദായത്തിനേറയും കാര്യങ്ങൾ നോക്കി നടത്തുന്നതിൽ പങ്കെടുക്കാനുള്ള അവകാശം നടപ്പിലാക്കുന്നതിനുവേണ്ട അനുകൂല സാഹചര്യങ്ങളുടെ സൃഷ്ടിയുമായി രഞ്ജകമാംവിധം കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു എന്നു സുഖറേവ് ഊന്നിപ്പറഞ്ഞു. ഇപ്പോഴത്തെ യു. എസ്. എസ്. ആർ. സുപ്രീം സോവിയററിലെ 1500 അംഗങ്ങളിൽ 527 തൊഴിലാളികളും 247 കർഷകരും ഉൾപ്പെടുന്നുവെന്നും, ഈ രണ്ടു വിഭാഗങ്ങളും ചേർന്നു് സ്റ്റേററധികാരത്തിന്റെ പരമോന്നതഘടകത്തിൽ കേവലഭൂരിപക്ഷം വരുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യജോലിയ്ക്ക് തുല്യവേതനം എന്ന പ്രമാണം സോവിയറ്റ് യൂണിയനിൽ സുസ്ഥിരമായി നടപ്പിലാക്കപ്പെട്ടവരുന്നുണ്ട്. മുതലാളിത്തലോകത്തിലെ പല രാജ്യങ്ങളിലെയും നിയമത്തിൽ ഈ പ്രമാണം ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നതു നേരാണ്; എന്നാൽ അവയിൽ പലതിലും അതു പ്രയോഗത്തിൽ നടപ്പിലാക്കപ്പെട്ടവരുന്നില്ല. തൽഫലമായി, അന്താരാഷ്ട്രതൊഴിൽസംഘടന (ഐ. എൽ. ഒ.) യുടെ സ്ഥിതി വിവരക്കണക്കുകളനുസരിച്ച്, സ്ത്രീകൾക്കു ലഭിക്കുന്ന വേതനം അതേ തരത്തിലുള്ള ജോലിയ്ക്കു പുരുഷന്മാർക്കു ലഭിക്കുന്ന വേതനത്തെ അപേക്ഷിച്ച് അമേരിക്കയിൽ 66 ശതമാനവും, ബ്രിട്ടനിൽ 68.8 ശതമാനവും ഫ്രാൻസിൽ 78.1 ശതമാനവും ഫെഡറൽ ജർമ്മൻ റിപ്പബ്ലിക്കിൽ 73.1 ശതമാനവും ജപ്പാനിൽ 43.4 ശതമാനം മാത്രവുമാണ്. സ്ത്രീകളെ നിയമേന അവസാനമായേ ജോലിയ്ക്കെടുക്കൂ; പിരിച്ചുവിടപ്പെടുന്നതാകട്ടെ ആദ്യം സ്ത്രീകളായിരിക്കുകയും ചെയ്യും.

സോവിയറ്റു ജനങ്ങളുടെ മറ്റു രാഷ്ട്രീയ—പൌരാവകാശങ്ങൾക്കുറപ്പുവരുത്തുന്നതിനും സോവിയറ്റു യൂണിയനിൽ അതുപോലുള്ള പ്രാധാന്യം കല്പിക്കപ്പെടുന്നുണ്ട്. സർവ്വോപരി, സാമ്പത്തിക—രാഷ്ട്രീയ—സാംസ്കാരിക ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും യു. എസ്. എസ്. ആർ. പൌരരുടെ സമത്വമെന്ന, അവരുടെ പശ്ചാത്തലം, ലിംഗഭേദം, വിദ്യാഭ്യാസം, ഭാഷ, മതത്തോടുള്ള നിലപാട്, തൊഴിലിന്റെ തരവും സ്വഭാവവും, താമസസ്ഥലം എന്നിവയുടെ പരിഗണനയെന്യ നിയമത്തിന്റേയും നീതിയുടേയും മണ്ഡലത്തിൽ അവരുടെ സമത്വമെന്ന, ഭരണഘടനാപ്രമാണത്തിന്നുറപ്പുവരുത്തലാണിതു്.

സ്ത്രീകളുടേയും പുരുഷന്മാരുടേയും പരിപൂർണ്ണസമത്വത്തിനു് സോവിയറ്റ് സ്റ്റേറ്റു് നിലവിൽവന്ന ആദ്യത്തെ നാളുകൾ മുതൽക്കുതന്നെ നിയമപരമായ മുന്നുറപ്പു നൽകപ്പെടുകയുണ്ടായി. സോവിയറ്റു യൂണിയനിൽ, ഉപരിവിദ്യാഭ്യാസമോ സെക്കൻഡറിവിദ്യാഭ്യാസമോ ലഭിച്ചവരും ദേശീയ സമ്പദ്ഘടനയിൽ തൊഴിൽനിയമനം ലഭിച്ചവരുമായവരുടെ കൂട്ടത്തിൽ സ്ത്രീകൾ 59 ശതമാനം വരുന്നുണ്ട്. പൊതുജനാരോഗ്യസർവ്വീസുകളിൽ അവർ ആ മണ്ഡലത്തിൽ തൊഴിലിലേർപ്പെട്ട എല്ലാ ആളുകളുടേയും 85 ശതമാനം വരുന്നുണ്ട്. (സോവിയറ്റ് യൂണിയനിൽ അമേരിക്കയിലേതിനേക്കാൾ 20 മടങ്ങു കൂടുതൽ വനിതാഭിഷഗ്വരരുണ്ട്. സോവിയറ്റു് എഞ്ചിനീയർമാരിൽ മൂന്നിലൊരുഭാഗം പേർ സ്ത്രീകളാണ്. അമേരിക്കയിൽ എഞ്ചിനീയർമാരിൽ 1.3 ശതമാനം പേർ മാത്രമാണ് സ്ത്രീകൾ; ബ്രിട്ടനിലാകട്ടെ 1.2 ശതമാനവും).

സോവിയറ്റു യൂണിയനും മറ്റു സോഷ്യലിസ്റ്റു രാജ്യങ്ങളും മനുഷ്യാവകാശങ്ങളുടെ മണ്ഡലത്തിൽ ഫലപ്രദമായ സാർവ്വദേശീയ സഹകരണത്തിന്നനുകൂലമായി, സുസ്ഥിരമായി മുന്നോട്ടവരുന്നു എന്നു് സുഖദേവു് ഉപസംഹാരമായി പറഞ്ഞു. ഈ പ്രശ്നത്തെ ഊഹാപോഹങ്ങളിൽനിന്നും വഞ്ചനയിൽനിന്നും സ്വതന്ത്രമാക്കണമെന്നതു്, മറ്റു രാജ്യങ്ങളുടെ അഭ്യന്തരകാര്യങ്ങളിൽ കൈകടത്താനുള്ള പരിശ്രമങ്ങളിൽനിന്നു മുക്തമാക്കണമെന്നതു്, ആവശ്യം മാത്രമാണ്.

ഇന്നു് മനുഷ്യാവകാശങ്ങൾക്കുറപ്പുവരുത്തുന്ന പ്രശ്നത്തെ സാർവ്വദേശീയ ഭദ്രതയിൽനിന്നൊറ്റപ്പെടുത്തിക്കൊണ്ടു്, ജനതകളുടെ പരമാധികാരത്തോടുള്ള കർശനമായ ബഹുമാനത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ ന്യായവും ജീവൽപ്രധാനവുമായ അവകാശങ്ങളുടെ സാക്ഷാൽക്കരണത്തിൽനിന്നൊറ്റപ്പെടുത്തിക്കൊണ്ടു് വീക്ഷിക്കുക സാദ്ധ്യമല്ല.

സമാധാനത്തിന്നുള്ള അവകാശത്തിന്നുറപ്പുവരുത്തൽ ലോകവ്യാപകമായ തോതിൽ പരമപ്രാധാന്യമർഹിച്ചിരിക്കുന്നു. ഒരു ന്യൂക്ലിയർ അഭിമുഖീകരണത്തിന്റെ സാഹചര്യങ്ങളിൽ സമാധാനത്തിന്നുള്ള അവകാശം എന്നുവെച്ചാൽ മനുഷ്യരാശിയുടെ നിലനില്പിനെത്തന്നെ നിലനിർത്താനുള്ള അവകാശം എന്നർത്ഥമാണ്. ജനീവയിലെ സോവിയറ്റു—അമേരിക്കൻ ഉന്നതതല സംഭാഷണങ്ങളുടെ ഫലമായി, വിധായകമായ ഒരു സംവാദത്തിന്റെ ദിശയിൽ പ്രധാനപ്പെട്ട ഒരു തുടക്കം നടത്തിയിരിക്കുന്നു; ഈ സംവാദത്തിന്നു്, സംഘർഷത്തിൽനിന്നും വിവേകശൂന്യവും ആപൽക്കരവുമായ ആയുധപ്പന്തയത്തിൽനിന്നും ഫലപൂർണ്ണസഹകരണത്തിലേയ്ക്കുള്ള ഒരു തിരിവിനുവേണ്ട പ്രാരംഭബിന്ദുവായിത്തീരാൻ കഴിയുന്നതാണ്. ഈ അവസരത്തെ നഷ്ടപ്പെടുത്താതിരിക്കുകയും പരസ്പരധാരണയ്ക്കുറപ്പുവരുത്താനും, ഇന്നത്തേയും, ഭാവിയിലേയും തലമുറകൾക്കു സമാധാനപൂർണ്ണമായ ഒരു ജീവിതത്തിന്നു മുന്നുറപ്പു നൽകുമാറു് ജനതകളെ കൂടുതൽ അടുപ്പിച്ചുകൊണ്ടു വരാനും എല്ലാവിധ പരിശ്രമങ്ങളും നടത്തുകയും ചെയ്യുക എന്നതു് ലോകപൊതുജനങ്ങളുടെ കടമയാണ്.

**

''ലോഹകർമ്മത്തിലും രാസവ്യവസായത്തിലും ഘടനാസാമഗ്രികളും ഉല്പാദിപ്പിക്കുന്ന. ഘനവ്യവസായത്തിന്റെ ഇതരശാഖകളിലും ഗുണാത്മകമായ ഒരു മാറ്റം വരുത്തുകയും, അവയുടെ ശേഷിസാദ്ധ്യതയെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു; അവയുടെ വ്യാപ്തി വിപുലപ്പെടുത്തുകയും സാമഗ്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും, പുതിയവയും ഏറ്റവും ചിലവു ചുരുങ്ങിയവയും പരോഗമനപരവുമായ ഇനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.''

—*സി. പി. എസ്. യു. വിന്റെ കരടുപരിപാടിയിൽനിന്ന്*

മോസ്കോവിലെ സെർപ്—ഇ—മൊളോത്ത് ലോഹകർമ്മശാല സോവിയറ്റു യൂണിയനിലെ ഏറ്റവും മികച്ച വ്യവസായ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ പെടുന്നു. അതിന്നു 100 കൊല്ലത്തിലധികകാലത്തെ മഹനീയമായ ഒരു ചരിത്രമുണ്ട്. അവിടത്തെ ജീവനക്കാർ തങ്ങളുടെ തൊഴിൽ വിഹിതങ്ങം യഥാസമയം പൂർത്തീകരിക്കുകയും അതിപൂർത്തീകരിക്കുകയും ചെയ്യുന്നു. വികസിതമായ സാങ്കേതിക നിലവാരത്തിന്റെയും, ശാസ്ത്രീയമായ അദ്ധ്വാനസംഘാടനത്തിന്റെയും, അവരുടെ ഉയർന്ന തൊഴിൽവൈദഗ്ദ്ധ്യത്തിന്റേയും ഫലമായിട്ടാണ് ഇതു് സാധിക്കുന്നതു്.

ഇന്നു് ഈ സ്ഥാപനം തകിടുപ്പന്നങ്ങളും കൊതയോടുകൂടിയ ലോഹവും തുരുമ്പുപിടിക്കാത്ത ഉരുക്കുപട്ടകളും മികച്ച ഉരുക്കു വാർപ്പുകളും എന്നിവയും ഉപഭോഗസാധനങ്ങളും ഉല്പാദിപ്പിക്കുന്നു. അതു് സ്വന്തം ഉല്പന്നങ്ങളും സോവിയറ്റ് സമ്പദ്വ്യവസ്ഥയുടെ എല്ലാ ശാഖകൾക്കും സപ്ലൈ ചെയ്യുകയും, ഇന്ത്യയുൾപ്പെടെയുള്ള പല രാജ്യങ്ങളിലേയ്ക്കും കയറ്റിയയയ്ക്കുകയും ചെയ്യുന്നു.

ഉല്പാദനം നിർത്തിവെക്കാതെതന്നെ ഈ ലോഹകർമ്മശാലയുടെ ആധുനികീകരണം നടത്തിവരുകയാണ്—അതിന്റെ വികസനത്തിലെ മറ്റൊരു ഘട്ടമാണിതു്.

സോവിയറ്റ് ലോഹോല്പാദനത്തിന്റെ ഇന്നത്തെ നിലവാരം പുതിയൊരു പ്രവർത്തനവിഭാഗമായ റോളിങ്ങ് ഷോപ്പിൽ സ്പഷ്ടമായി കാണാവുന്നതാണ്. 500 മീറ്ററിലധികം ദൈർഘ്യമുള്ള ഈ ഷോപ്പ് വാതാനുകൂലനം ചെയ്യപ്പെട്ടതും നല്ല വെളിച്ചമുള്ളതുമാണ്. മുമ്പ് ലോഹത്തൊഴിലാളികൾ കഠിനമായി കായികാദ്ധ്വാനം ചെയ്യേണ്ടിവന്ന ഉല്പാദന പ്രക്രിയകൾ സ്വയം പ്രവർത്തനക്ഷമങ്ങളാക്കപ്പെട്ടിരിക്കുന്നു.


സെർപ്—ഇ—മൊളോത്തിലെ പ്രവർത്തകർ കഴിഞ്ഞ ഏതാനും മാസങ്ങളായി, സോവിയറ്റു ലോഹവ്യവസായത്തിന്നുള്ള സി. പി. എസ്. യു.വിന്റെ പുതിയ കരടു പരിപാടിയെപ്പറ്റി ചർച്ച ചെയ്തുവരികയായിരുന്നു. ഈയിടെ *സോവിയറ്റ് നാടി*ന്റെ ഒരു ലേഖകൻ, പുതിയ റോളിങ്ങ് ഷോപ്പിലെ എഞ്ചിനീയർമാരുമായും തൊഴിലാളികളുമായും അഭിമുഖസംഭാഷണം നടത്തുകയുണ്ടായി.

കൂലെക്സാന്ദർ അന്തോണോവ്, മെറ്റൽ ഫിനിഷിങ്ങ് വിഭാഗത്തിലെ ഒരു ടീം നേതാവും അവിടത്തെ ട്രേഡ്യൂണിയൻ കമ്മിറ്റിയുടെ ചെയർമാനുമാണ്. സോവിയറ്റ്-ഇന്ത്യൻ സൌഹൃദസമിതിയുടെ തദ്ദേശഘടകത്തിന്റെ തലവൻ കൂടിയാണദ്ദേഹം. കൂട്ടത്തിൽ പറയട്ടെ, സെർപ്—ഇ—മൊളോത്ത് പ്ലാൻറിൽ പറയട്ടെ, സെർപ്—ഇ—മൊളോത്ത് പ്ലാൻറിലെ റോളിങ്ങ്ഷോപ്പ്, സോവിയറ്റ് ഇന്ത്യൻ സൌഹൃദസമിതിയുടെ ഏറ്റവും വലിയ തദ്ദേശീയ ഘടകങ്ങളിലൊന്നിനെ പ്രതിനിധാനം ചെയ്യുന്നു.

അലെക്സാന്ദർ അന്തോണോവ് ഇങ്ങിനെ പറഞ്ഞു:

''ഞങ്ങൾക്കു് വ്യത്യസ്തമായ ഒരു കടമ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഞങ്ങൾക്കു് ഞങ്ങളുടെ സ്ഥാപനത്തെ വിപുലപ്പെടുത്താൻ സ്ഥലമില്ല. ഉല്പാദനം നിർത്താനും കഴിയുകയില്ല. ഇതിനുപുറമെ, പരിസ്ഥിതി പരിരക്ഷണത്തിന്റെ മാനകങ്ങളും കർശനമായി അനുസരിക്കേണ്ടതുണ്ട്—ഇതു് കൂടുതൽ പ്രയാസകരമായിത്തീർന്നിട്ടുണ്ട്. കുറെ കാര്യങ്ങളും ഇതിനകം ചെയ്തു കഴിഞ്ഞിരിക്കുന്നു. ചില ഷോപ്പുകളും പൂർണ്ണമായി ആധുനികീകരിക്കപ്പെട്ടിരിക്കുന്നു. തുരുമ്പുപിടിക്കാത്ത ഉരുക്കുപട്ട ഉല്പാദിപ്പിക്കുന്ന ഷോപ്പും കോംമ്പ്രോളിങ്ങ് ഷോപ്പും ഇവയുടെ കൂട്ടത്തിൽ പെടുന്നു. ഞങ്ങളുടെ ഷോപ്പും പുതിയൊരു രീതിയിലാണ് പ്രവർത്തിക്കുന്നതു്. ഇപ്പോഴതു്, കൂട്ടലോഹങ്ങളും, തുരുമ്പുപിടിക്കാത്ത ഉരുക്കു്, ചൂടിനെ ചെറുക്കാൻ ശേഷിയുള്ള ഉരുക്കു് എന്നിങ്ങിനെയുള്ള പ്രത്യേക ലോഹങ്ങളും പതപ്പെടുത്തുവാൻ കഴിവുള്ള, ഉന്നതശേഷിയോടുകൂടിയ ഘടകങ്ങളുംകൊണ്ടു് സജ്ജീകരിക്കപ്പെ

ലോഹത്തൊഴിലാളികൾ സി. പി. എസ്. യു.വിന്റെ കരട്‌രേഖകളെപ്പറ്റി ചർച്ച ചെയ്യുന്നു





↑ സോവിയറ്റ്—ഇന്ത്യൻ സൌഹൃദ സംഘത്തിന്റെ പ്രാദേശിക ഘടകത്തിന്റെ ചെയർമാൻ അലെക്സാന്ദർ അന്തൊണോവ്

←സെർപ്പ്-ഇ-മൊളോത്ത് വർക്സിലെ തൊഴിലാളികൾ സി. പി. എസ്. യു. പരിപാടിയുടെ പുതിയ കരടിനെ പ്പറ്റി ചർച്ച ചെയ്യുന്നു

ട്ടിരിക്കുന്നു. ഞങ്ങളുടെ ഷോപ്പിന്റെ ആധുനികീകരണം അത്ര എളുപ്പമുള്ള ഒരു പണിയായിരുന്നില്ല. എങ്കിലും, നിർമ്മാണവും പ്രതിഷ്ഠാപനവും ഒരേയവസരത്തിൽ നിർവ്വഹിക്കുവാനും, നിർദ്ദിഷ്ട കാലത്തിനു മുമ്പ് പണി പൂർത്തിയാക്കുവാനും, നിർമ്മാതാക്കൾക്കു കഴിഞ്ഞു. അവർ ആയിരക്കണക്കിൽ ടൺ ഭാരമുള്ള, അതീവ സൂക്ഷ്മസങ്കീർണ്ണങ്ങളായ സാമഗ്രികളും ഘടനകളും പ്രതിഷ്ഠാപിക്കുകയും, വിവിധ വ്യാസങ്ങളും ഡസൻകണക്കിനു കിലോമീറ്റർ ദൈർഘ്യവുമുള്ള കുഴലുകൾ സ്ഥാപിക്കുകയും ചെയ്തു.

''പുതിയ സാമഗ്രികളുടെ ഫലമായി കൂടുതൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ ഞങ്ങൾക്കു കഴിയുന്നു. ഉല്പാദനത്തിന്റെ ഗുണവിശേഷത്തെ മേൽനോട്ടം ചെയ്യുവാനുള്ള നിയന്ത്രണവിധാനം നിരന്തരം മെച്ചപ്പെടുത്തപ്പെട്ടുവരുന്നു. ഓരോ കൊല്ലവും പുതിയ ഉരുക്കുതരങ്ങൾക്ക്, ഏറ്റവും ഉയർന്ന നിലവാരത്തിനുള്ള യോഗ്യതാസാക്ഷ്യപത്രം ലഭിക്കുന്നു.

''പുനർനിർമ്മാണത്തിന്റെയും ആധുനികീകരണത്തിന്റെയും ഫലമായി സെർപ്-ഇ—മോളോത്ത്, യുവജനങ്ങൾക്ക് കൂടുതൽ ആകർഷകമായി തീർന്നിരിക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കിടയിൽ ധാരാളം യുവാക്കൾ ഇവിടെ വന്ന് ജോലിയ്ക്ക് ചേർന്നിട്ടുണ്ട്. മൊത്തം പ്രവർത്തകരുടെ മൂന്നിലൊരുഭാഗം വരുമവർ.

''പ്രധാനപ്പെട്ട മറെറാരു രേഖ—1986 1990 കാലത്തേയ്ക്കും 2000 മാണ്ടിൽ അവസാനിക്കുന്ന കാലയളവിലേക്കുമുള്ള യു. എസ്. എസ്. ആറിന്റെ സാമ്പത്തിക-സാമൂഹ്യവികസനത്തിനുള്ള മർഗ്ഗരേഖകൾ—ഞങ്ങളുടെ ഷോപ്പിലെ എഞ്ചിനീയർമാരുടെയും തൊഴിലാളികളുടേയും ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്. സോവിയറ്റ് യൂണിയനിലെ ലോഹത്തൊഴിലാളികൾ, പണിക്കുറതീർന്ന ഉല്പന്നങ്ങളുടെ ഉല്പാദനം 1990-ാമാണ്ടിൽ 1160—1190 ലക്ഷം മെടിക്ടണ്ണിലെത്തിക്കുവാനും, ലോഹത്തകിടിന്റെ ഉല്പാദനം കുറഞ്ഞപക്ഷം 500 ലക്ഷം ടണ്ണിലെത്തിക്കുവാനും, കീഴ്ത്തരം ക്ലൂട്ടുരുക്കുതകിടിന്റെ ഉല്പാദനം 200-210 ലക്ഷം ടണ്ണിലെത്തിക്കുവാനും നിശ്ചയിച്ചിരിക്കുകയാണ്.''

അന്തോണോവ് അവസാനമായി ഇങ്ങിനെ പറഞ്ഞു: ''ലോഹോല്പാദനത്തിന്റെ ഉത്തരോത്തരമായ വികസനത്തിനു ഞങ്ങളുടെ ഷോപ്പ് സമുചിതമായ സംഭാവന നൽകുമെന്നാണ് എന്റെ വിശ്വാസം. സോവിയറ്റ് ലോഹകർമ്മത്തൊഴിലാളികളുടെ മുന്നിലുള്ള കടമകൾ നിർവ്വഹിക്കുകയെന്നതു തികച്ചും ഞങ്ങളുടെ കഴിവിലൊതുങ്ങുന്ന കാര്യമാണ്''.

പ്രധാനപ്പെട്ട ഏതു സോവിയറ്റു വ്യവസായസ്ഥാപനത്തിലുമെന്നപോലെ സെർപ്-ഇ—മൊളോത്തിലും, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പല തലമുറകളെ കാണാവുന്നതാണ്. ഇന്ന് തരിതമായ വ്യവസായ വികസനം നടക്കുകയും, പുതിയ തരത്തിലുള്ള ഉല്പാദനവും പുതിയ തൊഴിലാളികളും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നുവെങ്കിലും മിക്ക യുവജനങ്ങളും തങ്ങളുടെ മാതാപിതാക്കളുടെ കാലടികളെ പിന്തുടരുവാനാണ് ഇഷ്ടപ്പെടുന്നത്. റോളിങ്ങ് ഷോപ്പിലെ ഒരു സീനിയർ ഫോർമാനായ മിഖയിൽ ത്കാച്ചേവ് അത്തരത്തിൽ പെട്ട ഒരാളാണ്. മിഖയിലിന്റെ അച്ഛനും അമ്മാവനും ജ്യേഷ്ഠൻ അനത്തോളിയും സെർപ്—ഇ—മൊളോത്തിൽ ജോലി ചെയ്തിരുന്നു. ഇപ്പോഴും മിഖയിലിന്റെ അനുജൻ നിക്കൊളായി ഇവിടെ ഒരു ടേർണറായി ജോലി ചെയ്യുന്നുവരുന്നു. ഈ ഷോപ്പിലെ മികച്ച തൊഴിൽവിദഗ്ദ്ധരിലൊരാളായ അയാൾ തന്റെ സമ്പന്നമായ അനുഭവങ്ങൾ യുവജനങ്ങൾക്ക് പകർന്നു കൊടുക്കുന്നു. ഉല്പാദനരംഗത്തിലെ ഒരു ആശാൻ എന്ന നിലയിൽ മാത്രമല്ല, സോവിയറ്റ്-ഇന്ത്യൻ സൌഹൃദ സമിതിയുടെ തദ്ദേശഘടകത്തിലെ ഒരു സജീവാംഗമെന്ന നിലയിലും മിഖയിൽ ആ വ്യവസായശാലയിൽ പ്രസിദ്ധനാണ്. സമിതിയുടെ പല സംരംഭങ്ങളിലും അദ്ദേഹം പങ്കെടുക്കുന്നു. 1980-ൽ സമിതിയുടെ സജീവ പ്രവർത്തകരടങ്ങിയ ഒരു പ്രതിനിധിസംഘത്തോടൊന്നിച്ച് അദ്ദേഹം ഇന്ത്യ സന്ദർശിച്ചിരുന്നു.

''സി. പി. എസ്. യു. വിന്റെ പുതിയ കരട് പരിപാടി, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യങ്ങളെക്കുറിച്ചുള്ള ഉൽക്കണ്ഠ നിറഞ്ഞതാണെന്നതിൽ, ലോഹത്തൊഴിലാളികളുടെ പരമ്പരയിൽ പെട്ട ഞാൻ അതിയായി സന്തോഷിക്കുന്നു'' എന്ന് മിഖയിൽ ത്കാച്ചേവ് *സോവിയറ്റ് നാട്* ലേഖകനോട് പറഞ്ഞു. ആയാസകരമായ കായികാദ്ധ്വാനം നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്നു, ഭാവിയെ മുന്നിൽകണ്ടുകൊണ്ട് അദ്ദേഹം അഭിപ്രായപ്പെട്ടു: ''ഘനവ്യവസായത്തിൽ പണിയെടുക്കുന്ന ആളുകളെ സംബന്ധിച്ചേടത്തോളം ഇതിന്നു സവിശേഷപ്രാധാന്യമുണ്ട്. കഴിഞ്ഞ അഞ്ചു കൊലത്തിന്നിടയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ ഷോപ്പിൽ പുതിയ യന്ത്രങ്ങൾ പ്രതിഷ്ഠാപിക്കപ്പെട്ടിരിക്കുന്നു. സ്വയംപ്രവർത്തകയന്ത്രസാമഗ്രികൾ എർപ്പെടുത്തപ്പെട്ട തോട്ടുകൂടി കായികാദ്ധ്വാനം ഏതാണ്ട് പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു എന്നു പറയാം''.

''ചുരുക്കത്തിൽ, പുതിയ തലമുറയിൽപെട്ട യന്ത്രസാമഗ്രികൾ ഇതൊക്കെയാണ് ഞങ്ങൾക്ക് പ്രദാനം ചെയ്യുന്നതെ''ന്ന് അദ്ദേഹം അവസാനമായി പ്രസ്താവിച്ചു.

**

ചങ്ങാത്തത്തിലും പരസ്പരബഹുമാനത്തിലും അധിഷ്ഠിതമായ സൌഹൃദദൌത്യം

—ജി. ഒഫ്രോസിമോവ്-സെറോവ്

സിംബാബ്വേ ആഫ്രിക്കൻ ദേശീയ യൂണിയൻ—ദേശാഭിമാനമുന്നണി (സാനു-പി. എഫ്) പാർട്ടിയുടെ ഒന്നാം സെക്രട്ടറിയും അദ്ധ്യക്ഷനും സിംബാബ്വേ റിപ്പബ്ലിക്കിന്റെ പ്രധാന മന്ത്രിയുമായ റോബെർട്ട് ഗബ്രിയേൽ മുഗാബേയുടെ നേതൃത്വത്തിൽ സിംബാബ്വേ റിപ്പബ്ലിക്കിന്റെ പാർട്ടി—ഗവർമ്മേണ്ട് പ്രതിനിധി സംഘം ഇക്കഴിഞ്ഞ ഡിസംബറിൽ സോവിയറ്റ് യൂണിയനിലേയ്ക്കു നടത്തിയ സൌഹൃദപൂർണ്ണസന്ദർശനം രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ പ്രധാനപ്പെട്ട ഒരു നാഴികക്കല്ലായിരുന്നു.

കൊളോണിയലിസത്തിനുകൂടും വംശീയവാദികൾക്കുമെതിരായുള്ള ഉൽക്കടവും നിസ്വാർത്ഥവുമായ ഒരു സമരത്തെത്തുടർന്ന് ഈ റിപ്പബ്ലിക്ക് ഏർപ്പെടുത്തപ്പെട്ടതിനു ശേഷം കടന്നുപോയ അഞ്ചുകൊല്ലക്കാലത്തിനിടയിൽ സ്വതന്ത്രസിംബാബ്വേയിലെ ജനങ്ങൾ കൈവരിച്ചിരിക്കുന്ന നേട്ടങ്ങളെ സോവിയറ്റ് യൂണിയനിൽ ഉയർന്ന തോതിൽ വിലമതിച്ചുവരുന്നുണ്ട്.

''ഈ ഇളം റിപ്പബ്ലിക്കിലെ ജനങ്ങൾ സാനു-പി. എഫിന്റെ നേതൃത്വത്തിൽ പുതിയൊരു ജീവിതം കെട്ടിപ്പടുത്തുവരികയാണു്; സ്വന്തം പരമാധികാരം ശക്തിപ്പെടുത്തുന്നതിലും സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾക്കനുഗുണമായി പുരോഗമനപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിലും അവർ കൈവരിച്ചിരിക്കുന്ന നേട്ടങ്ങളെ അനുഭാവത്തോടും ഐക്യദാർഢ്യത്തോടും കൂടി സോവിയറ്റ് ജനങ്ങൾ സ്വാഗതം ചെയ്യുന്നു'', സിംബാബ്വേയിൻ പ്രതിനിധിസംഘത്തിന്റെ ബഹുമാനാർത്ഥം ക്രെംലിനിൽ ഏർപ്പെട്ടത്തപ്പെട്ട ഒരു ഡിന്നർ സൽക്കാരത്തിൽ സി. പി. എസ്. യു. കേന്ദ്രക്കമ്മിറ്റിയുടെ പൊളിറ്റിക്കൽ ബ്യൂറോ അംഗവും യു. എസ്. എസ്. ആർ. മന്ത്രിസഭയുടെ അദ്ധ്യക്ഷനുമായ എൻ. റീഷ്കോവ് പറഞ്ഞു.

വംശീയവാദിദക്ഷിണാഫ്രിക്കയുടെ ആക്രമണകാരിനയം നിമിത്തം ആ പ്രദേശത്തു സംഘർഷത്തിന്റേതായ ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ടായിരുന്നില്ലെങ്കിൽ ഈ ഇളം റിപ്പബ്ലിക്കിന്റെ വിജയങ്ങൾ ഇതിലുമെത്രയോ കൂടുതൽ പകിട്ടേറിയതാകുമായിരുന്നു. റോബർട്ട് മുഗാബേ ക്രെംലിനിലെ സൽക്കാരവേളയിൽ എടുത്തുപറഞ്ഞതുപോലെ, ''ഞങ്ങളുടെ പ്രദേശത്തു് ജനാധിപത്യത്തിന്റേയും സാമൂഹ്യനീതിയുടേയും മാനുഷികാന്തസ്സിന്റേയും പുരോഗതിയുടേയും താല്പര്യത്തിനുവേണ്ടി വാദിക്കാൻ ധൈര്യപ്പെടുന്ന ഏതൊരു വ്യക്തിയ്ക്കും ഏതൊരു ദേശത്തിനുമെതിരായി ദുഷ്ടമായ ഒരു യുദ്ധം നടത്തിവരികയാണു് പ്രിറ്റോറിയാഭരണം''. സോവിയറ്റ് യൂണിയൻ തങ്ങൾക്കു നൽകിവരുന്ന ധാർമ്മികവും ഭൌതികവുമായ പിൻതുണയെ സംതൃപ്തിയോടും കൃതജ്ഞതയോടുംകൂടി എടുത്തു പറഞ്ഞു റോബെർട്ട് മുഗാബേ.

റോബെർട്ട്സ് മുഗാബേ സോവിയറ്റ് യൂണിയനിലേയ്ക്കു നടത്തിയ സന്ദർശനവും സി. പി. എസ്. യു. കേന്ദ്രക്കമ്മിറ്റി ജനറൽ സെക്രട്ടറി മിഖായിൽ ഗോർബാച്ചേവുമായി നടത്തിയ സംഭാഷണങ്ങളും, ആഫ്രിക്കൻ രാജ്യങ്ങളുമായി സൌഹൃദവും സഹകരണവും വികസിപ്പിക്കുക എന്ന, സോവിയറ്റ് യൂണിയൻ പിൻതുടർന്നുവന്നിട്ടുള്ള നിയതമായ കർമ്മമാർഗ്ഗത്തെ ആവർത്തിച്ചുന്നിയിരിക്കുന്നു.

ആഫ്രിക്കൻ രാജ്യങ്ങളുംപ്പെടെയുള്ള വികസ്വരസ്റ്റേറ്റുകളെ അവയുടെ ദേശീയ സമ്പദ്ഘടനകളും വളർത്തുകയും, രോഗങ്ങളേയും നിരക്ഷരത്വത്തേയും എതിരിടുകയും ചെയ്യുന്നതിൽ സഹായിച്ചുകൊണ്ട് അത്തരം ബന്ധങ്ങളുടെ ഒരു മാതൃക കാട്ടുന്നാണ് സോവിയറ്റ് യൂണിയൻ ശ്രമിക്കുന്നതു്. അംഗോളയിലും ഗിനിയിലും മൊസ്സാംബിക്കിലും താൻസാനിയയിലും മറ്റു ആഫ്രിക്കൻ രാജ്യങ്ങളിലും സോവിയറ്റ് യൂണിയൻ, അതാതു രാജ്യങ്ങളുടെ സമ്പദ്ഘടനയെസ്സംബന്ധിച്ചേടത്തോളം വമ്പിച്ച പ്രാധാന്യമുള്ള പ്രൊജെക്ടുകൾ പടുത്തുയർത്തുന്നതിൽ തദ്ദേശീയ സംഘടനകളുമായി സഹകരിക്കുന്നു. ഉദാഹരണത്തിനു്, എത്യോപ്യയിൽ മാത്രം നാല്പതോളം പ്രൊജെക്ടുകൾ പടുത്തുയർത്തപ്പെട്ടവരുന്നുണ്ടു്: ഇവ ആ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തെ ശക്തമാംവിധം സ്വാധീനിക്കും. സോവിയറ്റ് സഹായത്തോടെ ആഫ്രിക്കൻ രാജ്യങ്ങളിൽ പടുത്തുയർത്തപ്പെട്ടന്ന മറ്റു പ്രൊജക്ടുകളുടെ കൂട്ടത്തിൽ നൈജീരിയയിൽ ഒരു ഉരുക്കുപ്ലാന്റ്, ഗിനിയിൽ, ഒരു ബോക്സൈറ്റു ഖനന സാകല്യവും ഒരു റെയിൽപാതയും, അംഗോളയിൽ വലിയൊരു കപ്പൽനിർമ്മാണത്താവളത്തിന്റെ നിർമ്മാണം തുടങ്ങി ഡസൻകണക്കിൽ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. സോവിയറ്റു ഭിഷഗ്വരരും, കാർഷിക വിദഗ്ദ്ധരും അദ്ധ്യാപകരും എഞ്ചിനീയർമാരും ആഫ്രിക്കൻ രാജ്യങ്ങളിൽ നിസ്വാർത്ഥതയോടെ പ്രവർത്തിച്ചുവരികയാണു്.

സംഭാഷണങ്ങൾക്കിടയിൽ, സി. പി. എസ്. യു. കേന്ദ്രക്കമ്മിറ്റി ജനറൽ സെക്രട്ടറി മിഖയിൽ ഗോർബാച്ചേവും അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റീഗനും തമ്മിൽ നടന്ന ജനീവാ കൂടിക്കാഴ്ചകളുടെ ഫലങ്ങളിലേയ്ക്കു സിംബാബ്വേ പ്രസിഡണ്ടിന്റെ ശ്രദ്ധ ക്ഷണിക്കപ്പെട്ടു. ന്യൂക്ലിയർ ആയുധങ്ങൾ വെട്ടിച്ചുരുക്കുന്നതിനെക്കുറിച്ചും ബഹിരാകാശസൈന്യവൽക്കരണത്തെ തടയുന്നതിനെക്കുറിച്ചും പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനു് തങ്ങൾ ഒരുക്കമല്ലെന്നു അമേരിക്കൻ പക്ഷം തെളിയിച്ചുകാട്ടിയിരിക്കുന്നു. എന്നിരുന്നാലും ആ കൂടിക്കാഴ്ച, ഭൂമിയിൽ സമാധാനം നിലനിർത്തുന്നതിനുള്ള സാദ്ധ്യതകൾ തുറന്നിരിക്കുന്നു.

സോവിയറ്റ് യൂണിയന്റെ സുസ്ഥിരമായ സമാധാനനിരത വിദേശനയത്തേയും ആയുധപ്പന്തയമവസാനിപ്പിക്കുന്നതിനും നിരായുധീകരണത്തിനും സമാധാനം ദൃഢീകരിക്കുന്നതിനും, ദേശീയ വിമോചനത്തിനും സാമൂഹ്യപുരോഗതിയ്ക്കും വേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന രാജ്യങ്ങൾക്കും ജനതകൾക്കും പിൻതുണ നൽകുന്നതിനും ലക്ഷ്യവെച്ചുകൊണ്ട് സോവിയറ്റ് യൂണിയൻ കൈക്കൊണ്ട സമാധാനപ്രേമിയായ മുൻകൈ നടപടികളേയും ഉയർന്ന നിലയിൽ വിലയിരുത്തിക്കൊണ്ട സംസാരിച്ച സിംബാബ്വേയിൽ നിന്നുള്ള വിശിഷ്ടാതിഥി, ''എല്ലാ ചേരിചേരാ രാജ്യങ്ങളേയുംപോലെ സിംബാബ്വേയും, ആയുധപ്പന്തയത്തെ ബഹിരാകാശത്തേയ്ക്കു വ്യാപിപ്പിക്കുന്നതിനെ സുദൃഢമായെതിർക്കുന്നു; 'നക്ഷത്രയുദ്ധ' സങ്കല്പത്തെ അതു സ്വീകരിക്കുന്നമില്ല'', ആർ. മുഗാബേ പറഞ്ഞു.

സി. പി. എസ്. യു.വും, സിംബാബ്വേ ആഫ്രിക്കൻ ദേശീയ യൂണിയൻ—ദേശാഭിമാനമുന്നണിയും തമ്മിലുള്ള സാമ്പത്തിക—സാങ്കേതിക സഹകരണത്തെക്കുറിച്ചുള്ള ഒരു കരാറിൽ യു. എസ്. എസ്. ആർ. മന്ത്രിസഭാദ്ധ്യക്ഷനായ നിക്കോളായ് റീഷ്കോവും സിംബാബ്വേ പ്രധാനമന്ത്രി റോബെർട്ട് മുഗാബേയും ഒപ്പുവെച്ചു.

സന്ദർശനഫലങ്ങളെപ്പറ്റി ഒരു സോവിയറ്റ്-സിംബാബ്വേയൻ സംയുക്ത കമ്മുണിക്കേ പുറപ്പെടുവിക്കപ്പെട്ട. സംഭാഷണവേളയിൽ എത്തിച്ചേർന്ന ധാരണയെപ്പറ്റി അതിൽ ആവർത്തിച്ചുന്നുന്നു. പ്രത്യേകിച്ചു്, ''സംഘർഷശാന്തതയ്ക്കും ആയുധപ്പന്തയമവസാനിപ്പിക്കുന്നതിനും, നീതിയുടേയും സമത്വത്തിന്റേയും അടിസ്ഥാനത്തിൽ സാർവ്വദേശിയ സഹകരണം വികസിപ്പിക്കുന്നതിനും, സാർവ്വദേശീയ ബന്ധങ്ങൾ ജനാധിപത്യവൽക്കരിക്കുന്നതിനും പുതിയൊരു സാർവ്വദേശീയ സാമ്പത്തിക ക്രമം സ്ഥാപിക്കുന്നതിനും അനുകൂലമായി പ്രവർത്തിക്കുന്ന, സാർവ്വദേശീയ ബന്ധങ്ങളുടെ ഒരു സുപ്രധാനഘടകമെന്ന നിലയിൽ ചേരിചേരാ പ്രസ്ഥാനത്തിനുള്ള വർദ്ധമാനമായ പങ്കിനെ ഇരുപക്ഷങ്ങളും സംതൃപ്തിയോടെ ചൂണ്ടിക്കാട്ടി'' എന്നു് അതിൽ ഊന്നിപ്പറയുന്നു.

ഹരാരേയെ എട്ടാമതു ചേരിചേരാ ഉന്നതതല സമ്മേളനത്തിനുള്ള സ്ഥലമായി തിരഞ്ഞെടുത്തിരിക്കുന്നു എന്ന വസ്തുത സംയുക്ത കമ്മുണിക്കേയിൽ സോവിയറ്റു പക്ഷം സംതൃപ്തിയോടെ എടുത്തുകാട്ടി.

സോവിയറ്റ് യൂണിയനിലേയ്ക്കു താൻ നടത്തിയ സന്ദർശനത്തെ, ''സിംബാബ്വേയിലേയും സോവിയറ്റ് യൂണിയനിലേയും ജനതകൾ തമ്മിൽ നിലനിൽക്കുന്ന ചങ്ങാത്തത്തിലും പരസ്പരബഹുമാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു സൌഹൃദ ദൌത്യം'' എന്നാണു് റോബെർട്ട് മുഗാബേ വിശേഷിപ്പിച്ചതു്. **

അപ്പാർത്തീഡ് അവസാനിപ്പിക്കണം

ഫോട്ടോ: എ. പി. എൻ.



സോവിയറ്റ് ആഫ്രോ—ഏഷ്യൻ ഐക്യദാർഢ്യക്കമ്മിറ്റി, അപ്പാർത്തീഡിനെപ്പറ്റി സംഘടിപ്പിച്ച വട്ടമേശചർച്ച

അപ്പാർത്തീഡിനെതിരായി ദക്ഷിണാഫ്രിക്കയിലെ ജനങ്ങളും സാഹോദേശീയസഹഭാവപ്രസ്ഥാനവും നടത്തുന്ന സമരത്തിന്റെ ഇന്നത്തെ ഘട്ടത്തെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ഈയിടെ മോസ്കോവിൽ ഒരു വശമേശസമ്മേളനം നടക്കുകയുണ്ടായി. സോവിയറ്റ് ആഫ്രോ-ഏഷ്യൻ സഹഭാവക്കമ്മിറ്റിയുടെയും. നൊവോസ്തി പ്രസ്സ് ഏജൻസിയുടെയും, യു. എസ്. എസ്. ആർ. ശാസ്ത്ര അക്കാദമിയുടെ കീഴിലുള്ള ആഫ്രിക്കാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിലാണ് സമ്മേളനം നടന്നത്. സോവിയറ്റ് യൂണിയനിലെ പ്രമുഖരായ പൊതുകാര്യപ്രവർത്തകരും ശാസ്ത്രജ്ഞരും പത്രപ്രവർത്തകരും പുരോഹിതവിഭാഗത്തിന്റെ പ്രതിനിധികളും അതിൽ സംബന്ധിച്ചു.

മനുഷ്യോചിതമായി ജീവിക്കുവാനുള്ള അവകാശത്തിനുവേണ്ടി

"മനുഷ്യജീവികളെന്ന നിലയിൽ തങ്ങളോട് പെരുമാറണമെന്നും, നിന്ദനത്തിനും പക്ഷപാതപരമായ വിവേചനത്തിനും വിധേയരാവാതെ തങ്ങളുടെ രാജ്യത്ത് ജീവിക്കുവാൻ കഴിയുമാറാക്കണമെന്നും, മർദ്ദനവ്യഗ്രമായ വംശീയഭരണം ഏർപ്പെടുത്തിയിട്ടുള്ള, മാനുഷികാന്തസ്സിനും അപമാനകരമായ, രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും മറ്റുമായ തടസ്ഥങ്ങൾ നീക്കം ചെയ്യണമെന്നും ദക്ഷിണാഫ്രിക്കയിലെ ജനലക്ഷങ്ങൾ ആവശ്യപ്പെടുന്നു."

— സോവിയറ്റ് ഗവർമെണ്ടിന്റെ പ്രസ്താവനയിൽനിന്നു

"അപ്പാർത്തീഡ് സമ്പ്രദായം അവസാനിപ്പിക്കണമെന്നും ഒരു സ്വതന്ത്രജനാധിപത്യസമുദായം സൃഷ്ടിക്കണമെന്നും ആവശ്യപ്പെടുന്ന ദക്ഷിണാഫ്രിക്കയിലെ കറുത്ത നിറമുള്ള ജനങ്ങൾക്കെതിരായി അവിടത്തെ ഭരണാധികാരികൾ നടത്തുന്ന പ്രതികാരനടപടികൾ രോഷവും വെറുപ്പുമുളവാക്കുന്നു" എന്നു് വട്ടമേശസമ്മേളനം ഉദ്ഘാടനം ചെയ്ത അനതോളി ഗ്രോമിക്കോ പ്രസ്താവിച്ചു. യു. എസ്. എസ്. ആർ ശാസ്ത്രഅക്കാദമിയംഗവും, ആഫ്രിക്കൻ ജനതകളുമായി സൗഹൃദത്തിനുള്ള സോവിയറ്റുസമിതിയുടെ ബോർഡിന്റെ ചെയർമാനും ആഫ്രിക്കാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറുമാണദ്ദേഹം.

അനാതൊളി ഗ്രോമിക്കോ ഇങ്ങിനെ തുടർന്നു പ്രസ്താവിച്ചു: "ആഫ്രിക്കയിൽ കൊളോണിയലിസത്തെയും വംശീയവാദത്തെയും നശിപ്പിക്കുന്ന പ്രക്രിയ ഇനിയും പൂർത്തിയായിട്ടില്ല. ആ ഭ്രഷ്ണത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ദക്ഷിണാഫ്രിക്കാറിപ്പബ്ലിക്കിൽ വംശീയവാദിഭരണം കൊടികുത്തിവാഴുന്നു. ഈ ഭരണത്തെ കൊളോണിയൽ ഭരണമെന്നു് ഐക്യരാഷ്ട്രസംഘടന ന്യായമായി വിശേഷിപ്പിക്കുകയുണ്ടായി.

"ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിന്റെ

പട്ടാളങ്ങളുടെ കീഴിൽ ദീർഘകാലമായി ദുരിതമനുഭവിച്ചുവരുന്ന നമീബിയയിലും വിമോചനസമരം വികസിച്ചുവരുകയാണു്. ദക്ഷിണാഫ്രിക്കൻ ഗവർമ്മേണ്ടു്, ശിങ്കിടിക്കാരായ ആളുകളുടെ സഹായത്തോടുകൂടി നമീബിയൻ ജനതയുടെ മേൽ അടിച്ചേല്പിക്കുവാൻ ശ്രമിക്കുന്ന കപടസ്വാതന്ത്ര്യത്തെ ജനങ്ങളം തിരസ്കരിക്കുന്നു. നമീബിയയ്ക്കു് സ്വാതന്ത്ര്യത്തിന്നും പരമാധികാരയുക്തമായ വികസനത്തിന്നുമുള്ള അവകാശം അനുവദിക്കുന്നതു് സംബന്ധിച്ചു് ഐക്യരാഷ്ട്രസഭ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളം, അതുപോലെതന്നെ ഐക്യരാഷ്ട്രരക്ഷാസമിതിയുടെ 435—ാം നമ്പർ പ്രമേയവും, പൂർണ്ണമായും കലവറകൂടാതെയും നടപ്പാക്കണമെന്നു് ജനങ്ങളം ആവശ്യപ്പെടുന്നു''.

സോവിയറ്റു് ജനതയുടെ സഹഭാവം

''അപ്പാർത്തീഡിന്നും വംശീയമായ വേർതിരിക്കലിന്നും പക്ഷപാതപരമായ വിവേചനത്തിന്നും എതിരായി, എല്ലാ രൂപങ്ങളിലുമുള്ള പീഡനത്തിന്നും ചൂഷണത്തിന്നുമെതിരായി, ദക്ഷിണാഫ്രിക്കയിലെ കറുത്ത ജനങ്ങളം നടത്തുന്ന സമരത്തോടു തങ്ങളം ക്കുള്ള സഹഭാവം സോവിയറ്റു് ജനത ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. അംഗഭംഗം വരുത്തിയ, കപടമായ, 'പരിഷ്കാര'ങ്ങളല്ല, നേരേമറിച്ചു്, അപ്പാർത്തീഡിന്റെ അടിയന്തിരമായ സമ്പൂർണ്ണനിർമ്മാർജ്ജനമാണു് ഇന്നാവശ്യം—അതാണു് സോവിയറ്റു് ജനത ആവശ്യപ്പെടുന്നതു്; ജനതകളുടെ മാനുഷികാവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും, വാക്കിലല്ലാതെ പ്രവൃത്തിയിൽ ഉയത്തിപ്പിടിക്കുന്ന എല്ലാവരും അതാണു് ആവശ്യപ്പെടുന്നതു്.''

— *സോവിയറ്റു് ഗവർമ്മെണ്ടിന്റെ പ്രസ്താവനയിൽനിന്നു*

ദക്ഷിണാഫ്രിക്കയിലെ ദേശാഭിമാനികളുടെ വീരോചിതസമരത്തിൽ അവർ തനിയേ അല്ല എന്നു്, അഖില യൂണിയൻ കേന്ദ്രട്രേഡു് യൂണിയൻ കൗൺസിലിന്റെ സാർവ്വദേശീയവകുപ്പിന്റെ ചെയർമാനായ *വ്സെവൊലോദ് മൊഷായേവ്* പ്രസ്താവിച്ചു: ''അന്നാട്ടിലെ ഭ്രരിപക്ഷക്കാരായ കറുത്ത ജനങ്ങൾക്കെതിരായും അയൽപക്കത്തുള്ള ആഫ്രിക്കൻ സ്റ്റേറ്റുകൾക്കെതിരായും ദക്ഷിണാഫ്രിക്കൻ ഗവർമ്മേണ്ടു നടത്തുന്ന ഭീകരനടപടികളെ സോവിയറ്റുയൂണിയനിലെ അദ്ധ്വാനിക്കുന്ന ജനങ്ങളം നിശിതമായി അപലപിക്കുന്നു.

''ആ രാജ്യത്തിലെ അടിയന്തിരാവസ്ഥ നീക്കം ചെയ്യണമെന്നും, ദക്ഷിണാഫ്രിക്കൻ ജനതയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടുന്ന ധീരസേനാനിയായ നെൽസൽ മൺഡേലയെയും മറ്റു രാഷ്ട്രീയ തടവുകാരെയും ഉടനടി മോചിപ്പിക്കണമെന്നും, ദക്ഷിണാഫ്രിക്കയിൽ

(ശേഷം 29—ാം പേജിൽ)

ചോദിക്കൂ: ഞങ്ങൾ മറുപടി പറയാം

സോവിയറ്റുയൂണിയനിൽ എന്തുകൊണ്ടാണു് ഒരു രാഷ്ട്രീയപ്പാർട്ടി മാത്രമുള്ളതു്?

ഞങ്ങളുടെ വായനക്കാരനായ പി. ആർ. ജോഷി (ജാൻസി, യു. പി) തന്റെ കത്തിൽ ഇങ്ങിനെ ചോദിക്കുന്നു; ''എന്തുകൊണ്ടാണു് സോവിയറ്റു് യൂണിയനിൽ ഒരു രാഷ്ട്രീയപ്പാർട്ടി മാത്രമുള്ളതു്? എല്ലാ സോഷ്യലിസ്റ്റു് രാജ്യങ്ങളിലും ഏകകക്ഷിസമ്പ്രദായമാണോ ഉള്ളതു്?''

ഈ ചോദ്യത്തിന്നു്, **എ. പി. എൻ.** ലേഖകനായ **യൂറി റൊഗാച്ചേവ്** നൽകുന്ന മറുപടി ഞങ്ങം ചുവടെ കൊടുക്കുന്നു.




സി. പി. എസ്. യു., യൂണിയൻ റിപ്പബ്ളിക്കുകളിലെ 14 കമ്യൂണിസ്റ്റു് പാർട്ടികളെ ഏകീകരിക്കുന്നു. റഷ്യൻ ഫെഡറേഷനിൽ റിപ്പബ്ളിക്കൻ തലത്തിൽ പാർട്ടി സംഘടനയില്ല. അതിലെ റിജ്യൺ-ടെറിട്ടറി-ഏരിയാഘടകങ്ങൾ സി. പി. എസ്. യു. കേന്ദ്രക്കമ്മിറ്റിയുടെ നേരിട്ടു കീഴിലാണ്.

സോവിയറ്റു യൂണിയനിൽ ഒരു രാഷ്ട്രീയപ്പാർട്ടി മാത്രമുണ്ടാവാനിടയായതു് പ്രത്യേകചരിത്രസാഹചര്യങ്ങം നിമിത്തമാണു്.


ഈ നൂറാണ്ടിന്റെ തുടക്കത്തിൽ സാറിസ്റ്റു റഷ്യയിൽ പല രാഷ്ട്രീയപ്പാർട്ടികളുമുണ്ടായിരുന്നു. ജനസംഖ്യയുടെ വിവിധവിഭാഗങ്ങളുടെ താല്പര്യങ്ങളെയാണ വ പ്രതിനിധാനം ചെയ്തിരുന്നതു്: ഭ്രപ്രഭ്രക്തന്മാർ, മുതലാളിമാർ, പ്രധാനപ്പെട്ട ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ, ജനറൽമാർ, ഉന്നതനിലവാരത്തിലുള്ള മതപുരോഹിതർ, പട്ടണങ്ങളിലെയും നാട്ടിൻപുറങ്ങളിലേയും ഉയർന്ന പടിയിലുള്ള ഇടത്തരക്കാർ, കൃഷിക്കാരിൽ ചില വിഭാഗങ്ങം മുതലായവരുടെ. തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയായ കമ്യൂണിസ്റ്റു പാർട്ടിയുമുണ്ടായിരുന്നു; ലെനിനാൽ സ്ഥാപിക്കപ്പെട്ടതാണു് ഇതു്. എന്നാൽ, അതു് മാത്രമായിരുന്ന സാറിസ്റ്റുറഷ്യയിൽ നിരോധിക്കപ്പെട്ടിരുന്ന ഒരേയൊരു പാർട്ടി.

1917—ൽ റഷ്യയിൽ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റു വിപ്ലവം നടന്നു.



433000 പ്രാഥമിക സംഘടനകളുണ്ടു് സി. പി. എസ്. യു വിൽ; വ്യവസായസ്ഥാപനങ്ങൾ, നിർമ്മാണസ്ഥലങ്ങൾ, കൂട്ടുകൃഷി—സ്റ്റേറ്റുകൃഷിക്കളങ്ങൾ, ഗവർമ്മെണ്ടു് സംഘടനകൾ, പൊതുജനസംഘടനകൾ, വിദ്യാഭ്യാസ-ശാസ്ത്ര-സാംസ്കാരികസ്ഥാപനങ്ങൾ എന്നിവയിലെ കമ്യൂണിസ്റ്റുകാരെ അവ ഏകീകരിക്കുന്നു.

സി. പി. എസ്. യു. ജനങ്ങളുടെയാകെ പാർട്ടിയാണ്. അതേയവസരത്തിൽ തൊഴിലാളിവർഗത്തിന്റെ പാർട്ടിയുമാണ്. തൊഴിലാളികൾ അംഗസംഖ്യയിൽ 44.1 ശതമാനം വരും






സി. പി. എസ്. യു. അംഗസംഖ്യയിൽ 12.4 ശതമാനം കൂട്ടുകൃഷിക്കാരാണ്

കമ്യൂണിസ്റ്റുകാരോടൊപ്പം മറ്റു ചില രാഷ്ട്രീയപ്പാർട്ടികളുടെ പ്രതിനിധികളും വിപ്ലവത്തിൽ പങ്കെടുത്തു.


1917 നവംബർ 9–ാം തീയതി വിപ്ലവത്തിനുശേഷം രണ്ടാം ദിവസം, സോവിയറ്റുകളുടെ രണ്ടാം അഖിലറഷ്യാ കോൺഗ്രസ്സ്, കമ്യൂണിസ്റ്റുകാരേയും, സോഷ്യലിസ്റ്റു–റവല്യൂഷണറികളുടെ പാർട്ടിയുംപ്പെടെ നാലു പാർട്ടികളുടെക്കൂടി പ്രതിനിധികളെയും അഖിലറഷ്യാകേന്ദ്രനിർവ്വാഹക സമിതിയിലേയ്ക്കു തിരഞ്ഞെടുത്തു. കർഷകവിഭാഗങ്ങളിൽ ചിലതിനേയും നഗരജനവിഭാഗങ്ങളിൽ ചിലതിനേയും പ്രതിനിധാനം ചെയ്തിരുന്ന സോഷ്യലിസ്റ്റു റവല്യൂഷണറിപാർട്ടി സാമാന്യം സ്വാധീനമുള്ള ഒരു രാഷ്ട്രീയശക്തിയായിരുന്നു. കമ്യൂണിസ്റ്റുകാർക്കാണു് സോവിയറ്റുകളുടെ കോൺഗ്രസ്സിലെ പ്രതിനിധികൾക്കിടയിൽ കേവലഭൂരിപക്ഷമുണ്ടായിരുന്നതു്. അങ്ങിനെ, ഏകകക്ഷി മന്ത്രിസഭ രൂപീകരിക്കാൻ അവർക്കവകാശമുണ്ടായിരുന്നു. എങ്കിലും അവർ ഗവർമ്മേണ്ടിൽ പങ്കെടുക്കാൻ സോഷ്യലിസ്റ്റു–റവല്യൂഷണറികളുടെ നേതാക്കളെ ക്ഷണിച്ചു. ആ പാർട്ടിയുടെ ഏഴു പ്രതിനിധികൾ ഇളം സോവിയറ്റു റിപ്പബ്ലിക്കിന്റെ ഗവർമ്മേണ്ടിൽ അംഗങ്ങളായിത്തീർന്നു. 1918 മാർച്ചിൽ, സോഷ്യലിസ്റ്റ് റവല്യൂഷണറികളും സോഷ്യലിസ്റ്റുപരിഷ്കാരങ്ങളുടേതായ പരിപാടി നടപ്പിലാക്കുന്നതിൽ കമ്യൂണിസ്റ്റുകാരുമായി ക്രമേണ സഹകരിക്കാൻ ഉദ്ദേശിച്ചിട്ടില്ലാതിരുന്നതുകൊണ്ടു് കൂട്ടുകക്ഷിഗവർമ്മേണ്ടിൽനിന്നു് പിൻവലിഞ്ഞു.

1918 ജൂലായിൽ, സോഷ്യലിസ്റ്റ്–റവല്യൂഷണറികളും മോസ്കോവിൽ സോ

ഓഫീസുജീവനക്കാരും മറ്റും സി. പി. എസ്. യു. അംഗസംഖ്യയിൽ 43.5 ശതമാനം വരും



വിയറ്റു് ഗവർമ്മേണ്ടിനെതിരായി ഒരു സായുധകലാപം നടത്തി. ഈ കലാപവും ഇടതുപക്ഷ സോഷ്യലിസ്റ്റു്-റവല്യൂഷണറികളുടെ മറ്റു നടപടികളും കമ്യൂണിസ്റ്റുകാരുമായുള്ള അവരുടെ സഖ്യത്തെ തകർത്തു. അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കു് ആ പാർട്ടികളിൽ വിശ്വാസമില്ലാതായി. അവർ കമ്യൂണിസ്റ്റുകാരുടെ




കമ്യൂണിസ്റ്റുകാരിൽ 27 ശതമാനം സ്ത്രീകളാണ്

ചുറ്റിലും പൂർവ്വാധികം ഉറച്ചനിലയിൽ അണിനിരന്നു.

പ്രസ്തുത രാഷ്ട്രീയസംഘടനകളുടെ അവശിഷ്ടങ്ങളും ഇരുപതുകൊല്ലം വരെയും സോവിയറ്റു റിപ്പബ്ലിക്കിൽ നിയമവിധേയമായി നിലനിന്നു. അവ പ്രതിവിപ്ലവപരമോ സോവിയറ്റ് വിരുദ്ധമോ ആയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽനിന്നു ഒഴിഞ്ഞുനിന്ന കാലത്തോളം അവയെ നിരോധിച്ചിരുന്നില്ല.

അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കണ്ണിൽ സ്വയം അപമാനിതരായ പ്രസ്തുത പാർട്ടികൾക്കു് രാഷ്ട്രീയത്തിൽ അവയുടെ സ്ഥാനം നഷ്ടപ്പെട്ടുപോവുകയാണുണ്ടായതു്. അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുമായുള്ള സമ്പർക്കങ്ങളും സാമൂഹ്യാടിസ്ഥാനവും അവയ്ക്കു ക്രമേണ നഷ്ടപ്പെട്ടു; അങ്ങിനെ അവ നിലവിലില്ലാതായി. സോവിയറ്റു റിപ്പബ്ലിക്കിന്റെ ഭാഗധേയത്തെ സംബന്ധിച്ചേടത്തോളമുള്ള ഉത്തരവാദിത്വം പൂർണ്ണമായും ഏറ്റെടുക്കാൻ ചരിത്രപരമായ വികാസങ്ങളും കമ്യൂണിസ്റ്റുകാരെ നിർബ്ബന്ധിതരാക്കി.

ലോകത്തിലെയാദ്യത്തെ സോഷ്യലിസ്റ്റു സമുദായത്തെ വികസിപ്പിക്കുന്നതിനുള്ള ദുർഘടം പിടിച്ചതും അജ്ഞാ



ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച ആളുകളുടെ സംഘടനയാണ് സി. പി. എസ്. യു. കമ്യൂണിസ്റ്റുകാരിൽ 29.9 ശതമാനവും ഉപരിവിദ്യാഭ്യാസമുള്ളവരാണ്. 45 ശതമാനം അംഗങ്ങൾ സെക്കൻഡറിവിദ്യാഭ്യാസമുള്ളവരും 15 ശതമാനം പേർ സെക്കൻഡറിവിദ്യാഭ്യാസം പൂർത്തിയാകാത്തവരും

തവുമായ പാതയിലൂടെ സഞ്ചരിക്കാൻ സോവിയറ്റു ജനങ്ങൾക്കു നേതൃത്വം നൽകി കമ്യൂണിസ്റ്റു പാർട്ടി. ഒരു കാലത്തു സാമ്പത്തികമായും സാംസ്കാരികമായും പിന്നോക്കാവസ്ഥയിൽ കിടന്നിരുന്ന ഒരു രാജ്യമായിരുന്ന സോവിയറ്റു യൂണിയൻ പുരോഗമിച്ച ഒരു വ്യാവസായിക ശക്തിയായി വികസിച്ചിരിക്കുന്നു. ഇന്നു് അതു സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക വശങ്ങളിലും, ശാസ്ത്രത്തിന്റെയും എഞ്ചിനീയറിങ്ങിന്റെയും പല മേഖലകളിലും വ്യാവസായികമായി വികസിച്ച പ്രമുഖ മുതലാളിത്തരാജ്യങ്ങളുടെ മുന്നിലെത്തിയിരിക്കുന്നു.

സോവിയറ്റു യൂണിയനിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾ ലെനിന്റെ പാർട്ടി പിൻതുടർന്നുവന്ന നയത്തെ സർവ്വാത്മനാ പിൻതാങ്ങുകയുണ്ടായി. ഇപ്പോഴും തുടർന്നു പൂർണ്ണമായും പിൻതാങ്ങിവരുന്നുണ്ടു്. അതുകൊണ്ടാണു് സോവിയറ്റ് യൂണിയനിൽ കമ്യൂണിസ്റ്റു പാർട്ടിയെ എതിർക്കുന്ന രാഷ്ട്രീയ ശക്തികൾക്കു് നിലനില്പിനു് യാതൊരടിസ്ഥാനവുമില്ലാതിരിക്കുന്നതു്. ഒരൊറ്റ പാർട്ടി, കമ്യൂണിസ്റ്റു പാർട്ടി, മാത്രമാണു് സോവിയറ്റു യൂണിയനിൽ രണ്ടു സുഹൃദ്വർഗ്ഗങ്ങളുടേയും, അതായതു് തൊഴിലാളികളുടേയും കൃഷിക്കാരുടേയും, അതുപോലെതന്നെ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ബുദ്ധിജീവിവിഭാഗത്തിന്റേയും താല്പര്യങ്ങളുടെ കൂറ്റർ, വിദഗ്ദ്ധവക്താവായിരുന്നിട്ടുള്ളതു്. സോവിയറ്റു യൂണിയനിലെ കമ്യൂണിസ്റ്റു് പാർട്ടിയിൽ തൊഴിലാളിവർഗ്ഗത്തിന്റേയും കർഷകജനതയുടേയും ബുദ്ധിജീവിവിഭാഗത്തിന്റേയും ഉത്തമപ്രതിനിധികളെ കാണാവുന്നതാണു്. അതിനാൽ അതു് വിശാലബഹുജനങ്ങളുടെ ഇച്ഛയേയും അവരുടെ വിവേകത്തേയും യഥാർത്ഥമായും പ്രതിനിധാനം ചെയ്യുന്നു.

ഏകകക്ഷിവ്യവസ്ഥ സോഷ്യലിസത്തിന്റെ സാമൂഹ്യ–രാഷ്ട്രീയ വ്യവസ്ഥയുടെ അനിവാര്യമായ ഒരു സവിശേഷതയല്ല. സോഷ്യലിസ്റ്റ് പരിഷ്കാരങ്ങളും നടപ്പിലാക്കുന്ന അവസരത്തിൽ എല്ലാ രാഷ്ട്രീയ ശക്തികൾക്കുമിടയിലെ സഹകരണം സാദ്ധ്യവും അഭിലഷണീയവുമാണെന്നു ലെനിൻ വിശ്വസിച്ചിരുന്നു. പല സോഷ്യലിസ്റ്റു രാജ്യങ്ങളുടേയും അനുഭവം ഇതിനെ സ്ഥിരീകരിച്ചിട്ടുമുണ്ടു്. രണ്ടാം ലോകയുദ്ധകാലത്തു്, പല രാജ്യങ്ങളിലും വ്യത്യസ്ത ജനാധിപത്യകക്ഷികളും രാഷ്ട്രീയസംഘടനകളും, ഫാസിസത്തിനും സാമ്രാജ്യത്തത്തിനുമെതിരായി കമ്യൂണിസ്റ്റുകാരോടൊപ്പം നിന്നു പോരാടുകയുണ്ടായി. ആ രാജ്യങ്ങളിൽ ജനകീയമുന്നണിമാതൃകയിലുള്ള സംഘടനകളും പ്രത്യക്ഷപ്പെട്ടു: ബംഗ്ലാദേശിലെ ദേശാഭിമാനമുന്നണി, പോളണ്ടിലെ ദേശീയമുന്നണി മുതലായവ ഉദാഹരണങ്ങളും. പല സോഷ്യലിസ്റ്റു രാജ്യങ്ങളിലും ബഹുകക്ഷിവ്യവസ്ഥ വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ടു്. ഉദാഹരണത്തിനു്, ജർമ്മൻ ജനാധിപത്യ റിപ്പബ്ലിക്കിൽ ഭരണകക്ഷിയായ സോഷ്യലിസ്റ്റു യൂണിറ്റിപ്പാർട്ടിയും വേറെ നാലു രാഷ്ട്രീയപ്പാർട്ടികളുമുണ്ടു്. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ, തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയും മറ്റു രാഷ്ട്രീയ സംഘടനകളും തമ്മിലുള്ള സഹകരണം സോഷ്യലിസ്റ്റു വിപ്ലവത്തിന്റെ മുഖ്യലക്ഷ്യങ്ങൾക്കു അവ നൽകുന്ന പിന്തുണയിൽ അധിഷ്ഠിതമായിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, സോഷ്യലിസ്റ്റു മാർഗ്ഗങ്ങളിലൂടെ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ ഒരു ബഹുകക്ഷി സമ്പ്രദായമോ ഏകകക്ഷിസമ്പ്രദായമോ ഉളവാവുന്നതു്, സർവ്വോപരി വസ്തുനിഷ്ഠമായി അഭ്യന്തര–വിദേശസാഹചര്യങ്ങളുടെ സമ്മേളനത്തിൻഫലമായാണു്. സോവിയറ്റു യൂണിയനിലെ ഏകകക്ഷിവ്യവസ്ഥ സവിശേഷമായ ചരിത്രസാഹചര്യങ്ങളിൻഫലമായുളവായതാണു്. അതായതു് വിപ്ലവത്തിനുമുമ്പും തൊട്ടുപിമ്പും അതുപോലെതന്നെ, പുതിയ സാമൂഹ്യവ്യവസ്ഥയുടെ വികാസത്തിന്റെ പ്രാരംഭഘട്ടത്തിലും നടന്ന അത്യന്തം രൂക്ഷമായ വർഗ്ഗസമരത്തിൻഫലമായുളവായതാണു്.

**

സോവിയറ്റ് യൂണിയൻ: പണവും വിലകളും

—ഗെന്നദി പിസാരേവ്സ്കി

ഫോട്ടോകൾ: എ. പി. എൻ.

ഇപ്പോൾ 750-ൽപരം വർഷങ്ങളായി റൂബിളാണ് ഞങ്ങളുടെ അടിസ്ഥാന നാണയഘടകം. ഓരോ റൂബിളും 100 കോപ്പെക്കടങ്ങിയതാണ്. കൂട്ടത്തിൽ പറയട്ടെ, നൂറാണ്ടുകൾക്കു മുമ്പ് കണ്ടുപിടിക്കപ്പെട്ട ദശാംശനാണയവ്യവസ്ഥ റൂബിളിനെ അടിസ്ഥാനപ്പെടുത്തിയതായിരുന്നു.

ഇന്നത്തെ റൂബിളും, നോട്ടും നാണയവും രണ്ടും, 1961 മുതൽക്കു വിനിമയത്തിലിരിക്കുന്നതാണ്.

1985-ലെ റൂബിളിന് 10-ഓ 15-ഓ കൊല്ലം മുമ്പത്തേതുപോലെയുള്ള ക്രയശക്തിയുണ്ട്. 1971-നും 1983നുമിടയ്ക്കുള്ള കാലഘട്ടത്തിൽ സോവിയറ്റ് യൂണിയനിൽ ഉപഭോക്തൃവിലസൂചിക ഏതാനും പോയിൻറുകൾ കണ്ടു മാത്രമേ ഉയർന്നിട്ടുള്ളൂ. 90 ശതമാനത്തിലധികം സാധനങ്ങളും 1970-ലെ അതേ വിലയ്ക്കുതന്നെയാണ് വിൽക്കപ്പെട്ടുവരുന്നതു്. ഐ. രാ. സ്ഥിതിവിവരക്കണക്കുകൾ വെച്ചു നോക്കുന്നതായാൽ, അത്രയും സുസ്ഥിരമായ ഒരു വിലനിലവാരം ലോകത്തിൽ മറെറാരിടത്തും കാണപ്പെടുന്നില്ല.

1983 ഡിസംബറിൽ വിലകൾക്കായുള്ള യു. എസ്. എസ്. ആർ. സ്റ്റേറ്റ് കമ്മിറ്റിയുടെ ചെയർമാൻ നിക്കോളായ് ഗ്ലൂഷ്കോവ് പറയുകയുണ്ടായി: ''സാധനങ്ങളുടെ വിലയിലെ ഒട്ടാകെയുള്ള വർദ്ധന കഴിഞ്ഞ 28 കൊല്ലങ്ങൾക്കിടയിൽ 9 ശതമാനം മാത്രമാണ് ഉണ്ടായിട്ടുള്ളതു്. അതേയവസരത്തിൽ വേതനം അതേ കാലഘട്ടത്തിൽ 2.5 ഇരട്ടി കണ്ടു് വർദ്ധിക്കുകയുണ്ടായി; കൃഷിക്കാർക്ക് ലഭിക്കുന്ന പ്രതിഫലങ്ങളാകട്ടെ കഴിഞ്ഞ 13 വർഷങ്ങൾക്കിടയിൽ 1.7 ഇരട്ടികണ്ടു വർദ്ധിച്ചു''.

നിർമ്മിതച്ചരക്കുകളുടെ അടിസ്ഥാനത്തിൽ ഒരു റൂബിളിൻെറ ക്രയശക്തി എന്താണ്?

തീർച്ചയായും, ഒരു ടി. വി. സെറ്റോ ഒരു റഫ്രിജറേറ്ററോ ഒരു തയ്യൽയന്ത്രമോ ഒരാൾക്ക് ഒരു റൂബിളും കൊണ്ടു വാങ്ങാൻ കഴിയുകയില്ലെന്നു് വ്യക്തമാണല്ലോ. താഴെ കൊടുക്കുന്ന കണക്കുകൾക്കു് ഞങ്ങളുടെ പൌരരുടെ ജീവിതനിലവാരങ്ങളെ ദൃഷ്ടാന്തീകരിച്ചുകാട്ടാൻ കഴിയുന്നതാണ്: 100 സോവിയറ്റ് കുടുംബങ്ങൾക്ക് 90 ടി. വി. സെറ്റുകളും അത്രതന്നെ എണ്ണം വരുന്ന റഫ്രിജറേറ്ററുകളും 65 തയ്യൽയന്ത്രങ്ങളും വീതമുണ്ട്.

ഭവനസൌകര്യങ്ങളുടേയും പൊതുജനസേവനവിധാനങ്ങളുടേയും കാര്യമെടുക്കുക. ഒരു കുടുംബത്തിന് ഒരാഴ്ചക്കാലത്തെ വൈദ്യുതിയുപഭോഗത്തിനുവേണ്ട പ്രതിഫലം കൊടുക്കാനോ, 12 ദിവസത്തെ ടെലിഫോൺ ഉപയോഗത്തിന്, പുത്ര പ്രാവശ്യം വിളിച്ചു എന്ന പരിഗണനയെന്യേ, പ്രതിഫലം കൊടുക്കാനോ ഒരു റൂബിളും മതിയാവുന്നതാണ്. പ്രതിമാസം വാതകോപഭോഗത്തിനു കൊടുക്കേണ്ട ചാർജ്ജ്, ഉപയോഗിച്ച വാതകത്തിൻെറ അളവ് എത്രയായിരുന്നാലും, 40 മുതൽ 50 വരെ കോപ്പെക്കേ വരൂ. സോവിയറ്റ് യൂണിയനിൽ താപകരണവും ചൂടുവെള്ളവിതരണവും എത്രയും ചിലവു ചുരുങ്ങിയതാണ്: ആളൊന്നുക്ക് മാസത്തിൽ 1.5 റൂബിളോളമേ അതു വരൂ.

മൊത്തത്തിൽ, വീട്ടുവാടകയും പൊതുസേവനവിധാനങ്ങൾക്കുള്ള പ്രതിഫലവും ചേർന്ന് ഒരു തൊഴിലാളികുടുംബത്തിൻെറ ശരാശരി വരുമാനത്തിൻെറ മൂന്നു ശതമാനത്തോളമേ വരൂ.

സ്റ്റേറ്റ് നൽകുന്ന ഭവനസൌകര്യത്തിനുള്ള വാടകയിൽ 1928 മുതൽക്കു മാറ്റമുണ്ടായിട്ടില്ല. സുസ്ഥിരതയിൽ ഒരു ലോകറിക്കാർഡാണിതു്. സോവിയറ്റ് കുടുംബങ്ങളിൽ മിക്കതിനും (അവയിൽ 80 ശതമാനത്തിനും) സ്റ്റേറ്റുവക പാർപ്പിടങ്ങൾ, വീട്ടുകാംക്ഷവേണ്ടി കാത്തിരിക്കുന്നവരുടെ പട്ടികയിൽ ചേർത്തു കഴിഞ്ഞാൽ, സൌജന്യമായാണ് ലഭിക്കുന്നതു്.

ഒരു സുസ്ഥിരതാസമ്പദ്വ്യവസ്ഥയിൻകീഴിൽ മാത്രമേ വിലകളുടെ മേൽ കർശനമായ നിയന്ത്രണം ചെലുത്താൻ സാദ്ധ്യമാവുകയുള്ളൂ എന്നാണ് അനുഭവം കാട്ടിത്തരുന്നതു്. സോവിയറ്റ് യൂണിയനിൽ സ്റ്റേറ്റാണ് വിലകൾ നിജപ്പെടുത്തുന്നതു്.

ഒരു സോവിയറ്റ് വീട്ടമ്മ മാംസം വാങ്ങുന്നുവെന്നുവെക്കുക. അതിൻെറ ഉല്പാദനച്ചിലവിൻെറ 40 ശതമാനം മാത്രമേ അവർ കൊടുക്കേണ്ടിവരുന്നുള്ളൂ; ബാക്കി 60 ശതമാനം സർക്കാർ സബ്സിഡിയായി നൽകുന്നു. ഇങ്ങിനെ മാംസത്തിനും ക്ഷീരോല്പന്നങ്ങൾക്കും സർക്കാർ നൽകുന്ന സഹായധനത്തിൻെറ ഒട്ടാകെ തുക വർഷത്തിൽ 4000 കോടി റൂബിളിൽ കവിയുന്നുണ്ട്; അഥവാ ആളൊന്നുക്ക് 160 ഓളം റൂബിൾ വരുന്നുണ്ട്. ഭവനനിർമ്മാണം, നഗരസഭയുടെവക നിർമ്മാണം എന്നിവയ്ക്കും സ്റ്റേറ്റ് സഹായധനം നൽകുന്നുണ്ട്. പ്രതിവർഷം 650 കോടി റൂബിൾ വരുന്നുണ്ട് അതു്. കൂട്ടികാംക്ഷായുള്ള സാധനങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്കും പ്രതിവർഷം 100 കോടി റൂബിളും സർക്കാർ സഹായധനം നൽകുന്നു.

ഈ സബ്സിഡികളുടെ (സഹായധനം) മുഖ്യഉറവിടം, സ്റ്റേറ്റ് നടത്തുന്ന വ്യവസായങ്ങളുടെ ലാഭത്തിൽനിന്നുള്ള വകയിരുത്തലാണ്.

മൌലികച്ചരക്കുകൾക്കും പൊതുസേവനവിധാനങ്ങൾക്കും സ്റ്റേറ്റ് സബ്സിഡി നൽകുന്ന വ്യവസ്ഥ പാശ്ചാത്യ ദേശത്തു് പലപ്പോഴും വിമർശിക്കപ്പെടുന്നുണ്ട്. തീർച്ചയായും, സ്വതന്ത്ര വിപണി വ്യവസ്ഥയുടെ വക്താക്കാംക്ഷ്, ചില സാധനങ്ങളുടെ ചില്ലറ വില്പനവില അവയുടെ ഉല്പാദനച്ചിലവിനേക്കാൾ കുറവാക്കാൻ കഴിയുന്നതെങ്ങിനെയെന്നു് മനസ്സിലാക്കാൻ വിഷമം കാണും. എന്നാൽ, ഞങ്ങൾ അതു ചെയ്യുന്നതു് അന്തഃകരണശുദ്ധിയോടുകൂടിയാണ്, പ്രധാനപ്പെട്ട ഒരു സാമൂഹ്യലക്ഷ്യം നേടാൻ വേണ്ടിയാണു്; അതായതു്, ഞങ്ങളുടെ സമുദായത്തിലെ എല്ലാ തരക്കാർക്കും പര്യാപ്തമായ ഒരു ജീവിതനിലവാരം നൽകുന്നതിനു വേണ്ടിയാണ്. സോഷ്യലിസത്തിൻെറ മുഖ്യപ്രമാണമായ, ''ഓരോരുത്തനിൽനിന്നും അവൻെറ കഴിവിനനുസരിച്ച്, ഓരോരുത്തനും അവൻെറ പ്രവൃത്തിയ്ക്കനുസരിച്ച്'' എന്നതു് സോവിയറ്റ് യൂണിയനിൽ കർശനമായും പാലിക്കപ്പെട്ടുന്നുണ്ട്; എന്നാൽ ഞങ്ങളുടെ ജീവിതനിലവാരത്തിൻെറ തുടർച്ചയായ വളർച്ചയ്ക്കു പരിഗണന നൽകിക്കൊണ്ടാണിതു്.

സോവിയറ്റ് തൊഴിലാളികളുടേയും മറ്റു ജീവനക്കാരുടേയും ശരാശരി പ്രതിമാസവരുമാനം 190 റൂബിളാണ്. ആ തുകയുടെ നാമമാത്രമൂല്യത്തേയും, പൂരോഗമിച്ച മുതലാളിത്തരാജ്യങ്ങളിലെ ഒരു ശമ്പളക്കാരൻെറ വരുമാനത്തേയും തമ്മിൽ താരതമ്യപ്പെടുത്തിക്കാട്ടാനാണ് ഞങ്ങളുടെ പ്രത്യയശാസ്ത്ര പ്രതിയോഗികൾ താല്പര്യം കൊള്ളുന്നതു്. അതിൻെറ സോവിയറ്റ് വിരുദ്ധമായ ഫലം ''ലളിതവും സ്പഷ്ടവു''മാണ്: രണ്ടാമതു് പറഞ്ഞ സംഖ്യ ആദ്യം എടുത്തു പറഞ്ഞ സംഖ്യയേക്കാൾ വലുതാണ്. എന്നാൽ, വരുമാനങ്ങളെ മാത്രം താരതമ്യപ്പെടുത്തുന്നതു് നീതിയുക്തമല്ല. പക്ഷപാതരഹിതമായ ഒരഭിപ്രായത്തിലെത്തുന്നതിനു് വരുമാനങ്ങളെയും ചിലവുകളേയും വിശകലനം ചെയ്യേണ്ടതുണ്ട്.

പാശ്ചാത്യദേശത്തു് തൊഴിലെടുക്കുന്ന ഒരു ശരാശരി കുടുംബത്തിൻെറ ചിലവിൻെറ സിംഹഭാഗവും (70 ശതമാനവും അതിൽ കൂടുതലും) വരുന്നതെന്താണ്? വീട്ടുവാടക, പൊതുസേവനവിധാനങ്ങൾക്കു് കൊടുക്കേണ്ട പ്രതിഫലം, വൈദ്യസഹായത്തിനും വിദ്യാഭ്യാസത്തിനും വേണ്ടിവരുന്ന ചിലവുകൾ, പൊതുഇൻഷുറൻസുഫണ്ടിലേയ്ക്കു കൊടുക്കേണ്ട സംഭാവനകൾ, നികുതിയിനത്തിൽ കൊടുക്കേണ്ട തുക—ഇവയാണല്ലോ.

സോവിയറ്റ് യൂണിയനിലാണെങ്കിൽ വൈദ്യസഹായത്തിനും വിദ്യാഭ്യാസത്തിനും സ്റ്റേറ്റു സബ്സിഡി നൽകുന്നു. അതിനും പുറമെ, സോവിയറ്റ് യൂണിയനിൽ പൊതു ഇൻഷുറൻസുനിധിയിലേയ്ക്കു ജീവനക്കാർ യാതൊരുവിധ സംഭാവനയും നൽകേണ്ടതില്ല. ഞങ്ങളുടെ വീട്ടുവാടകയും ഗതാഗതത്തിനും വിദ്യുച്ഛക്തിക്കും കൊടുക്കേണ്ട പ്രതിഫലനിരക്കും ലോകത്തിൽ വെച്ചേറ്റവും താഴ്ന്നതാണ്. നികുതിനിരക്കും താഴ്ന്നതാണ്: കുടുംബബജറിൻെറ എട്ടു ശതമാനത്തോളമേ അതു് വരൂ (കൃഷിക്കാർക്കാണെങ്കിൽ 1.5 ശതമാനം മാത്രവും).

മൊത്തത്തിൽ, ചരക്കുകാംക്ഷ്ക്കുള്ളതുള്ള ചിലവുകൾ ഒരു സോവിയറ്റ് കുടുംബത്തിൻെറ വരുമാനത്തിൻെറ 30 ശതമാനത്തിലും കുറവേ വരൂ.











ഓരോ സോവിയറ്റ് പൌരന്റേയും വരുമാനം നിർണ്ണയിക്കുന്നത് അയാൾ ചെയ്ത. സാമൂഹ്യമായി പ്രയോജനകരമായ അദ്ധ്വാനം നോക്കിയാണ്

മുകളിൽ ഇടത്തു്: കസാഖ് പരവതാനികൾ

മുകളിൽ വലത്തു്: ലെനിൻസ്കി കോംസൊമോൾ ഓട്ടോമോബൈൽ വർക്സിൽ നിർമ്മിക്കപ്പെട്ട അത്യാധുനിക മാതൃകകളിലൊന്ന്

ഇതാണു്, സോവിയറ്റ് യൂണിയനിലേയും അമേരിക്കയിലേയും വരുമാനങ്ങളുടെ നിഷ്കൃഷ്ടമായ ഒരു വിശകലനത്തിൽനിന്നു വെളിവാകുന്ന യഥാർത്ഥ സ്ഥിതി. പാശ്ചാത്യദേശത്തിലെ സോവിയറ്റുപഠനവിദഗ്ദ്ധർ ഉദ്ധരിക്കുന്ന കണക്കുകളെ സംബന്ധിച്ചേടത്തോളമാണെങ്കിൽ, അവ സോവിയറ്റ് ജനങ്ങളുടെ യഥാർത്ഥവരുമാനത്തേക്കാൾ മൂന്നു മടങ്ങെങ്കിലും കുറവാണു്.

മുകളിൽനിന്നു് താഴോട്ടു്:

ലക്ഷക്കണക്കിൽ സോവിയറ്റ് ജനങ്ങൾ കരിങ്കടൽത്തീരത്തു വേനൽ ഒഴിവുകാലം ചിലവഴിക്കുന്നു. സോചി സുഖവാസകേന്ദ്രമാണ് ചിത്രത്തിൽ.

സോവിയറ്റ് കളർ ടി. വി. സെറ്റുകൾ രാജ്യത്തിലൊട്ടുക്കും ജനപ്രീതി ആർജ്ജിച്ചവയാണ്

പുതിയ അലക്കുയന്ത്രത്തിന്റെ ഒരു മാതൃക

വിശ്രമിക്കാനുള്ള അവകാശം എന്നാൽ എന്ത്?

—അദാ ബസ്കീന—

പ്രസിദ്ധ പത്രപ്രവർത്തകനും **സോവിയറ്റ് നാട്** നെഹ്റുസമ്മാനവിജയിയുമായ മി. വി.ഡി. ചോപ്ര പലതവണ സോവിയറ്റ് യൂണിയൻ സന്ദർശിച്ചിട്ടുണ്ട്. ഇത്തവണയും പത്രപ്രവർത്തകയായ സഹധർമ്മിണിയുമൊന്നിച്ചാണ് അദ്ദേഹം വന്നത്. പതിവുപോലെ, പല കാര്യങ്ങളെപ്പറ്റിയും അറിയാൻ അദ്ദേഹം താല്പര്യം പ്രദർശിപ്പിച്ചു. അദ്ദേഹം പറഞ്ഞു:

നിനിർഭാഗ്യവശാൽ ഇപ്പോഴും എനിക്കു ഒരു കാര്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. നിങ്ങളുടെ ഭരണഘടനയിൽ ''വിശ്രമിക്കുവാനുള്ള അവകാശം'' എഴുതിച്ചേർക്കപ്പെട്ടിട്ടുണ്ടല്ലൊ. വാസ്തവത്തിൽ എന്നാണീ അവകാശം?

ഈ രാജ്യത്തു്, ഒരാളുടെവരുമാനമെന്തുതന്നെയായിരുന്നാലും ശരി, അയാൾക്കു് പൂർണ്ണമായി വിശ്രമിക്കുവാനും വിനോദിക്കുവാനും അർഹതയുണ്ടു് എന്നാണു് ''വിശ്രമിക്കുവാനുള്ള അവകാശ''മെന്നതിന്നർത്ഥം.

* * *

ആളുകൾ തങ്ങളുടെ ഒഴിവുകാലം എങ്ങിനെ കഴിച്ചു കൂട്ടുന്നു എന്നു് കണ്ടറിയുവാൻ വേണ്ടി ഞങ്ങൾ സോവിയറ്റ് എസ്തോണിയയുടെ തലസ്ഥാനമായ തല്ലിനിൽ എത്തി. ആദ്യം ഞങ്ങൾ ''സാൽവോ'' കൗതുകവസ്തു നിർമ്മാണ പ്ലാൻറിലേയ്ക്കു പോയി. പലതരം കളിക്കോപ്പുകളും ഇവിടെ നിർമ്മിക്കുന്നു. സോവിയറ്റ് യൂണിയനിലെ വിവിധ ദേശീയജനവിഭാഗങ്ങളുടെ വേഷവിധാനങ്ങളെ ചിത്രീകരിക്കുന്ന ''മത്രിയോഷ്ക'' എന്ന ആഭരണരൂപങ്ങൾ ഞങ്ങളെ പ്രത്യേകം ആകർഷിച്ചു. ഈ ആഭരണരൂപത്തിനകത്തു് അതിനേക്കാൾ അനുക്രമം ചെറിയവയായ പല ആഭരണരൂപങ്ങളും അടക്കം ചെയ്യാവുന്നതാണു്.

ഈ പ്ലാൻറിൽ ഒരാളുടെ ശരാശരി മാസവേതനം 207 റൂബിളാണെന്നു് ഒരു ഷോപ്പ് മാനേജരായ മെദ്രിവെല്ലോ പറഞ്ഞു. ആഴ്ചയിൽ അഞ്ചു് ദിവസം, 40 മണിക്കൂർ ജോലി. ഉച്ചഭക്ഷണത്തിന്നു് ഒരു മണിക്കൂർ ഇടവേള. മി. ചോപ്ര ചോദിച്ചു:

നിങ്ങളുടെ ജോലിക്കാർ ഒഴിവുദിവസങ്ങളിൽ എന്തുചെയ്യുന്നു എന്നു പറയാമോ?

ഗ്രീഷ്മകാലത്തു് ഞങ്ങൾ കടലോരങ്ങളിലേയ്ക്കു ബസ്സുയാത്രകൾ ഏർപ്പാടു് ചെയ്യുന്നു. ശൈത്യകാലത്തു് ഈ പട്ടണത്തിൽനിന്നു് 50 കിലോമീറ്റർ അകലെയുള്ള ഞങ്ങളുടെ വിശ്രമ—വിനോദ ക്യാമ്പിൽ ധാരാളം ആളുകൾ കൂടുന്നു. ഞങ്ങൾ സ്വന്തമായിട്ടാണു് അതു നിർമ്മിച്ചതു്. ഇപ്പോൾ വാരാന്ത്യങ്ങളും ഒഴിവുദിനങ്ങളും ഞങ്ങൾ അവിടെ കഴിച്ചുകൂട്ടുന്നു.

* * *

സോവിയറ്റ് ലാത്വിയയുടെ തലസ്ഥാനമായ റീഗയ്ക്കു് അടുത്തു സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ ഒരു വിശ്രമ—വിനോദകേന്ദ്രമാണു് ജൂർമല. ഇവിടെ140—ൽപരം ആരോഗ്യ-വിശ്രമസ്ഥാപനങ്ങളുണ്ടു് —ഓരോരുത്തർക്കും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാം.

ട്രേഡ്യൂണിയന്റെ സഹായത്തോടുകൂടി നടത്തപ്പെടുന്ന, കുടുംബങ്ങൾക്കായുള്ള ഒരു ഒഴിവുകാല വിശ്രമസദനമാണു് ''ദ്സിന്താരി''. ഇവിടെ മൂന്നു പേരടങ്ങിയ ഒരു കുടുംബത്തിന്നു്, ഭക്ഷണമുൾപ്പെടെയുള്ള താമസച്ചിലവു് 300 റൂബിളാണു്. ഇതിൽ 200 റൂബിളും അതാതു് ട്രേഡ്യൂണിയൻ നൽകുന്നു. റീഗയിൽ ഒരു വ്യവസായത്തൊഴിലാളിയുടെ കുടുംബത്തിന്റെ മാസവരുമാനം ഏതാണ്ടു് 400 റൂബിളാണെന്നു്, താരതമ്യത്തിന്നുവേണ്ടി പറഞ്ഞുകൊള്ളട്ടെ. മത്സ്യത്തൊഴിലാളികുടുംബത്തിന്റെ വരുമാനം മാസത്തിൽ 450 റൂബിളും, ഷോപ്പിലെ വില്പനക്കാരിയുടെ വരുമാനം 300 റൂബിളും വരും.

അവിടെനിന്നു് ഞങ്ങൾ ഒരു ആരോഗ്യ—വിശ്രമകേന്ദ്രമായ ''ജവ്മ കെമേരി'' കാണാൻ പോയി. ട്രേഡ്യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ കേന്ദ്രത്തിൽ ഹൃദ്രോഗങ്ങൾക്കും ശ്വാസകോശരോഗങ്ങൾക്കും ഞരമ്പുരോഗങ്ങൾക്കും പ്രത്യേകവൽകൃതചികിത്സ നടത്തപ്പെടുന്നു. ഇവിടത്തെ ചികിത്സാവിഭാഗത്തിൽവെച്ചു് ഒരു ഉക്രേനിയൻ ഖനിജോലിക്കാരനുമായി ഞങ്ങൾ പരിചയപ്പെട്ടു. വാസിലി നെയ്മെനോവ് എന്ന പേരായ ഇയാൾക്കു് 50 വയസ്സു് പ്രായം വരും. ഒരു ഹൃദയാഘാതം

ശ്രീ. വി. ഡി. ചോപ്രയും പത്നിയും ലാത്വിയൻ സ്കൂൾകുട്ടികളോടൊപ്പം



ത്തെ തുടർന്നുള്ള ചികിത്സ കൊണ്ട് ആശ്വാസം പ്രാപിച്ചുവരികയായിരുന്നു. അയാൾ. അയാൾ ഒരു മാസത്തോളം ആ ശുപത്രിയിലായിരുന്നു. താൻ 30 ദിവസത്തിനുള്ളിൽ ''പൂർണ്ണാരോഗ്യവാനായി'' ഇവിടെനിന്ന് പോകുന്നതായിരിക്കുമെന്ന് വാസ്സിലി പറഞ്ഞു. അപ്പോൾ മി. ചോപ്ര വാസ്സിലിയോട് ഇങ്ങിനെ ചോദിച്ചു:

ഈ ചികിത്സയ്ക്കും വിശ്രമത്തിനുമായി നിങ്ങൾക്ക് എന്തു ചിലവായിട്ടുണ്ടാവും?

മൊത്തത്തിൽ 220 റൂബിൾ ചിലവു വരേണ്ടതാണ്. സാധാരണമായി ഖനിത്തൊഴിലാളികൾ ചിലവിന്റെ മൂന്നിലൊരു ഭാഗമാണ് കൊടുക്കേണ്ടത്. എന്നാൽ, തഴക്കവും പഴക്കവുംവന്ന ഒരു തൊഴിലാളിയെന്ന നിലയിൽ ഞാൻ ഒന്നും നൽകേണ്ടതായിട്ടില്ല.

* * *

ജൂർമലയുടെ ആഭിമുഖ്യത്തിൽ, കുട്ടികൾക്കായി പത്തുപന്ത്രണ്ട് ആരോഗ്യ—വിശ്രമകേന്ദ്രങ്ങളുണ്ട്. അവയിലൊന്നാണ് സ്പുട്നിക്ക്.

സ്പുട്നിക് യുവപയനിയർ ക്യാമ്പിൽ ഗ്രീഷ്മത്തിൽ വിശ്രമ-വിനോദങ്ങളിലേർപ്പെട്ടവന്ന ബാലികാബാലന്മാർ പൂച്ചെണ്ടുകളോടുകൂടി ഞങ്ങളെ സ്വാഗതം ചെയ്യുകയും, ഇന്ത്യയെപ്പറ്റി അനേകം ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു.

ആ ഇന്ത്യൻ ദമ്പതികൾക്കു അങ്ങോട്ടും അനേകം ചോദ്യങ്ങൾ ചോദിക്കാനുണ്ടായിരുന്നു.

അവർ ചോദിച്ചു:

നിങ്ങളുടെ ഇഷ്ടവിനോദങ്ങൾ എന്തൊക്കെയാണു"?

നീന്തൽ, ചിത്രരചന, പന്തുകളി, നാടകാഭിനയം, കവിതാമത്സരം.

കുട്ടികളുടെ മാതാപിതാക്കൾ എന്തു ചെയ്യുന്നവരാണെന്നു", ദയവുചെയ്തു പറയൂ.

അവർ പല പല ജീവിതത്തുറകളിൽ പെട്ടവരാണ്. വിദഗ്ദ്ധത്തൊഴിലാളികൾ, യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നവർ, അഡ്മിനിസ്റ്റർമാർ, ഫ്ളോട്ടർമാർ, ക്ലീനർമാർ, എഞ്ചിനീയർമാർ, അക്കൗണ്ടൻറുമാർ, ഗവേഷകർ, പ്ലാൻറ് മാനേജർമാർ എന്നിങ്ങിനെ വിവിധ തൊഴിലുകളിൽ പെട്ടവർ.


നമുക്കിനി കണക്കുകൂട്ടി നോക്കാം. സ്പുട്നിക്കിൽ ദിവസത്തിൽ നാലു നേരത്തെ ഭക്ഷണമുണ്ട്. സ്പോർട്ട്സ് സൗകര്യങ്ങൾ ലേത്തുകൾ, സംഗീതോപകരണങ്ങൾ, കളിയുപകരണങ്ങൾ എന്നിവയുണ്ട്; ഡോക്ടർമാരും കോച്ചുമാരും വിദ്യാഭ്യാസപ്രവർത്തകരുമുണ്ട്. അപ്പോൾ, ഒരു മാസം ഇവിടെ താമസിക്കുന്നതിന് എന്തു ചിലവു വരും?


എല്ലാംകൂടി 150 റൂബിൾ. ഇതിന്റെ പകുതി ട്രേഡ്യൂണിയൻ നൽകുന്നു. ബാക്കിയുള്ളതിന്റെ ഒരു ഭാഗം, രക്ഷാകർത്താക്കൾ അംഗങ്ങളായിട്ടുള്ള സംഘടന നൽകുന്നു. അങ്ങിനെ, ആകെക്കൂടി 10 റൂബിൾ വരുന്നു; അതായത് 40 ശതമാനം കുട്ടികൾ സൗജന്യമായിട്ടാണ് താമസിക്കുന്നത്.


* * *

ഞങ്ങൾ മോസ്കോവിൽ മടങ്ങിയെത്തി. യു. എസ്. എസ്. ആർ. ആരോഗ്യകാര്യമന്ത്രാലയത്തിലെ ഭാരവാഹികൾ ഞങ്ങളെ സ്വാഗതം ചെയ്തു. പുതിയ ചികിത്സാസമ്പ്രദായങ്ങളെപ്പറ്റിയും വിശ്രമ—വിനോദസ്ഥാപനങ്ങളെപ്പറ്റിയും ഒഴിവുകാല വിശ്രമത്തിന്നു് എത്തുന്നവർക്ക് ലഭിക്കുന്ന സൗകര്യങ്ങളെപ്പറ്റിയും അവർ വിവരിച്ചുതന്നു. മി. ചോപ്ര ഇങ്ങിനെ പറഞ്ഞു: ''സോവിയറ്റ് യൂണിയനിൽ ഒഴിവുകാലവിശ്രമത്തിന്നു് ഇത്ര വിപുലമായ സൗകര്യങ്ങളുണ്ടെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. മുമ്പും ഞാൻ വിശ്രമ—വിനോദ മന്ദിരങ്ങളിൽ പോയിട്ടുണ്ട്. എന്നാൽ, വിശ്രമ—വിനോദസ്ഥാപനങ്ങളുടെ വിപുലമായ ഈ ശൃംഖലയെപ്പറ്റി ഇപ്പോഴാണ് അറിയാൻ കഴിഞ്ഞതു്. സോവിയറ്റ് യൂണിയനിലെ പൗരർക്ക് വളരെ ചുരുങ്ങിയ ചിലവിൽ വളരെ വിപുലമായ വിശ്രമ—വിനോദ സൗകര്യങ്ങൾ ലഭിക്കുന്നു. ''വിശ്രമത്തിനുള്ള അവകാശമെന്നാൽ എന്തെ''ന്നു് ഞാൻ നേരിട്ടുകണ്ട മനസ്സിലാക്കിയിരിക്കുന്നു.

**







ഇടത്തുനിന്നു്: *ലാത്വിയയിലെ പ്രസിദ്ധ സുഖവാസകേന്ദ്രമായ ജൂർമലയിലെ പുതിയ ആരോഗ്യകേന്ദ്രങ്ങളിലൊന്നിൽ. ഈ ധാതുനിരുവയെ "സൌന്ദര്യത്തിന്റെ ഉറവിടം" എന്നാണു് വിളിച്ചുവരുന്നതു്. ലിയേലുപേ ഹോളിഡേ ഹോട്ടൽ*

ജൂലായിയിലാണ് ജൂർമലാ സുഖവാസകാലത്തിന്റെ മൂർദ്ധന്യം ↓



സോവിയറ്റ് നാടു

JANUARY						
MON	TUE	WED	THU	FRI	SAT	SUN
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28	29	30	31		

FEBRUARY						
MON	TUE	WED	THU	FRI	SAT	SUN
					1	2
3	4	5	6	7	8	9
10	11	12	13	14	15	16
17	18	19	20	21	22	23
24	25	26	27	28		

MARCH						
MON	TUE	WED	THU	FRI	SAT	SUN
31					1	2
3	4	5	6	7	8	9
10	11	12	13	14	15	16
17	18	19	20	21	22	23
24	25	26	27	28	29	30

APRIL						
MON	TUE	WED	THU	FRI	SAT	SUN
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30				

MAY						
MON	TUE	WED	THU	FRI	SAT	SUN
			1	2	3	4
5	6	7	8	9	10	11
12	13	14	15	16	17	18
19	20	21	22	23	24	25
26	27	28	29	30	31	

JUNE						
MON	TUE	WED	THU	FRI	SAT	SUN
30						1
2	3	4	5	6	7	8
9	10	11	12	13	14	15
16	17	18	19	20	21	22
23	24	25	26	27	28	29

JULY						
MON	TUE	WED	THU	FRI	SAT	SUN
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30	31			

AUGUST						
MON	TUE	WED	THU	FRI	SAT	SUN
				1	2	3
4	5	6	7	8	9	10
11	12	13	14	15	16	17
18	19	20	21	22	23	24
25	26	27	28	29	30	31

SEPTEMBER						
MON	TUE	WED	THU	FRI	SAT	SUN
1	2	3	4	5	6	7
8	9	10	11	12	13	14
15	16	17	18	19	20	21
22	23	24	25	26	27	28
29	30					

OCTOBER						
MON	TUE	WED	THU	FRI	SAT	SUN
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28	29	30	31		

NOVEMBER						
MON	TUE	WED	THU	FRI	SAT	SUN
					1	2
3	4	5	6	7	8	9
10	11	12	13	14	15	16
17	18	19	20	21	22	23
24	25	26	27	28	29	30

DECEMBER						
MON	TUE	WED	THU	FRI	SAT	SUN
1	2	3	4	5	6	7
8	9	10	11	12	13	14
15	16	17	18	19	20	21
22	23	24	25	26	27	28
29	30	31				

ഒഴിവുദിവസങ്ങൾ (1986)

ജനുവരി 1 — നവവത്സര ദിനം.

മാർച്ച് 8 — സാർവ്വദേശീയ മഹിളാദിനം.

മേയ് 1-2 — അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാഹ്വ ദേശീയ ഐക്യ ദാർഢ്യദിനം.

മേയ് 9 — 1941-1945 കാല ത്തെ മഹത്തായ ദേശാഭിമാനയുദ്ധ ത്തിലെ വിജയ ദിനം.

ഒക്ടോ: 7 — യു. എസ്. എസ്. ആർ. ഭരണഘടനാ ദിനം.

നവംബർ 7-8 — മഹത്തായ ഒക്ടോ ബർ സോഷ്യ ലിസ്റ്റ്വിപ്ലവ ത്തിന്റെ 69-ാം വാർഷികം.

ഫോട്ടോ: എ. സോതിൻ

നവവത്സര 1986 ആശംസകൾ



സോവിയറ്റ് കർഷകൻ എങ്ങനെ ജീവിക്കുന്നു

—ലെവ് വൊസ്ക്രേസെൻസ്കി

ഫോട്ടോകൾ: എ. പി. എൻ–ടാസ്സ്

''ഒരു രാഷ്ട്രത്തെ സമ്പദ്സമൃദ്ധവും പോഷകാഹാരസമ്പന്നവുമാക്കിത്തീർക്കുന്നതിന്, ആദ്യമായി. ആ രാഷ്ട്രത്തിന്ന് ഭക്ഷണം നൽകുന്നവരെ സമ്പദ്സമൃദ്ധരും പോഷകാഹാരസമ്പന്നരുമാക്കിത്തീർക്കണം.''—പ്രായംചെന്ന ഒരു കർഷകൻ പറഞ്ഞ ഈ വാക്കുകൾ, ഞാൻ നാട്ടിൻപുറത്തു് എവിടെ ചെല്ലുമ്പോഴും ഓർക്കാറുണ്ടു്. ആദ്യമായി അവിടത്തെ ജീവിതസൗകര്യങ്ങളെപ്പറ്റി അന്വേഷിക്കുകയാണു് ഞാൻ ചെയ്യുക. വീടുകൾ നല്ല വിടുകളാണോ, ഷോപ്പുകളുണ്ടോ? ഉള്ളവ എങ്ങിനെയിരിക്കുന്നു? സ്കൂളുകളും പകൽസമയത്തു കുട്ടികളെ പരിചരിക്കാനുള്ള സ്ഥാപനങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും എങ്ങനെയിരിക്കുന്നു? അടുത്ത പട്ടണത്തിൽ എളുപ്പത്തിൽ എത്തിച്ചേരുവാൻ വേണ്ട യാത്രാസൗകര്യമുണ്ടോ ഇതൊക്കെ അന്വേഷണ വിഷയങ്ങളാണു്.

അന്നന്നത്തെ ഭക്ഷണം

നൂറാണ്ടുകളായി റഷ്യയിലെ ഏറ്റവും പാവപ്പെട്ട കൃഷിക്കാർപോലും നല്ലൊരു വിളവെടുപ്പിന്നുശേഷം കുറേനാൾ ഏറെക്കുറെ സമൃദ്ധമായ നല്ല ഭക്ഷണം കഴിച്ചുപോന്നിട്ടുണ്ടു്. എന്നാൽ, ഏറ്റവും സമ്പന്നരായ കൃഷിക്കാർപോലും വിളവു് മോശമായിട്ടുള്ള വർഷങ്ങളിൽ വിശപ്പകറ്റാൻ വിഷമിച്ചിരുന്നു. വിനാശകരങ്ങളായ യുദ്ധങ്ങൾ—വിശേഷിച്ചു് രണ്ടാം ലോകയുദ്ധം—ഈ സ്ഥിതിയെ കൂടുതൽ വഷളാക്കി. റഷ്യയുടെ പല സഹസ്രാബ്ദങ്ങളിലെ നിലനില്പിന്നിടയിൽ, 1950—കളുടെ അവസാനവർഷങ്ങളിൽ മാത്രമാണു് ആദ്യമായി, കൃഷിക്കാർക്കിനി പട്ടിണിയെ നേരിടേണ്ടിവരികയില്ലെന്നു് രാജ്യം ഉറപ്പുവരുത്തിയതു് — അസാധാരണമായ പ്രകൃതികോപമുണ്ടായാൽപോലും പട്ടിണിയനുഭവിക്കേണ്ടിവരികയില്ലെന്നതിന്നു് ഉറപ്പു് വന്നിട്ടുണ്ടു്.

കൃഷിക്കാരന്റെ വരുമാനം വ്യവസായത്തൊഴിലാളിയുടെ വരുമാനത്തേക്കാൾ ഏറെക്കുറെ താഴ്ന്നതാണു്. എങ്കിലും, എനിക്കു് കാണാൻ കഴിഞ്ഞേടത്തോളം, കൃഷിക്കാരന്റെ ഭക്ഷണം വ്യവസായത്തൊഴിലാളിയുടെ ഭക്ഷണത്തേക്കാൾ മേൽത്തരമാണു്. നല്ലയിനം റൊട്ടി എല്ലായ്പോഴും വിൽക്കപ്പെടുന്നു; അതു് എവിടേയും ലഭ്യമാണു്. മാംസത്തെയും ക്ഷീരോല്പന്നങ്ങളെയും സംബന്ധിച്ചേടത്തോളം പ്രശ്നമേയില്ല. പല കൃഷിക്കാർക്കും സ്വന്തം കന്നുകാലികളുണ്ടു്; ഇല്ലാത്തവർ തങ്ങൾ ജോലി ചെയ്യുന്ന കൂട്ടുകൃഷിക്കളത്തിൽനിന്നോ സ്റ്റേറ്റു കൃഷിക്കളത്തിൽനിന്നോ ക്ഷീരോല്പന്നങ്ങളും മാംസവും സ്റ്റോറു് നിജപ്പെടുത്തിയിട്ടുള്ള വിലയ്ക്കു വാങ്ങുന്നു. ഈ വിലകൾ പൊതുവിലയേക്കാൾ താഴ്ന്നതാണു്. ചിലർ തങ്ങളുടെ തുണ്ടുഭൂമികളിൽ ഉരുളക്കിഴങ്ങു്, മുട്ടക്കോസു് തുടങ്ങിയ പച്ചക്കറി സസ്യങ്ങളും പഴച്ചെടികളും മറ്റും കൃഷി ചെയ്യുന്നു.

ഗ്രാമത്തിലെ ഓരോ ഷോപ്പിലും പഞ്ചസാര, സസ്യ എണ്ണ, മത്സ്യം, ധാന്യങ്ങൾ, ധാന്യമാവു്, മധുരപലഹാരങ്ങൾ, സേമിയ, മക്കരോണി എന്നിവ വിൽക്കപ്പെടുന്നു.


സോവിയറ്റു് നാട്ടിൻപുറങ്ങളിൽ പാർപ്പിടപ്രശ്നം ഇപ്പോഴും സൂക്ഷ്മമായ ഒരു പ്രശ്നമാണു്. പാർക്കാൻ വീടില്ലെന്നതല്ല പ്രശ്നം. കൂടുതൽ സൗകര്യങ്ങളോടുകൂടിയ വീടുകൾ ഉണ്ടാവണമെന്നതാണു് കാര്യം.


സോവിയറ്റു് യൂണിയനിലെ എല്ലാ ഘടക റിപ്പബ്ലിക്കുകളിലെയും ഗ്രാമങ്ങൾ വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. നല്ല പുതിയ വീടുകൾ ധാരാളമുണ്ടു്. ടെയിനിലോ ബസ്സിലോ കാറിലോ കടന്നുപോകുമ്പോൾ പോലും ഇതു് കാണാവുന്നതാണു്.


നാട്ടിൻപുറങ്ങളിൽ സ്റ്റേറ്റു കൃഷിക്കളങ്ങളും കൂട്ടുകൃഷിക്കളങ്ങളും സ്വകാര്യവ്യക്തികളും പാർപ്പിടങ്ങൾ നിർമ്മിക്കുന്നു. പലപ്പോഴും ഈ സ്വകാര്യവ്യക്തികൾ പാർപ്പിട നിർമ്മാണസഹകരണ സംഘങ്ങളിലെ അംഗങ്ങളായിരിക്കും. സ്റ്റേറ്റിന്റെ ഉടമസ്ഥതയിലും കൃഷിക്കളങ്ങളുടെ ഉടമസ്ഥതയിലുമുള്ള പാർപ്പിടങ്ങൾ വാടകയ്ക്കു കൊടുക്കപ്പെടുന്നു. നഗരങ്ങളിലെപ്പോലെ വേണ്ട സന്ദർഭങ്ങളിൽ കേടുപാടുകൾ തീർത്തു കെട്ടിടത്തെ പരിരക്ഷിക്കുന്നതിന്നു് വേണ്ടി വരുന്ന ചിലവിന്റെ മൂന്നിലൊന്നിൽ താഴെയുള്ള ഒരു തുക താമസക്കാർ നൽകുന്നു. വാടക, ഒരു ശരാശരി കുടുംബത്തിന്നുള്ള വരുമാനത്തിന്റെ മൂന്നു ശതമാനത്തിൽ കവിയുകയില്ല. കൂട്ടുകൃഷിക്കളങ്ങളിൽ ഇതിനേക്കാൾ കുറവാണു്—ഏതാണ്ടു് ഒരു ശതമാനം.

സ്വകാര്യവ്യക്തികളും സഹകരണസംഘങ്ങളും പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനെ സ്റ്റേറ്റു് പ്രോത്സാഹിപ്പിക്കുന്നു. സ്വകാര്യവ്യക്തികളുടെ പാർപ്പിട നിർമ്മാണം കൂടുതൽ ആകർഷകമായിത്തീർന്നിട്ടുണ്ടു്. സ്റ്റേറ്റു് വായ്പകൾ വർദ്ധിപ്പിച്ചിട്ടുണ്ടു്; ദീർഘകാലാടിസ്ഥാനത്തിൽ വായ്പകൾ നൽകപ്പെടുന്നു. വലിയ തോതിലുള്ള റിപ്പെയറുകൾ നടത്തുന്നതിന്നും വാതകക്കുഴലും വെള്ളക്കുഴലും അഴുക്കുചാൽക്കുഴലുമിടുന്നതിന്നും ഒരു പുതിയതരം സ്റ്റേറ്റു് വായ്പ ലഭ്യമാണു് ഉദാഹരണത്തിന്നു്, അനുബന്ധപ്പുരയോടുകൂടിയ ഒരു ചെറുവീടു് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കുടുംബത്തിന്നു് മൂവായിരം റൂബിൾവരെ വായ്പയായി ലഭിക്കാൻ അർഹതയുണ്ടു്. ഈ വായ്പ വീടു നിർമ്മിച്ചുകഴിഞ്ഞു് അഞ്ചു് കൊല്ലത്തിന്നുശേഷം പത്തു കൊല്ലത്തിന്നിടയിൽ തവണകളായി തിരിച്ചടച്ചാൽ മതിയാകും. 1984—ൽ ഒരു കൂട്ടുകൃഷിക്കാരന്റെ ശരാശരി വരുമാനം 1740 റൂബിളായിരുന്നു എന്ന വസ്തുത വെച്ചുനോക്കുമ്പോൾ ഇതത്ര ബുദ്ധിമുട്ടുള്ള കാര്യമല്ലെന്നു് വ്യക്തമാവും.

**







↑ റഷ്യൻ ഫെഡറേഷനിലെ ബ്ര്യാൻസ്ക് റീജ്യണിലുള്ള ഖൊറോംനോയേ ഗ്രാമത്തിന്റെ ഒരു വിഹഗവീക്ഷണം.



←കൂട്ടുകൃഷിക്കളം വക പണിയായുധങ്ങൾ സ്വന്തം വീട്ടിന്നു തൊട്ടടുത്ത തുണ്ടു നിലങ്ങളിൽത്തന്നെ ഉപയോഗിക്കാം.





↑ കൂട്ടുകൃഷിക്കാരനായ വ്ളദിസ്ളാവ് ബുഷ് ക്കാൻസിന്റെ ഫ്ളാറ്റ്

←അൾയായ് ടെറിട്ടറിയിലെ കറഗൈ ഗ്രാമത്തിലെ വൃദ്ധരും ചെറുപ്പക്കാരുമായ നിവാസികൾ

എതിർപേജിൽ മുകളിൽനിന്നും:

പുറമേയ്ക്കു അസാധാരണമായി തോന്നാമെങ്കിലും ഈ ഗ്രാമഭവനം ഉള്ളിൽ സുസജ്ജീകൃതമാണ്


ലിത്വാനിയയിലെ പലൻഗയിലുള്ള ലിനോസ് സുഖവാസകേന്ദ്രം

ബഷ്കീരിലെ ഗുസ്തിചാമ്പ്യനും ജീവനുള്ള ഒരു മുട്ടനാടിനെ സമ്മാനിച്ചിരിക്കുന്നു

പേരമകൾ സ്കൂളിലേയ ക്ക് പോകയാണ്

വലത്തേയറ്റം:

ഉക്രെയിനിലെ ഇവാനോവോ–ഫ്രാങ്കോവ്സ്ക് റിജ്യണിലെ ഒരു കർഷകക്കുടിയിരിപ്പ്














ഉരുക്കിനെ ക്രൂട്ടതൽ ഈടുററതാക്കൽ

—എൻ. നെസപിതെങ്കോ

ഫോട്ടോകൾ: വി. ലിത്വിനോവ്

ഉരുക്കിനെ, ക്രോം, മാംഗനീസ്, ടൈറാനിയം, മോളിബ്ദനം എന്നിവ കൂട്ടിച്ചേർത്താൽ, വാർപ്പിരുമ്പുപോലെ തന്നെ താപരോധകമോ വഴങ്ങുന്നതോ കട്ടപ്പുമുള്ളതോ ആക്കിത്തീർക്കാൻ കഴിയുന്നതാണ്; അതല്ലെങ്കിൽ മററു പ്രത്യേക ഗുണവിശേഷങ്ങളും കൈക്കൊള്ളാൻ അതിന്നു കഴിയുന്നതാണ്. ഇങ്ങിനെ കൂട്ടിച്ചേർത്താൽ അതു് ആയസക്കൂട്ടലോഹങ്ങളുടെ ഗ്രൂപം കൈക്കൊള്ളുന്നു; ഇരുമ്പു അവയുടെ ഒഴിച്ചുകൂടാത്ത ഒരു ഘടകഭാഗമാണ്.

സോവിയററു യൂണിയനിൽ ഇരുമ്പു കലർപ്പുള്ള കൂട്ടലോഹങ്ങളുടെ ഉല്പാദനത്തിന്നുള്ള കേന്ദ്രം ലോഹകർമ്മ ഗവേഷണ—ഡിസൈൻ ഇൻസ്റ്റിററ്യൂട്ട് (ഗിപ്രോസ്റ്റൽ) ആണ്. അതിന്റെ ഡിസൈനകൗശലമനുസരിച്ചാണ് സോവിയററ് യൂണിയനിലും ഇന്ത്യയടക്കമുള്ള മററു രാജ്യങ്ങളിലും അത്യാധുനിക പ്ലാന്റുകളും നിർമ്മിക്കപ്പെട്ടിരിക്കുന്നതു്.

* * *

ഈ ഇസ്റ്റിററ്യൂട്ടിന്റെ ആയസക്കൂട്ടലോഹങ്ങളുടെ വകുപ്പിൽ വെച്ചു് *മെക്കോണി*ന്റെ ഒരു പ്രമുഖ എഞ്ചിനീയറായ മി. പി. റാവുവിനെ ഞങ്ങൾ കാണുകയുണ്ടായി. ഇൻസ്റ്റിററ്യൂട്ടിലെ മുഖ്യ സാങ്കേതിക ശാസ്ത്രവിദഗ്ദ്ധനായ ഗ്രിഗറി ലൈസങ്കോവിനോടും മററു സോവിയററു സ്പെഷ്യലിസ്റ്റുകളോടുമൊപ്പം ആ വിഭാഗത്തിലാണ് മി. റാവു ജോലി ചെയ്യുന്നതു്

''മാംഗനീസും സിലീഷ്യവും ചേർത്തുള്ള സാധാരണമായ ആയസക്കൂട്ടലോഹങ്ങളാണ് ഇന്ത്യയിൽ പ്രത്യേകതരം ഉരുക്കുല്പാദിപ്പിക്കാനായി വിപുലമായി ഉപയോഗിക്കപ്പെടുന്നതു്. വനേഡിയം, ടങ്ങ്സ്റ്റൻ, ടൈറാനിയം എന്നിവ ചേർത്തുള്ള അത്രതന്നെ സാധാരണമല്ലാത്ത കൂട്ടലോഹങ്ങളും ഉപയോഗിക്കപ്പെടുന്നുണ്ട്'', പി. ആർ. റാവു പറഞ്ഞു. ''ഇതിൽ ഒടുവിൽ പറഞ്ഞ തരം കൂട്ടലോഹങ്ങളാണ് സോവിയററു യൂണിയനിൽ പലപ്പോഴും ഉപയോഗിക്കപ്പെട്ടുവരുന്നതു്; അതിനാൽ സോവിയററ് യൂണിയന്റെ അനുഭവം ഇന്ത്യയിൽ ഞങ്ങൾക്കു് ഗണ്യമായ താല്പര്യമുള്ളതാണ്.

''സോവിയററു യൂണിയനിൽ എന്റെ പഠനപര്യടനം എത്രയും പ്രയോജനപ്രദമാണെന്നു് തെളിഞ്ഞുകൊണ്ടിരിക്കയാണ്.''

ഇന്ത്യൻ സ്പെഷ്യലിസ്റ്റുകളെ ആയസക്കൂട്ടലോഹ ഡിപ്പാർട്ടുമെണ്ടിന്റെ പുറത്തും കണ്ടുമുട്ടാവുന്നതാണ്.

''ഇന്ത്യയിൽ ആയസക്കൂട്ടലോഹങ്ങളുടെ ഉല്പാദനത്തിനുള്ള പുതിയതും പാരിസ്ഥിതികമായി സുരക്ഷിതവുമായ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടി പ്രവർത്തിച്ചുവരികയാണ് *മെക്കോൺ*. അതിനാൽ, 'ശുദ്ധ'മായ ആയസക്കൂട്ടലോഹോല്പാദനത്തിനും പരിസ്ഥിതിസംരക്ഷണത്തിനുമുള്ള പദ്ധതികളും സൃഷ്ടിക്കുന്ന വകുപ്പുമായി ഇവിടെ സോവിയററു യൂണിയനിൽ ഞാൻ സമ്പർക്കം പുലർത്തി'' മി. റാവു പറഞ്ഞു. ''സോവിയററു യൂണിയനിൽ ഈ പ്രധാനപ്പെട്ട ജോലി കൈകാര്യം ചെയ്യപ്പെടുന്നതു് പാഴ്വസ്തുക്കളെ വാക്കാത്ത സാങ്കേതിക വിദ്യകളുടെ ഉപയോഗം മുഖേനയാണ്; ഇന്ധനത്തിനുള്ള പ്ലാന്റിന്റെ ആവശ്യം നിറവേറുന്നതിനു 'മിച്ചംവരുന്ന' വാതകത്തിനേറെയും താപത്തിനേറെയും ഉപയോഗപ്പെടുത്തിയാണ് അതാശ്രയിക്കുന്നതു്''.

ഇരുമ്പു കലർപ്പുള്ള കൂട്ടലോഹങ്ങളുടെ ഉല്പാദനം വികസിപ്പിക്കുന്നതിൽ ഇന്ത്യയ്ക്കു വൻതോതിൽ സഹായസഹകരണങ്ങൾ നൽകുന്നുണ്ട് സോവിയററ് യൂണിയൻ.

''ഉദാഹരണത്തിനു്, ഞങ്ങളുടെ ഡിസൈനനുസരിച്ചു് ആന്ധ്രപ്രദേശിൽ നിർമ്മിക്കപ്പെട്ട സിലിക്കോൺ—പൊട്ടാഷ് പ്ലാന്റിൽ, ഉയർന്നതരം ഗുണവിശേഷത്തോടുകൂടിയ ഉരുക്കുല്പാദനത്തിന്നാവശ്യമായ ഈ വിലപ്പെട്ട പദാർത്ഥത്തിന്റെ ഉല്പാദനത്തിനു്, 16500 കി.വാ. ആംപിയർ ശക്തിയുള്ള സോവിയററ് നിർമ്മിത വൈദ്യുതച്ചൂളകളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു'', ഗ്രിഗറി ലൈസെങ്കോ പറഞ്ഞു.

↑ *ഇൻസ്റ്റിററ്യൂട്ടിലെ കംപ്യൂട്ടർ ഒരു ഡിസൈനിന്റെ ഭാഗങ്ങൾ വികസിപ്പിച്ചെടുക്കുന്നു*

ഏററവും മുകളിൽ: *ഗിപ്രോസ്റ്റൽ ഡയറക്ടർ ഗെന്നദി ഗെരസ്യിനോവ് (ഇടത്തു നിന്നു് രണ്ടാമത്) വിളിച്ചുകൂട്ടിയിരിക്കുന്ന ഒരു യോഗം*



തൊഴിയാത്തിയിൽ പാർക്കുന്ന ഇന്ദിര


— എ. യെവ്ഗെയിനോവ്

ഫോട്ടോകൾ: ലേഖകൻ

ഒരു വാരാന്ത്യത്തിലാണ് ഞാൻ മസ്ലൂറിയുക്കോവ് കുടുംബത്തെ സന്ദർശിച്ചതു്. വോൽഗാതീരത്തിലെ തോഗ്ലിയാത്തിയിലാണ് അവരുടെ വീട്. കൊച്ചു ഇന്ദിര അച്ഛനമ്മമാരോടും മുത്തച്ഛനോടും മുത്തശ്ശിയോടുമൊന്നിച്ച് അവിടെയുണ്ടായിരുന്നു. ഏതാനും മാസത്തെ മാത്രം പ്രായമുള്ള ഇന്ദിരയ്ക്ക് ഞങ്ങളുടെ സംഭാഷണത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അ

↑ വിക്ടർ മസ്ത്യുക്കോവിന്റെയും ഗലിനയുടേയും ഒരു വിവാഹഫോട്ടോ

മസ്ത്യുക്കോവ് ദമ്പതിമാർക്ക് ഒരു മകൾ പിറന്നു. അവൾക്ക് പരേതയായ ഇന്ത്യാ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പേരിടാൻ ↓ അവർ തീരുമാനിച്ചു



വം തന്റെ കിടക്കയിൽ കിടന്നുകൊണ്ട് വിരിഞ്ഞ കണ്ണുകളോടെ എന്നെ നോക്കി. നവാഗതനെ നോക്കി മനസ്സിലാക്കിയതിനുശേഷം അവം തന്റെ കളിപ്പാട്ടങ്ങളെടുത്തു.

അവ് തോഗ്രാഡ് എന്നു് അറിയപ്പെട്ടിരുന്ന തോഗ്ലിയാത്തി ഡിസ്ട്രിക്ടിലെ ഒരു ഒമ്പതു് നിലകെട്ടിടത്തിന്റെ എട്ടാമത്തെ നിലയിലാണു് മസ്കോവ് കുടുംബം താമസിക്കുന്നതു്. ആ നഗരത്തിന്റെയും ഡിസ്ട്രിക്ടിന്റെയും വളർച്ച അത്ഭുതാവഹമാണു്. ഇരുപതു കൊല്ലം മുമ്പു് ഒരു വനപ്രദേശമായിരുന്ന തോഗ്ലിയാത്തി ഇന്നു് രാജ്യത്തിലെങ്ങും അറിയപ്പെടുന്നു. ഇന്നു് പ്രചുരപ്രചാരം ലഭിച്ചിട്ടുള്ള ലാഡ കാറുകം നിർമ്മിക്കുന്നതിന്നായി അവിടെ വലിയൊരു പ്ലാന്റ് നിർമ്മിക്കപ്പെട്ടതോടുകൂടി ഒരു പട്ടണമെന്ന നിലയിൽ ആ പ്രദേശത്തിന്റെ വികസനം ത്വരിതപ്പെട്ടു. അവ് തോ സാവോദ്സ്കി ഡിസ്ട്രിക്ടു് അതിവേഗം വളർന്നു്, ഫലത്തിൽ നഗരാസൂത്രണത്തിന്നുള്ള ഒരു പരീക്ഷണശാലയുടെ അവസ്ഥയിലെത്തി. വാസ്തുശില്പത്തെയും കെട്ടിടനിർമ്മാണത്തെയും സംബന്ധിച്ച അതീവ പുരോഗമനപരങ്ങളായ ആശയങ്ങളം അവിടെ പ്രയോഗിക്കപ്പെട്ടു.

തോഗ്ലിയാത്തി, അവിടത്തെ നിവാസികളെപ്പോലെ, യൗവനാവസ്ഥയിലാണു്. മസ്കോവ് ദമ്പതികളം ഇതിൽനിന്നു് വ്യത്യസ്തരല്ല. വിക്തറിന്നു 23 വയസ്സു് പ്രായം; അയാളുടെ ഭാര്യയായ ഗാല്യയ്ക്കു 21 വയസ്സു് പ്രായം. വിക്തർ കഴിഞ്ഞ കൊല്ലത്തിൽ മാത്രമാണു് തോഗ്ലിയാത്തിയിലെ ഒരു നിവാസിയായിത്തീർന്നതു്. അതുവരെ അയാളം ഉല്യാനോവ്സ്കു് മേഖലയിലാണു് താമസിച്ചുവന്നതു്. അയാളം താമസം മാറാൻ ഇടയാക്കിയതു് ഗാല്യയാണു്. അയാളം യാദൃച്ഛികമായിട്ടാണു് അവളെ കണ്ടുമുട്ടിയതു്. അയാളം ജനിച്ചുവളർന്ന പട്ടണത്തിൽ, ഒരു സ്നേഹിതയോടൊന്നിച്ചു് കുറച്ചു ദിവസം താമസിക്കുവാൻവേണ്ടി അവം ചെന്നിരുന്നു. അവിടെ വെച്ചു് അവർ കണ്ടു പരിചയപ്പെട്ടു.

''ഒഴിവുകാലം കഴിഞ്ഞശേഷം ഞാൻ തോഗ്ലിയാത്തിയിൽ മടങ്ങിയെത്തുകയും ജോലി ചെയ്യാൻ തുടങ്ങുകയും ചെയ്തു'' എന്നു് ഗാല്യ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: ''പെട്ടെന്നൊരു ദിവസം വാതിൽ മണിയടിച്ചു. വാതിൽ തുറന്നപ്പോം വിക്തറിനെയാണു് കണ്ടതു്. ഞാൻ അവിടെനിന്നു പോന്നതിനെ തുടർന്നു് വിക്തർ ജോലി രാജി വെക്കുകയും, 'എന്നെ നഷ്ടപ്പെടാതിരിക്കാൻവേണ്ടി' തോഗ്ലിയാത്തിയിലേയ്ക്കു വരുകയുമാണു് ചെയ്തതു്.''

നാലു മാസത്തിന്നു ശേഷം അവർ വിവാഹിതരായി. അതിന്നുശേഷം അവർ ഗാല്യയുടെ മാതാപിതാക്കളോടൊന്നിച്ചു താമസിക്കാൻ തുടങ്ങി. മൂന്നു മുറികളുള്ള ഒരു ഫ്ളാറ്റായിരുന്നു അവരുടേതു്. വിക്തർ *വാസ്* മോട്ടോർ നിർമ്മാണശാലയിൽ ഒരു ഇലക്ട്രീഷ്യനായി ജോലിയിൽ പ്രവേശിച്ചു. ഗാല്യ ഒരു രാസനിർമ്മാണശാലയിൽ മാപനോപകരണങ്ങളെ മേൽനോട്ടം ചെയ്യുന്ന ജോലി തുടർന്നു.

1985 മെയ് 22–ാം തീയതി ഒരു വലിയ സംഭവമുണ്ടായി. യുവദമ്പതികൾക്കു ഒരു മകം പിറന്നു. അവർക്കു അവർ ഇന്ദിരാ എന്നു് പേരിട്ടു.

''പ്രധാനമന്ത്രി രാജീവ്ഗാന്ധി സോവിയറ്റ് യൂണിയൻ സന്ദർശിച്ച അവസരത്തിലാണു് ഇന്ദിര പിറന്നതു്'' എന്നു് ഗാല്യ പറഞ്ഞു: '' സന്ദർശനത്തെയും ഇന്ത്യയിലെ സംഭവങ്ങളെയും ഇന്ത്യൻ ജനതയുടെ ജീവിത ശൈലിയെയും സംബന്ധിച്ച ധാരാളം വിവരങ്ങം ടെലിവിഷനിലും റേഡിയോവിലും പത്രങ്ങളിലും വന്നു. ഇന്ദിരാഗാന്ധിയെപ്പറ്റി ഞങ്ങം ധാരാളം കേൾക്കുകയും വായിക്കുകയും ചെയ്തിരുന്നു—അവർ നമ്മുടെ രാജ്യത്തിന്റെ ഒരു ഉത്തമ സുഹൃത്താണെന്നു് ഞങ്ങം അറിഞ്ഞിരുന്നു. അതിനാൽ അവരുടെ പേരു ഞങ്ങളുടെ മകൾക്കു നൽകുവാൻ ഞങ്ങം തീരുമാനിച്ചു''.

''വേറൊരു കാരണംകൂടിയുണ്ടെ''ന്നു് വിക്തർ ഇടയ്ക്കു കയറി പറഞ്ഞു: ''സാധാരണമായി, ഒരു കുട്ടിയ്ക്കു ഒരു പ്രശസ്ത വ്യക്തിയുടെ പേരിടുമ്പോം, ആ വ്യക്തി, നവജാത ശിശുവിന്നു് പിന്തുടരുവാനുള്ള ഒരു മാതൃകയായിത്തീരുമെന്നു് പ്രത്യാശിക്കപ്പെടുന്നു. ഇന്ദിരാഗാന്ധിയുടെ ജീവിതം ഞങ്ങളുടെ മകൾക്കു് ഒരു മാതൃകയാവണമെന്നു് ഞാനാഗ്രഹിക്കുന്നു. ഞങ്ങളുടെ മകം, സത്യസന്ധയും ധീരയും ഉദാരഗുണശീലയുമായ ഒരു വ്യക്തിയായി വളർന്നുവരണമെന്നു് ഞാനാഗ്രഹിക്കുന്നു''.

''നിങ്ങളുടെ ബന്ധക്കളം പരിചയക്കാരും എന്തു പറഞ്ഞു'' എന്നു് ഞാൻ ചോദിച്ചു.

''എല്ലാവർക്കും ഈ പേരു് ഇഷ്ടപ്പെട്ടു''— വിക്തർ പറഞ്ഞു: ''ഇന്ദിര എന്ന പേരിന്നു്, റഷ്യനിലും ഉച്ചാരണസൗകര്യവും ശ്രവണസുഖവുമുണ്ടെന്നു് ഞങ്ങളെപ്പോലെ ഞങ്ങളുടെ സുഹൃത്തുക്കളും കരുതുന്നു''.

ഇന്ദിരയുടെ ഏതാനും ഫോട്ടോകളെടുക്കുവാൻ വേണ്ടി അവളെ മുറിയ്ക്കു വെളിയിലേയ്ക്കു കൊണ്ടുവന്നാൽ നന്നായിരിക്കുമെന്നു് യുവമാതാപിതാക്കളോടു് ഞാൻ പറഞ്ഞു. ഞാൻ ഫോട്ടോകളെടുത്തു. അതിന്നുശേഷം ഞങ്ങം ആ പുതിയ നഗരത്തിൽ നടക്കാനായി ഇറങ്ങി. വിക്തറും ഗാല്യയും തങ്ങളുടെ ജീവിതത്തെപ്പറ്റിയും ഭാവിക്കുള്ള പദ്ധതികളെപ്പറ്റിയും, അന്യോന്യം മത്സരിച്ചു പറയാൻ തുടങ്ങി. തങ്ങൾക്കു് ഇന്ത്യയിലും ഇന്ത്യൻ സംസ്കാരത്തിലും ഇന്ത്യൻ കലകളിലുമുള്ള താല്പര്യത്തെപ്പറ്റിയും അവർ പറഞ്ഞു. (അവിടെ ഏതെങ്കിലും ഇന്ത്യൻ സിനിമ ചെന്നാൽ വിക്തറും ഗാല്യയും ഒരിക്കലും അതു് കാണാതെ വിടില്ല).

വിക്തർക്കു് ഇന്ത്യൻ സംസ്കാരത്തിൽ താല്പര്യമുണ്ടായിത്തുടങ്ങിയതു് ബാല്യകാലത്താണു്. 500–ൽ പരം കൊല്ലങ്ങം മുമ്പു് ഇന്ത്യ സന്ദർശിച്ച റഷ്യൻ സഞ്ചാരിയായ അഫനാസി നികിതിനെക്കുറിച്ചുള്ള ഒരു ഫിലിം അന്നു കാണാനിടയായി. അതിനെ തുടർന്നു് വിക്തർ ഇന്ത്യയെക്കുറിച്ചു് കൂടുതലായി അറിയാൻ ശ്രമിച്ചുവന്നു; ഒരു ദിവസം ഗാല്യയോടും ഇന്ദിരയോടുമൊന്നിച്ചു് ഇന്ത്യ സന്ദർശിക്കുന്നതിനെപ്പറ്റി അയാം സ്വപ്നം കാണുന്നു.

ഇന്നു് അവരുടെ എല്ലാ പദ്ധതികളും മകളെ കേന്ദ്രീകരിച്ചുള്ളതാണു്. ഗാല്യ ഇപ്പോഴും അവധിയിലാണു്. ഇന്ദിരയ്ക്കു 18 മാസം പ്രായമാവുന്നതുവരെ ഈ അവധിയിൽ തുടരാം. അതിന്നുശേഷം ജോലിയ്ക്കു പോവുന്നതായിരിക്കും. ഇന്ദിര ഒരു പക്ഷേ നഴ്സറി സ്കൂളിലേയ്ക്കുപോയെന്നു വരും.

ഇന്നു് വിക്തറുടെ ശമ്പളവും, കുട്ടിയ്ക്കായി ഗാല്യയ്ക്കു ലഭിക്കുന്ന അലവൻസും കൊണ്ടാണു് അവർ ജീവിക്കുന്നതു്. അവർക്കിതു മതിയാവും. വിക്തർ തന്റെ തൊഴിൽയോഗ്യത മെച്ചപ്പെടുത്താൻ പോവുകയാണു്. അപ്പോം അയാളുടെ വരുമാനം വർദ്ധിക്കും. അയാം റോബോട്ടുകളെ (യന്ത്രമനുഷ്യർ) പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അയാളുടെ പ്ലാന്റിൽ വലിയ തോതിൽ റോബോട്ടുകളെ ഏർപ്പെടുത്തിവരികയാണു്. ആ ജോലി താല്പര്യജനകമാണെന്നു് അയാം കരുതുന്നു. അതിനു് നല്ല ഭാവിസാദ്ധ്യതകളുണ്ടെന്നും അയാം വിചാരിക്കുന്നു. ''വാസ് മോട്ടോർ നിർമ്മാണശാല, വമ്പിച്ച സാദ്ധ്യതകളുള്ള ഒരു സ്ഥാപനമാണെ''ന്നു് വിക്തർ പറയുന്നു: ''ആർക്കും, ആഗ്രഹമുള്ള പക്ഷം, തന്റെ കഴിവു് പ്രകടിപ്പിക്കുവാനുള്ള സൗകര്യം ഇവിടെയുണ്ടു്.''

ഗാല്യയുടെ തൽക്കാലം പ്രത്യേക പദ്ധതിയൊന്നുമില്ല: ''ഇന്ദിര ആരോഗ്യവതിയായിരുന്നാൽ എല്ലാം ശരിയാണു്'' എന്നവം പറയുന്നു.

വിക്തർക്കു് ഒരു ഫ്ളാറ്റ് നൽകാമെന്നു് അയാളുടെ പ്ലാന്റിലെ ട്രേഡ് യൂണിയൻ കമ്മിറ്റി ഏറ്റിരിക്കുന്നു. വളരെവേഗം ഗൃഹപ്രവേശച്ചടങ്ങു് നടത്താൻ കഴിയുമെന്നു് ഭാര്യയും ഭർത്താവും വിചാരിക്കുന്നു.

വിട പറയേണ്ട സമയം വന്നുചേർന്നു. ഞാൻ യാത്ര ചെയ്യേണ്ട വിമാനം പുറപ്പെടുന്നതിനു് ഏതാനും മണിക്കൂർനേരമേ ഉണ്ടായിരുന്നുള്ളു. വിക്തറും ഗാല്യയും എന്നെ യാത്രയയയ്ക്കുന്നതിന്നുവേണ്ടി വിമാനത്താവളത്തിലേയ്ക്കുള്ള പകുതി വഴിവരെ വന്നു. യാത്ര പറഞ്ഞു പിരിഞ്ഞതിനു ശേഷം ഞാൻ തിരിഞ്ഞു നോക്കിയപ്പോം അവർ ഹരിതാഭമായ തണൽമരങ്ങളുള്ള പാതയിലൂടെ ഉത്സാഹപൂർവ്വം സംസാരിച്ചുകൊണ്ടു പോകുന്നതു കണ്ടു. ഇന്ദിര, അവളുടെ മനോഹരമായ കൊച്ചു ഉന്തുവണ്ടിയിൽ സസുഖം ഉറങ്ങുകയായിരുന്നു. അവളുടെ ജീവിതം ആരംഭിക്കുന്നതേയുള്ളു. ഭാവിയിൽ അവം ആരായിത്തീരുമെന്നു് ആർക്കറിയാം? തന്റെ അച്ഛനമ്മമാരുടെ സ്വപ്നത്തെ അവം സാക്ഷാൽക്കരിക്കുമോ?

**

അപ്പാർത്തീഡ് അവസാനിപ്പിക്കണം!

(14—ാം പേജിൽനിന്ന് തുടർച്ച)

ഒരു ഒററ ജനാധിപത്യസ്റ്റേറ്റ് സൃഷ്ടിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന ആഫ്രിക്കൻ ദേശീയ കോൺഗ്രസ്സിനും മററു സംഘടനകൾക്കും പ്രവർത്തനസ്വാതന്ത്ര്യം നൽകണമെന്നും സോവിയററുടേഡ്‌യൂണിയനും ആവശ്യപ്പെടുന്നു.

''1985 ഒക്ടോബറിൽ അഖില യൂണിയൻ കേന്ദ്രടേഡ് യൂണിയൻ കൗൺസിലിന്റെ കൂടി ആഭിമുഖ്യത്തിൽ മോസ്കോവിൽവെച്ച് നടന്ന ലോകടേഡ് യൂണിയൻ ഫെഡറേഷന്റെ 37--ാമതു ജനറൽ കൗൺസിൽ യോഗം, ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡിനു അറുതിവരുത്തുവാൻ വേണ്ടി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പരിശ്രമങ്ങളെ അണിനിരത്തുവാൻ ലോകടേഡ് യൂണിയൻ പ്രസ്ഥാനത്തെ ആഹ്വാനം ചെയ്തുകൊണ്ടുള്ള ഒരു പ്രത്യേക പ്രമേയം അംഗീകരിക്കുകയുണ്ടായി.''

''ദക്ഷിണാഫ്രിക്കയുടെ പ്രശ്നം ഒരു സാവ്ദേശീയ പ്രശ്നമായിത്തീർന്നിരിക്കുന്നുവെന്നും, അതിന്റെ പരിഹരണത്തിനു്, അപ്പാർത്തീഡിനു് എതിരായ സമരത്തിൽ സാർവ്വദേശീയ സമൂഹത്തിന്റെയാകെ ഭാഗഭാഗിത്വം ആവശ്യമാണെന്നും, യു. എസ്. എസ്. ആർ. ശാസ്ത്ര അക്കാദമിയുടെ കറസ്പോണ്ടിങ് അംഗമായ *ഇഗോ സിഫ് ഗ്രിഗുലേവിച്ച്* തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു: ''അതുകൊണ്ടാണു് ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡിന്നെതിരായ പ്രതിഷേധത്തിന്റേതും, അവിടത്തെ പൊരുതുന്ന ജനങ്ങളോടുള്ള സഹഭാവത്തിന്റേതുമായ പ്രസ്ഥാനം ഉത്തരോത്തരം ശക്തിപ്പെടുന്നതു്; അതു്, സോവിയററു യൂണിയനിലും മററു സോഷ്യലിസ്ററു രാജ്യങ്ങളിലും മാത്രമല്ല, വികസ്വരരാജ്യങ്ങളിലും പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിൽത്തന്നെയും ത്വരിതമായി വ്യാപിക്കുകയും, അങ്ങിനെ ഒരു ലോകവ്യാപകസ്വഭാവമാർജ്ജിക്കുകയും ചെയ്തുവരുന്നു''.

ജനങ്ങൾ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്നു

''അപ്പാർത്തീഡ്, വംശീയ പീഡനത്തിന്റെ ഏററവും നിന്ദാവഹമായ പ്രകടനമാണു്; മാനവരാശിക്കെതിരായ നഗ്നമായ പാതകമാണു്; മനുഷ്യാവകാശങ്ങളുടെ ഘോരമായ ലംഘനമാണു്; ഇങ്ങിനെയുള്ള അപ്പാർത്തീഡിനു് ഉടനടിയായും എന്നെന്നേക്കുമായും അറുതിവരുത്തണമെന്നു് ആവശ്യപ്പെടുന്ന ഐക്യരാഷ്ട്രസംഘടനയെയും ചേരിചേരാപ്രസ്ഥാനത്തെയും സാവ്ദേശീയസമൂഹത്തെയാകെയും ദക്ഷിണാഫ്രിക്കൻ ഗവർമ്മെണ്ടു് അതിന്റെ നിഷ്ഠൂരപ്രവൃത്തികളും കൊണ്ടു് വെല്ലുവിളിക്കുകയാണു്''.

— *സോവിയററ് ഗവർമ്മെണ്ടിന്റെ പ്രസ്താവനയിൽനിന്നു*

കറുത്തവരായ ജനങ്ങളുടെമേൽ നടത്തുന്ന നിർദ്ദയചൂഷണം മുഖേന ലഭിക്കുന്ന കൂററൻ ലാഭമാണു്, വിദേശീയ ബാങ്കുകളെയും വിദേശീയ വ്യവസായ സ്ഥാപനങ്ങളെയും ദക്ഷിണാഫ്രിക്കയിലേയ്ക്കു് ആകർഷിക്കുന്നതെന്നു് വ്സെവൊലോദ് മൊഷായേവ് പറഞ്ഞു: ''അവിടെ ഏതാണ്ടു് 6000 കമ്പനികളും തിരുതകൃതിയായി പ്രവർത്തിക്കുന്നുണ്ടു്. അവയിൽ 1068 എണ്ണം ദശാതീത കോർപ്പറേഷനുകളാണു്. 400 വലിയ അമേരിക്കൻ കമ്പനികളും ദക്ഷിണാഫ്രിക്കയിൽ ഏതാണ്ടു് 1500 കോടി ഡോളർ നിക്ഷേപിച്ചിട്ടുണ്ടു്. മററു സാമ്രാജ്യത്തരാജ്യങ്ങളിലെ കമ്പനികളും ഏതാണ്ടു് അത്രതന്നെ നിക്ഷേപിച്ചിരിക്കുന്നു. ഈ കമ്പനികളെല്ലാംകൂടി ഓരോ അഞ്ചാറുകൊല്ലത്തിന്നിടയിൽ 3000 കോടി ഡോളർ വീതം ലാഭത്തിന്റെ രൂപത്തിൽ കടത്തിക്കൊണ്ടുപോകുന്നു.

''പാശ്ചാത്യലോകത്തിലെ പ്രമുഖ മുതലാളിത്ത രാജ്യങ്ങൾക്കു് തന്ത്രപ്രധാനങ്ങളായ അസംസ്കൃതസാധനങ്ങൾ ദക്ഷിണാഫ്രിക്കയിൽനിന്നു് കിട്ടുന്നു. ഇവിടെയുറേനിയം, തകരം, സ്വർണ്ണം, വജ്രം, തുത്തനാകം, ടങ്സ്റ്റൻ, വെള്ളിയിരുമ്പു്, ചെമ്പു് എന്നിവ ഖനനം ചെയ്യപ്പെടുന്നു. അമേരിക്കയുടെ എഫ്—15 എന്ന ഒരു പോർവിമാനം നിർമ്മിക്കുന്നതിനു് ഏഴു കിലോഗ്രാമിൽകുറഞ്ഞ അളവിൽ ക്രോമിയം മതിയാകും. മുതലാളിത്തലോകത്തെ സംബന്ധിച്ചേടത്തോളം ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിൽ മാത്രമാണു് അതു് ഖനനം ചെയ്യപ്പെടുന്നതു്.

''പ്രാഥമികാവകാശങ്ങളും പോലും നിഷേധിക്കപ്പെട്ടിരിക്കുന്ന അവിടത്തെ കറുത്ത ജനങ്ങളാണു് ഈ സമ്പത്തു് മുഴുവനും ഉല്പാദിപ്പിക്കുന്നതു്''. അവർ ദക്ഷിണാഫ്രിക്കയിലെ അദ്ധ്വാനിക്കുന്നവരായ മൊത്തം ജനങ്ങളുടെ മൂന്നിൽ രണ്ടുഭാഗംവരും. ദിവസത്തിൽ 12-14 മണിക്കൂർനേരം പണിയെടുക്കുന്ന കറുത്ത ജനങ്ങൾക്കു്, വെളുത്തവർക്കു ലഭിക്കുന്ന വേതനത്തിന്റെ അഞ്ചിലൊന്നു മാത്രമാണു് നൽകപ്പെടുന്നതു്. എന്നു മാത്രമല്ല, ആഫ്രിക്കർക്കു് ജോലി കിട്ടാൻ വളരെ പ്രയാസമാണു്. രാജ്യത്തു് തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. തൊഴിലില്ലാത്തവർ 1960—ൽ പത്തുലക്ഷമായിരുന്നു; ഇന്നവരുടെ സംഖ്യ മുപ്പതുലക്ഷമായിട്ടുണ്ടു്.

''ആഫ്രിക്കരായ ഭൂരിഭാഗം ജനങ്ങളും ബന്തുസ്താനിൽ, യാതൊരവകാശവുമില്ലാതെ ദാരിദ്ര്യത്തിന്റെ പിടിയിൽ ദുരിതപൂർണ്ണമായ ജീവിതമാണു് നയിക്കുന്നതു്. അവർക്കു് വിദ്യാഭ്യാസം ലഭിക്കുന്നതിന്നോ വൈദ്യസഹായം ഉപയോഗപ്പെടുത്തുന്നതിന്നോ സൗകര്യമില്ല''.

ദക്ഷിണാഫ്രിക്കയിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് ഈ സമരത്തിൽ തങ്ങളുടെ ശേഷി മുഴുവൻ തീർന്നിട്ടില്ല എന്നു് ചരിത്രവിഷയത്തിൽ കാൻഡിഡേറായ പത്രപ്രവർത്തകൻ *വ്ളദിമിർ ഷുബിൻ* തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു: രാജ്യത്തിന്റെ സാമ്പത്തിക ജീവിതത്തെ സ്തംഭിപ്പിച്ച രണ്ടു ദിവസത്തെ പൊതുപണിമുടക്കത്തെ അദ്ദേഹം അനുസ്മരിച്ചു. 1985 ആഗസ്റ്റിൽ ഖനിത്തൊഴിലാളികളും വലിയൊരു പണിമുടക്കത്തിനു് തയ്യാറെടുത്തുവന്നപ്പോഴും, ആ സമരത്തിന്റെ മുനയൊടിക്കുന്നതിനും അതു വലിയൊരു രാഷ്ട്രീയപണിമുടക്കായി വളരുന്നതിനെ തടയുന്നതിനുംവേണ്ടി, മിക്ക കമ്പനികളും സാമ്പത്തികസൗജന്യങ്ങളും ഉടനടി അനുവദിക്കാമെന്നു സമ്മതിച്ച കാര്യവും അദ്ദേഹം അനുസ്മരിക്കുകയുണ്ടായി. ''കറുത്ത ജനങ്ങളും വെള്ളക്കാരുടെ ഷോപ്പുകളും ബഹിഷ്ക്കരിച്ചതു് മറെറാരു ദൃഷ്ടാന്തമാണു്. ഇത്തരം നടപടികളും ബഹുജനസ്വഭാവം കൈക്കൊള്ളുന്നതോടുകൂടി വെള്ളക്കാരുടെ മിക്ക സ്ഥാപനങ്ങളും പാപ്പരാവുക പതിവാണു്.

''ദക്ഷിണാഫ്രിക്കയിലെ വിമോചനസമരത്തിന്റെ ഇന്നത്തെ ഘട്ടം, സംഘടനാപരമായ ശേഷികൊണ്ടും വ്യാപ്തികൊണ്ടും അഭൂതപൂർവ്വമാണെന്നു് പറയാം.

''അപ്പാർത്തഡിനെതിരായ സമരത്തിനു് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സു് നേതൃത്വം വഹിക്കുന്നു. കോൺഗ്രസ്സു് നിരോധിക്കപ്പെട്ടിരിക്കുകയാണെങ്കിലും, ജനങ്ങളും—വിശേഷിച്ചു്, ആഫ്രിക്കൻ കുടിയിരുപ്പുകളിലെ ജനങ്ങളും—അതിന്റെ കൊടിക്കീഴിൽ, അതിന്റെ മുദ്രാവാക്യങ്ങളും ഉയർത്തിക്കൊണ്ടു പ്രവർത്തിക്കുകയും, അതിനു് യഥാർത്ഥാംഗീകാരം നൽകുകയും ചെയ്യുന്നു. ദക്ഷിണാഫ്രിക്കൻ ഗവർമ്മേണ്ടിനെതിരായ സമരം ഉത്തരോത്തരം ശക്തിപ്പെട്ടുവരുന്നു. രാഷ്ട്രത്തിന്റെ കന്തമുനയായ ദക്ഷിണാഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ ഘടകങ്ങളും വംശീയവാദികൾക്കു് തകർപ്പൻ പ്രഹാരമേല്പിച്ചുകൊണ്ടു് വിജയകരമായി പ്രവർത്തിക്കുന്നു.

''ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ സമ്മേളനം 1985 ജൂണിൽ നടന്നു. ഇന്നു് നിലവിലുള്ള സാഹചര്യങ്ങളിൽ ദക്ഷിണാഫ്രിക്കൻ ഭരണാധികാരികളുമായി സംഭാഷണം നടത്തുക അസാദ്ധ്യമാണെന്നും അതിനാൽ, അപ്പാർത്തീഡ് ഭരണത്തിനെതിരായി സായുധസമരം ഊർജ്ജിതപ്പെടുത്തുക ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ സമ്മേളനമെത്തിച്ചേർന്നു.

അപ്പാർത്തീഡിനെതിരായ സമരത്തിൽ ജനാധിപത്യൈക്യമുന്നണി സുപ്രധാനമായ ഒരു പങ്കുവഹിക്കുന്നു. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതു മുതൽ ഭരണാധികാരികളും മുന്നണിയുടെ നേതാക്കളെ നശിപ്പിക്കുവാൻ ശ്രമിച്ചുവരുകയാണു്. 6000—ൽപരമാളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ടു്. എന്നാൽ, സമരം തീവ്രമായി നടന്നുകൊണ്ടേയിരിക്കുന്നു.

''ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ സമേളനം അംഗീകരിച്ച പ്രമേയത്തിൽ ന്യായമായി ചൂണ്ടിക്കാട്ടപ്പെട്ടതുപോലെ, 'കറുത്ത മല്ലൻ അവന്റെ കരുത്തുററ നീണ്ട കാലുകളും ഉയർത്തുകയാണു്. നൂറാണ്ടുകളായി അവനെ ബന്ധിച്ചിട്ടിരുന്ന ചങ്ങലകളും അവൻ പൊട്ടിക്കുകയാണു്. അവൻ ആത്മവിശ്വാസത്തോടുകൂടി പുതിയൊരു പോരാട്ടത്തെ സമീപിക്കുകയാണു്. തന്നെമാത്രമല്ല, വെളുത്തവരായ ജനങ്ങളെക്കൂടി സ്വതന്ത്രമാക്കുവാൻ അവൻ ദൃഢനിശ്ചയമെടുത്തിട്ടുണ്ടു്. അപ്പാർത്തീഡ് സമ്പ്രദായം വെള്ളക്കാരുടെ ജീവിതത്തെയും നശിപ്പിച്ചു താറുമാറാക്കിയിരിക്കുകയാണു്''.

അപ്പാർത്തീഡ് ഭരണത്തിന്നെതിരായ

സമരത്തിൽ പുരോഹിതരും പങ്കെടുക്കുന്നു. ക്രൈസ്തവധർമ്മവും വംശീയ വിവേചനവും തമ്മിൽ പൊരുത്തപ്പെടുകയില്ലെന്നു് മിൻസ്റ്റിന്റെയും ബൈലോറഷ്യയുടെയും മെത്രാപ്പോലീത്തയായ ഫിലാറെത്തു് സിമ്പോസിയത്തിൽ പ്രസംഗിക്കവേ പ്രസ്താവിച്ചു: ഏതു രൂപത്തിലുള്ള വംശീയവാദവും, വിശുദ്ധവേദപുസ്തകത്തിനും ക്രൈസ്തവസഭയുടെ പ്രബോധനങ്ങൾക്കും വിരുദ്ധമാണു്. അതു് ജനങ്ങളോടുള്ള സ്നേഹത്തിനേറെതായ ക്രിസ്തുവിന്റെ കല്പനയെ ലംഘിക്കുന്നു. ക്രൈസ്തവനേറെതായ മനസ്സും ഹൃദയവുമുള്ള ആർക്കും തന്നെ, അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങളുടെ ലംഘനത്തെ പൊറുപ്പിക്കാനാവില്ല. അപ്പാർത്തീഡിന്റെയും നിറത്തിന്റെ പേരിൽ ജനങ്ങളെവേർതിരിച്ചു് അകറ്റിപ്പാർപ്പിക്കുന്നസമ്പ്രദായത്തിന്റെയും അനുകൂലികളായ വംശീയവാദികളും മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിക്കുകയാണു്. അതുകൊണ്ടാണു് ക്രൈസ്തവർ, ദക്ഷിണാഫ്രിക്കയിലെ ഭൂരിഭാഗം ജനങ്ങളുടെ ദുസ്സഹമായ മനോവേദനയിൽ ഇത്രമാത്രം സഹതപിക്കുന്നതു്; അതു്കൊണ്ടാണു്, ദക്ഷിണാഫ്രിക്കയിലെ ക്രൈസ്തവസഭകളുടെ കൗൺസിലിന്റെയും നമീബിയിലെ ക്രൈസ്തവസഭകളുടെ കൗൺസിലിന്റേയും ക്രൈസ്തവസഭകളുടെ സമസ്ത ആഫ്രിക്കൻ കോൺഫറൻസിന്റേയും ദൈവപ്രബുദ്ധമായ പ്രവർത്തനങ്ങൾക്കു് ഹൃദയപൂർവ്വം പിന്തുണ നൽകുകയും, അവിരാമമായ പീഡനത്തിന്റെ നടുവിൽ, കറുത്ത ജനങ്ങൾക്കെതിരായ ഭീകരവൃത്തി അവസാനിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നതു്. വംശീയവാദികം സൃഷ്ടിച്ചിട്ടുള്ള ''കൊലയാളിവ്യൂഹം'' തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ, നോബൽ സമ്മാനജേതാവും ദക്ഷിണാഫ്രിക്കയിലെ ക്രൈസ്തവസഭകളുടെ സെക്രട്ടറി ജനറലുമായ മെത്രാൻ ഡെസ്മണ്ട് തുതുവിനെയും, പരിഷ്കരിക്കപ്പെട്ട സഭകളുടെ ലോകസഖ്യത്തിന്റെ പ്രസിഡണ്ടായ റെവറൻറ് അല്ലൻ ബൈയെസാക്കിനെയും പോലുള്ള പ്രശസ്തരായ അപ്പാർത്തീഡ് വിരോധികളുടെ പേരുകളുണ്ടെന്ന വസ്തുതയെ അവർക്കു് പൊറുക്കാൻ കഴിയുകയില്ല''.

സോവിയറു യൂണിയനിലെ ക്രൈസ്തവസഭകം അപ്പാർത്തീഡിനെ സജീവമായി നിഷേധിക്കുകയും അപലപിക്കുകയും ചെയ്യുന്നുവെന്നു് മെത്രാപ്പോലീത്താ ഫിലാറെത്തെ് പറഞ്ഞു: 1969—ൽ സോവിയറു് യൂണിയനിലെ എല്ലാ മതങ്ങളുടെയും പ്രതിനിധികളുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. പ്രസ്തുത സമ്മേളനം ''കൊളോണിയലിസത്തിന്റെയും പുത്തൻ കൊളോണിയലിസത്തിന്റെയും വംശീയവാദത്തിന്റേയും അപ്പാർത്തീഡിന്റെയും പ്രശ്നങ്ങളെ സംബന്ധിച്ചു് അംഗീകരിച്ച പ്രമേയം, നിറത്തിന്റെയും വംശത്തിന്റെയും സാമൂഹ്യവിഭാഗത്തിന്റേയും അടിസ്ഥാനത്തിലുള്ള പക്ഷഭേദപരമായ വിവേചനത്തെ ഖണ്ഡിതമായി അപലപിച്ചു; മനുഷ്യന്റെ ഉൽകൃഷ്ടതയേയോ അപകൃഷ്ടതയെയോ സംബന്ധിച്ച കൃത്രിമ പ്രമാണത്തെ അടിസ്ഥാനപ്പെടുത്തി ജനതകൾക്കെതിരായി നടത്തുന്ന ഏതു പീഡനവും ദൈവനിയമത്തിനും നീതിയ്ക്കും വിരുദ്ധമാണെന്നു് അതു് പ്രഖ്യാപിച്ചു.

ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ സ്ഥിതിയെ സംബന്ധിച്ചു സോവിയറു യൂണിയനിലെ ക്രൈസ്തവസഭകളുടെയും മതസംഘടനകളുടേയും തലവന്മാരും പ്രതിനിധികളും ചേർന്നു് 1985 ഒക്ടോബർ 3—ാം തീയതി പുറപ്പെടുവിച്ച സംയുക്ത പ്രസ്താവന, അവിടത്തെ കറുത്ത ജനങ്ങളും മറു പൗരരും സംഘടനകളും പ്രസ്ഥാനങ്ങളും വംശീയവാദപരമായ അപ്പാർത്തീഡ് സമ്പ്രദായത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി നടത്തുന്ന സമരത്തോടു സഹഭാവം പ്രകടിപ്പിക്കുകയുണ്ടായി.

വംശീയവാദികളുടെ രക്ഷാധികാരികൾ പാതകത്തിലെ കൂട്ടാളികൾ

> ''ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിന്റെ ഭരണാധികാരികൾക്കു്, സ്വാധീനശക്തിയുള്ള പാശ്ചാത്യ രക്ഷാധികാരികളുടെ പിന്തുണയുണ്ടെന്നു്—വിശേഷിച്ചു്, ദക്ഷിണാഫ്രിക്കയിലെ വംശീയവാദി ഭരണത്തിനെതിരായി, ഐക്യരാഷ്ട്രസഭ്തീട്ടു രം വിഭാവനം ചെയ്യുന്നവിധത്തിലുള്ള സമ്മർദ്ദ നടപടികളെ തടസ്ഥപ്പെടുത്തിയ അമേരിക്കയുടെ പിൻബലമുണ്ടെന്നു്—അനുഭവപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അവർക്കു ലോകപൊതുജനാഭിപ്രായത്തെ യാതൊരു ശിക്ഷാഭയവും കൂടാതെ അവഗണിക്കുവാൻ കഴിയുമായിരുന്നില്ല.''
>
> — *സോവിയറു് ഗവർമ്മെണ്ടിന്റെ പ്രസ്താവനയിൽനിന്നു*

നമീബിയയെ സംബന്ധിച്ച ഒത്തുതീർപ്പു് ആശയു വഴിയില്ലാത്ത ഒരു സ്തംഭനത്തിലെത്തിയിരിക്കുകയാണെന്നു് പത്ര പ്രവർത്തകനായ *ബോറിസ് അസോയാൻ* (ചരിത്രവിഷയത്തിൽ കാൻഡിഡേറ്റ്) പ്രസ്താവിച്ചു. ''രചനാത്മകമായ സഹകരണ'ത്തിന്റെയും അംഗോളയുടെ പ്രദേശത്തുനിന്നുള്ള ക്യൂബൻ സൈനികഘടകത്തിന്റെ പിൻമാറ്റവുമായി ഇന പ്രശ്നത്തെ ബന്ധപ്പെടുത്തുവാനുള്ള അമേരിക്കൻ നിർദ്ദേശത്തിന്റെയും മറപിടിച്ചുകൊണ്ടു് നമീബിയയിലെ പാവഭരണത്തിനു് നിയമസാധുത്വമുണ്ടാക്കുവാൻ ദക്ഷിണാഫ്രിക്കൻ ഗവർമ്മേണ്ടു് കിണഞ്ഞു ശ്രമിക്കുന്നു.

''1984—ൽ ദക്ഷിണാഫ്രിക്ക അംഗോളയുമായും മൊസ്സാംബിക്കുമായും ഒപ്പുവെച്ച കരാറിനെ വംശീയവാദികളുടെ ''സമാധാനപരമായ സ്വഭാവ''ത്തിനുള്ള തെളിവായും ''സംഭാഷണം നടത്തുവാൻ അവർക്കുള്ള സന്നദ്ധത''യ്ക്കുള്ള ദൃഷ്ടാന്തമായും പാശ്ചാത്യപ്രചാരണവിധാനം അവതരിപ്പിക്കുകയുണ്ടായി. പക്ഷേ, ഇങ്ങിനെ കരാറു് ഉണ്ടാക്കിയതിനുശേഷവും ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്ക് അംഗോളയുടെ ഭൂപ്രദേശത്തെ കൈയടക്കിവെച്ചുകൊണ്ടിരിക്കുകയാണു്. അംഗോളയിലെയും മൊസ്സാംബിക്കിലെയും പ്രതിവിപ്ലവസംഘങ്ങൾക്കു് സഹായം നൽകിക്കൊണ്ടിരിക്കുകയാണു്''.

''മുൻനിരരാജ്യങ്ങം'' ദക്ഷിണാഫ്രിക്കൻ ഗവർമ്മേണ്ടിന്റെ ഇടവിടാതുള്ള ആക്രമണത്തിനു് വിധേയമായിവരുന്നുവെന്നു് *വാസിലി സൊളോദവ്നികോവ്* തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു യു. എസ്. എസ്. ആർ. ശാസ്ത്ര അക്കാദമിയുടെ കറസ്പോണ്ടിങ്ങു് മെംബറും, സോവിയറു ആഫ്രോ—ഏഷ്യൻ സഹഭാവ സമിതിയുടെ വൈസ് ചെയർമാനുമായ അദ്ദേഹം ''മുൻനിരരാജ്യങ്ങളു''ടെ നില പരിശോധിച്ചു. ''അയൽപക്കത്തെ ആഫ്രിക്കൻ രാജ്യങ്ങളിലെ സ്ഥിതി താറുമാറാക്കുകയും അവയുടെ വിദേശനയത്തിൽ മാറ്റം വരുത്തിക്കുകയും ചെയ്കയെന്നതാണു് ദക്ഷിണാഫ്രിക്കയുടെ ഈ ആക്രമണനടപടികളുടെ ഉദ്ദേശ്യം'' എന്നദ്ദേഹം പറഞ്ഞു:

അപ്പാർത്തീഡിനും വംശീയവാദത്തിനുമെതിരായ സമരം ഒരു സാവ്വദേശീയ പ്രശ്നമാണു്; അതിനു് ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ ജനാധിപത്യശക്തികൾക്കിടയിൽതന്നെ സഹഭാവവും ഐക്യവും കൂടുതൽ ദൃഢപ്പെടുത്തുക ആവശ്യമാണു്; സൂപ്പർപവർ, ആഫ്രിക്കൻ ദേശീയ കോൺഗ്രസ്സും ഐക്യജനാധിപത്യമുന്നണിയും മുൻനിരരാജ്യങ്ങളും തമ്മിലുള്ള ഐക്യം കൂടുതൽ ശക്തിപ്പെടുക ആവശ്യമാണു്. വംശീയവാദത്തിന്റെ എല്ലാ രൂപങ്ങളെയും ലാഞ്ഛനകളെയും നിരോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മുമ്പു് അടിമവ്യാപാരത്തിനു് അറുതിവരുത്തിയതുപോലെ വംശീയവാദത്തെ, പരിഷ്കൃതരാഷ്ട്രങ്ങളുടെ ജീവിതത്തിൽനിന്നു് നിർമ്മാർജ്ജനം ചെയ്യണം. 20—ാം ശതാബ്ദം, മാനവസമുദായത്തിന്റെ ചരിത്രത്തിൽ, കൊളോണിയലിസത്തിന്റെ മാത്രമല്ല, വംശീയവാദത്തിന്റെയും സമ്പൂർണ്ണനിർമ്മാർജ്ജനത്തിന്റെ യുഗമായിത്തീരട്ടെ.

''ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ വംശീയവാദം, നമ്മുടെ ലോകത്തിലെ ഒററപ്പെട്ട ഒരു പ്രതിഭാസമല്ല. അതിനു് സ്വാധീനശക്തിയുള്ള സമ്പന്നരായ രക്ഷാധികാരികളും സഖ്യശക്തികളുമുണ്ടു്. മുമ്പു മുഖ്യമുതലാളിത്തരാജ്യങ്ങളുടെ പ്രത്യക്ഷ സഹായത്തോടുകൂടി ഹിറ്റ്ലറൈറ് ജർമ്മനിയുടെ സൈനിക—സാമ്പത്തിക യന്ത്രം സൃഷ്ടിക്കപ്പെട്ടതുപോലെ ഇന്നു് അതേ രാജ്യങ്ങളുടെ സഹായത്തോടും പ്രത്യക്ഷഭാഗഭാഗിത്വത്തോടുംകൂടി ദക്ഷിണാഫ്രിക്കൻറിപ്പബ്ലിക്കിന്റെ സൈനിക-യുദ്ധതന്ത്രശേഷി പടുത്തുയർത്തപ്പെട്ടവരുന്നു. നാസി ജർമ്മിനിയെ ആയുധമണിയിച്ചതിന്റെ ചരിത്രപരമായ സാധനപാഠം ചില ആളുകം മനസ്സിലാക്കുന്നില്ല.

''ചില പാശ്ചാത്യരാജ്യങ്ങം ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ വംശീയവാദി ഭരണത്തിന്റെ സഖ്യശക്തികളാണു്; അതു മാത്രമല്ല, അവ ആഫ്രിക്കൻ ജനതയ്ക്കും മുൻനിരരാജ്യങ്ങൾക്കുമെതിരായ പാതകത്തിലെ കൂട്ടാളികം കൂടിയാണു്.

ദക്ഷിണാഫ്രിക്കൻ പ്രശ്നങ്ങളെ ചുറ്റിയുള്ള, ''മനഃശാസ്ത്രയുദ്ധമുറ''

> ''നിറത്തെ അടിസ്ഥാനപ്പെടുത്തി ജനങ്ങളെ വേർതിരിച്ചു പാർപ്പിക്കുന്ന സമ്പ്രദായം ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിൽ നിർമ്മാജ്ജനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും ആ രാജ്യത്തു് ജനാധിപത്യത്തെ അന്യൂനമാക്കിത്തീർക്കുകയെന്നതാണു് ഇന്നത്തെ പ്രശ്നമെന്നുമുള്ള അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രസ്താവന, അവിടത്തെ ഭൂരിപ

ക്ഷക്കാരായ കറുത്ത ജനങ്ങളുടെ ദുരിതപൂർണ്ണമായ നിലയെക്കുറിച്ചുള്ള കടുത്ത ദുർവ്യാഖ്യാനമാണു്''.

— സോവിയറ്റ് ഗവർമ്മെണ്ടിന്റെ പ്രസ്താവനയിൽനിന്നു

ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ ഭരണം, ഒരു തരം, ''ജനാധിപത്യ നവീകരണ''ത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നുവെന്നും അതു് ''പുരോഗതി പ്രാപിക്കുന്നു''വെന്നും അതിനാൽ അതിനു് പിന്തുണ ആവശ്യമാണെന്നും വരുത്തിത്തീർക്കുവാൻ ആ വംശീയവാദിഭരണത്തിന്റെ പാശ്ചാത്യരക്ഷാധികാരികളും ശ്രമിക്കുന്നു. ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിൽ പരിഷ്കാരങ്ങളുടേതായ പ്രക്രിയ ''പൂർണ്ണമായ അളവിൽ'' നടന്നുവരുന്നുവെന്നും, നിലവിലുള്ള വ്യവസ്ഥയെ അടിസ്ഥാനപരമായി മാറ്റുന്നതിൽ അവിടത്തെ ഗവർമ്മേണ്ടിനു് ''ആത്മാർത്ഥമായ താല്പര്യമുണ്ടെ''ന്നും അവർ ആവർത്തിച്ചാവർത്തിച്ചു് വാദിക്കുന്നു എന്നു്, സോവിയറ്റ് ആഫ്രോ—ഏഷ്യൻ സഹഭാവസമിതിയുടെ പ്രസീഡിയമംഗവും നവോസ്തി പ്രസ്സ് ഏജൻസിയുടെ വൈസ് ചെയർമാനുമായ കരേൻ ഖച്ചാത്തുറോവ് പ്രസ്താവിച്ചു:

''നമീബിയയിലെ അധിനിവേശത്തെയും, മുൻനിരരാജ്യങ്ങൾക്കെതിരായ—സർവ്വോപരി, അംഗോളയ്ക്കെതിരായ—ആക്രമണത്തേയും സാധൂകരിക്കുവാനുള്ള ശ്രമം അവരുടെ ''മനശ്ശാസ്ത്രയുദ്ധമുറ''യുടെ ഒരു വശമാണു്. 'യൂണിത്ത'കഴുത്തറുപ്പന്മാരെ സ്വാതന്ത്ര്യഭടന്മാരായി അവതരിപ്പിക്കുവാൻ വംശീയവാദത്തിന്റെ രക്ഷാധികാരികളും ശ്രമിക്കുന്നു. വംശീയവാദിഭരണത്തിന്റെ പാതകങ്ങളിൽനിന്നു് ലോകശ്രദ്ധയെ തെറ്റിച്ചു വിടുവാൻ വേണ്ടി അവർ സോവിയറ്റ് യൂണിയനും ക്യൂബയും നമീബിയയുടെ അഭ്യന്തരകാര്യങ്ങളിൽ കൈകടത്തുന്നുവെന്ന അപവാദപരമായ കെട്ടുകഥ പ്രചരിപ്പിച്ചുകൊണ്ടു് ലോകപൊതുജനാഭിപ്രായത്തെ കബളിപ്പിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ, ദക്ഷിണാഫ്രിക്കയിലെ അസ്ഥിരീകരണശക്തി പ്രമുഖസാമ്രാജ്യത്തക്കോയ്മകളുടെ പിന്തുണയോടുകൂടിയ അപ്പാർത്തീഡ് ഭരണം മാത്രമാണെന്നു് വസ്തുതകളും കാട്ടുന്നു.

അടിയന്തിരമായ സാർവ്വദേശീയ നടപടി ആവശ്യം

''ലോകപൊതുജനങ്ങളുടെ ആവശ്യങ്ങളെ മാനിക്കുവാനും കറുത്ത ജനങ്ങൾക്കെതിരായ അക്രമവും മർദ്ദനവും അവസാനിപ്പിക്കുവാനും ദക്ഷിണാഫ്രിക്കൻ ഗവർമ്മെണ്ടിനെ നിർബ്ബന്ധിതമാക്കുന്നതിനു് ഫലപ്രദമായ നടപടികളും കൈക്കൊള്ളുവാൻ എല്ലാ സ്റ്റേറ്റുകളെയും സോവിയറ്റ് ഗവർമ്മെണ്ടു് ഉദ്ബോധിപ്പിക്കുന്നു.''

— സോവിയറ്റ് ഗവർമ്മെണ്ടിൽനിന്നുള്ള പ്രസ്താവനയിൽനിന്നു

രാജ്യത്തിലെ കറുത്ത ജനങ്ങൾക്കും വെളുത്ത ജനങ്ങൾക്കും പ്രത്യേക പ്രത്യേകം പാർപ്പിടപ്രദേശങ്ങളും നിശ്ചയിക്കുക, കറുത്ത ജനങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവും സിവിൽസംബന്ധവും വ്യക്തിപരവുമായ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും പരിമിതപ്പെടുത്തുകയും അമച്ചുചെയ്കയും ചെയ്ക എന്നിങ്ങിനെയുള്ള ദക്ഷിണാഫ്രിക്കയിലെ വംശീയവാദിഭരണത്തിന്റെ സ്ഥിരംസ്വഭാവലക്ഷണങ്ങളും അപ്പാർത്തീഡിനെ കുറിക്കുന്നു. ദക്ഷിണാഫ്രിക്കയിൽ നടത്തപ്പെടുന്ന പാതകങ്ങളും ഇതുകൊണ്ടു് പൂർത്തിയാകുന്നില്ല എന്നു് യു. എസ്. എസ്. ആർ. ശാസ്ത്ര അക്കാദമിയുടെ കുറസ്പോണ്ടിങ്ങ് മെംബറായ പ്രൊഫ: വിക്തർ ചഖിക്വാദ് സെ പ്രസ്താവിച്ചു: ''അപ്പാർത്തീഡ്ഭരണം, ഇന്നു് പക്ഷഭേദപരമായ വിവേചനത്തിന്റെയും വംശവിച്ഛേദനത്തിന്റെയും ആക്രമണത്തിന്റെയും സ്റ്റേറ്റു് ഭീകരവാദത്തിന്റെയും കാപട്യത്തിന്റെയും വഞ്ചനയുടെയും ആത്യന്തികരൂപങ്ങളുടെ ഒരു മിശ്രണമാണു്''.

''ഈ പ്രവൃത്തികളും സമാധാനത്തിനും മാനവരാശിക്കുമെതിരായ, അത്യന്തം ഗൗരവാവഹമായ പാതകമാണു്. ഐക്യരാഷ്ട്രത്തീട്ടുരവും ന്യൂറംബർഗ്ഗ് വിചാരണയും എല്ലാ രൂപങ്ങളിലുമുള്ള വംശീയ വിവേചനത്തിന്റെ നിർമ്മാർജ്ജനം സംബന്ധിച്ച സാർവ്വദേശീയ കൺവൻഷനും അപ്പാർത്തീഡെന്ന പാതകത്തെ അമർച്ച ചെയ്കയും ശിക്ഷിക്കുകയും ചെയ്യുന്നതു സംബന്ധിച്ച സാർവ്വദേശീയ കമ്മീഷനും മറ്റു സാർവ്വദേശീയ രേഖകളും കരാറുകളും ഈ വീക്ഷണത്തിനുള്ള നിയമപരമായ ആധാരമാണു്.

''ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ അപ്പാർത്തീഡിന്റെ എല്ലാ വശങ്ങളെയും തുറന്നു കാട്ടുകയും, ലോകത്തിലെ പൊതുജനങ്ങൾക്കു് അറിയുമാറാക്കിത്തീർക്കുകയും ചെയ്കയെന്നതും നിയമജ്ഞരുടെ പരമപ്രധാനമായ കർത്തവ്യമാകുന്നു. ദക്ഷിണാഫ്രിക്കൻ ഗവർമ്മേണ്ടു സ്വന്തം നിലശക്തിപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന, തഥാകഥിതമായ ഭരണഘടനാ ''പരിഷ്കാരങ്ങളെ''യും മറ്റു് വെള്ളപൂശൽ നടപടികളെയും കൂടി നമ്മളം തുറന്നുകാട്ടണം. ഈ ''പരിഷ്ക്കാര''ങ്ങളെല്ലാം നിയമബാഹ്യങ്ങളാണു്; അവ നിയമരഹിതാവസ്ഥയെയും, വംശീയവാദികളും നടത്തിവരുന്ന സ്വേച്ഛാധിപത്യഭരണത്തെയുമാണു് പ്രതിഫലിപ്പിക്കുന്നതു്; എങ്കിലും നിയമജ്ഞന്മാർ അവയെ മതിയായതു ഊന്നിക്കാട്ടുന്നില്ല.''

''ദക്ഷിണാഫ്രിക്കയിൽ ചോര ചൊരിയപ്പെടുകയാണു്. മോചനത്തിനുവേണ്ടി പോരാടുന്ന, ഭൂരിപക്ഷക്കാരായ കറുത്ത ജനങ്ങൾക്കെതിരായി ഭരണാധികാരികളും പട്ടാളത്തെയും പോലീസിനെയും ഉപയോഗിക്കുന്നു. ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിന്റെ അയൽക്കാക്കു് സമാധാനവും സ്വസ്ഥതയുമില്ല. സ്വതന്ത്രങ്ങളായ ആഫ്രിക്കൻ രാജ്യങ്ങളും വംശീയവാദികളുടെ ആക്രമണത്തിനു് ഇരകളായിത്തീർന്നിരിക്കുന്നു. നമീബിയയിലെ ജനങ്ങളും കൊളോണിയൽ—വംശീയവാദ അടിമത്തത്തിലാണു് ജീവിക്കുകയും പോരാടുകയും ചെയ്യുന്നതു''—ഇപ്രകാരമാണു് ആ മേഖലയിലെ സ്ഥിതിയെ *മിഖയിൽ വിഷിൻസ്കി* വിവരിച്ചതു്. ദക്ഷിണാഫ്രിക്കയിലെ വംശീയവാദ—അപ്പാർത്തീഡ്പാതകങ്ങളെപ്പറ്റി അന്വേഷണം നടത്തിയ സാർവ്വദേശീയക്കമ്മീഷനിലെ അംഗവും, യു. എസ്. എസ്. ആർ. ഡെപ്യൂട്ടി നിയമകാര്യമന്ത്രിയുമാണദ്ദേഹം.

''ആഫ്രിക്കർ പാർക്കുന്ന പ്രത്യേക പ്രദേശങ്ങളിൽ കൊടിയ ദ്രോഹവൃത്തികളും നടത്തുന്ന പോലീസിനെ സഹായിക്കുവാൻ അവിടത്തെ ഗവർമ്മേണ്ടു് പട്ടാളത്തെ അയച്ചിരിക്കുന്നു'' എന്നദ്ദേഹം പറഞ്ഞു: ''രാജ്യമാകെ ഒരു പീഡനശാലയായി മാറിയിരിക്കുന്നു. ലോകത്തിലെ വധങ്ങളിൽ പകുതിഭാഗം അവിടെ നടക്കുന്നു. വംശീയവാദികളുടെ തടവറകളിൽ പീഡിപ്പിക്കപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും നിലവിളി ലോകത്തിന്റെ എല്ലാ കോണുകളിലും കേൾക്കുന്നു. ആ നിലവിളി ലോകത്തെ ഞെട്ടിക്കുന്നു.

''അപ്പാർത്തീഡ് ഗവർമ്മേണ്ടിന്റെയും അതിന്റെ രക്ഷാധികാരികളുടേയും ഇത്തരം പ്രവൃത്തികളും ഐക്യരാഷ്ട്രസഭയുടെ തീരുമാനങ്ങൾക്കും സാർവ്വദേശീയ നിയമത്തിനും കടകവിരുദ്ധമാണു്. അതിനാൽ, ദക്ഷിണാഫ്രിക്കയിലെ വംശീയവാദപരമായ പാതകങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനുള്ള സാർവ്വദേശീയ കമ്മീഷന്റെ ഒരു അടിയന്തിരയോഗം ചേരണമെന്നു് സോവിയറ്റ് നിയമജ്ഞർ ആഹ്വാനം ചെയ്തിരിക്കുന്നു. ആഫ്രിക്കയിലെയും യൂറോപ്പിലെയും ഏഷ്യയിലെയും അമേരിക്കയിലെയും നിയമജ്ഞർ ഈ ആഹ്വാനത്തെ സ്വാഗതം ചെയ്തിട്ടുണ്ടു്. സാർവ്വദേശീയകമ്മീഷനിലെ അംഗങ്ങളും, മാനവരാശിയോടുള്ള തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കാനും, വംശീയവാദികളുടെ ക്രൂരകൃത്യങ്ങളിൽ പാശ്ചാത്യരാജ്യങ്ങൾക്കുള്ള പങ്കിനെപ്പറ്റി അന്വേഷണം നടത്തുവാനും ദൃഢനിശ്ചയം ചെയ്തിട്ടുണ്ടു്.

''അപ്പാർത്തീഡിനെ ജനാധിപത്യവൽക്കരിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുവാൻ കഴിയുകയില്ല. അതിന്റെ അന്തസ്സത്ത നാസിസത്തെപ്പോലെ അങ്ങേയറ്റം ഹീനമാണു്; അതിനാൽ, നാസിസത്തെപ്പോലെ അതിനെ നശിപ്പിക്കുകതന്നെ വേണം. സാർവ്വദേശീയ രാഷ്ട്രസമൂഹത്തിന്റെ ഊർജ്ജസ്വലമായ അടിയന്തിരനടപടിയുടെ ശക്തികൊണ്ടുമാത്രമേ ദുഷ്ടമായ വംശീയവാദിഭരണയന്ത്രത്തെ തകർക്കാൻ കഴിയുകയുള്ളൂ''.

* * *

തങ്ങളുടെ അധിനായകത്വോന്മുഖമായ ആഗോളപദ്ധതികളും പ്രവർത്തികമാക്കുന്നതിൽ പങ്കുള്ള ഒരു ''തന്ത്രപ്രധാനസഖ്യശക്തി'' യായും, അസംസ്കൃതപദാർത്ഥങ്ങളുടെയും കുറഞ്ഞവിലാഭത്തിന്റെയും ഒരു ഉറവിടമായും ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിനെ കണക്കാക്കുന്ന പാശ്ചാത്യരാജ്യങ്ങളും നൽകുന്ന പിന്തുണകൊണ്ടുമാത്രമാണു്, ജനദ്രോഹപരമായ അപ്പാർത്തീഡ് ഭരണം നിലനിൽക്കുന്നതെന്നു് വട്ടമേശ ചർച്ചയുടെ ഫലങ്ങളെ ക്രോഡീകരിച്ചുകൊണ്ടു് അനതോളി ഗ്രോമിക്കോ പ്രസ്താവിച്ചു.

ദക്ഷിണാഫ്രിക്കയിലെ വംശീയവാദത്തിനും അപ്പാർത്തീഡിനുമെതിരായ വിമോചനപ്രസ്ഥാനത്തിനു് അഭൂതപൂർവ്വമായ വ്യാപ്തി കൈവന്നിട്ടുണ്ടു്. ലോകത്തിലെ ഉല്പതിഷ്ണുക്കളായ പൊതുജനങ്ങളുടെ പിന്തുണയോടുകൂടി ദക്ഷിണാഫ്രിക്കയിലെ ധീരരായ ജനങ്ങളും ഈ സമരത്തെ മുന്നോട്ടുകൊണ്ടുചെന്നു് പൂർണ്ണമായ അവസാനവിജയത്തിലെത്തിക്കുമെന്നതു് തീർച്ചയാണു്.

**

കുറ്റിമണി പ്രതിമ

—എ. ദ്നെപ്രോവ്—



ഭാഗം മൂന്ന്

(കഴിഞ്ഞ ലക്കത്തിൽനിന്ന് തുടർച്ച)

അവരുടെ സംഭാഷണത്തിന്റെ ശബ്ദം ക്രമേണ കേൾക്കാതായപ്പോൾ ഞാൻ സാവധാനത്തിൽ ഓലമരത്തിൽ കയറാൻ തുടങ്ങി. ആ മരത്തിന്റെ പട്ട പരുപരുത്തതായിരുന്നതിനാൽ കയറാൻ എളുപ്പമായിരുന്നു. സാവധാനത്തിലാണെങ്കിലും ഞാൻ ഓരോ നിമിഷത്തിലും മുകളിലോട്ട് കയറിക്കൊണ്ടിരുന്നു. അങ്ങിനെ മതിലിന്റെ വിതാനത്തിലെത്തി. മതിലിന്റെ മുകളിൽ നെടുകെ ഇരുമ്പുകമ്പികളിൽ രണ്ടുവരിയായി മുള്ളുകമ്പികൾ പിടിപ്പിച്ചിരുന്നു. ഞാൻ കയറി മരത്തിന്റെ മേൽഭാഗത്തെത്തി. അതിന്റെ പരുപരുത്ത ഇലകൾ തട്ടി എന്റെ മുഖം പോറി.

മതിലിന്റെ മറുഭാഗത്തു്, വലിയ വാഹനങ്ങൾ കയറിയിട്ടുവാനുള്ള ശാലകളെന്നു് തോന്നിക്കുന്ന രണ്ട് കെട്ടിടങ്ങളുണ്ടായിരുന്നു. ഗ്രാബെർ ഒഴികെ എല്ലാവരും അവയിൽ വലിയ കെട്ടിടത്തിനുള്ളിലേയ്ക്കു പോയി. ഗ്രാബെർ ചെറിയ കെട്ടിടത്തിൽ കയറി. അധികം താമസിയാതെ വലിയ കെട്ടിടത്തിൽ നിന്നു് ഏതാനും ആളുകൾ പുറത്തുവന്നു് പതുക്കെ അടിവെച്ചു നടക്കാൻ തുടങ്ങി. അവർ ഒരാൾക്കു പിന്നിൽ മറ്റൊരാളായിട്ടാണു് നടന്നതു്. കാലുകൾ ഭാരംകൊണ്ടെന്നവണ്ണം വലിച്ചിഴച്ചു നടക്കുന്നതായിട്ടാണു് തോന്നിയതു്. അവർക്കു് അസാധാരണമായ ഒരു വിലക്ഷണതയുള്ളതായി കണ്ടു. നല്ല വിരിമാറുള്ള അവർ തല കുനിച്ചാണു് നടന്നതു്. കരിങ്കല്ലിൽ കൊത്തിയെടുത്ത മനുഷ്യരാണു് അവരെന്ന തോന്നൽ അതുണ്ടാക്കി. ഗ്രാബെർ അവരുടെ വരിയുടെ ഒരു വശത്തുകൂടെ നടന്നു. അയാൾ തന്റെ വടികൊണ്ടു് അവരെ ഓരോരുത്തരെ കുത്തി മുന്നോട്ട പോകാൻ പ്രേരിപ്പിക്കുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ അയാൾ ചില അസഭ്യവാക്കുകൾ വിളിച്ചു പറഞ്ഞിരുന്നു. പക്ഷെ ആ വിചിത്ര മനുഷ്യർ അതൊന്നും ശ്രദ്ധിച്ചില്ല. അവർ നടന്നുകൊണ്ടിരുന്നു; അങ്ങിനെ ചെന്നു് വലിയൊരു 'വാഹനശാല'യുടെ തുറന്ന വാതിലിലൂടെ അപ്രത്യക്ഷരായി. അവർ ഏതാണ്ടു് പതിനഞ്ചു് പേരുണ്ടായിരുന്നു. ഇളംനിറമുള്ള ട്വൂസറാണു് അവർ ധരിച്ചിരുന്നതു്.

ഈ 'ഘോഷയാത്ര' കണ്ടപ്പോൾ എനിക്കു് എല്ലാം മനസ്സിലായി. അമർഷംകൊണ്ടു് എനിക്കു് ശ്വാസോച്ഛ്വാസം നടത്താൻ വിഷമം തോന്നി. സംഭവിക്കാനിടയുള്ള ആപത്തിനെ അവഗണിച്ചുകൊണ്ടു് ഞാൻ, ലോഹംപോലെ പരുഷമായ ഓലകൾക്കിടയിലൂടെ ഇഴഞ്ഞുചെന്നു്, മതിലിന്റെ മറുവശത്തേയ്ക്കു ചാടി. ഇളകിക്കിടന്ന മണലിലാണു് വീണതു്.

കുറെ നിമിഷങ്ങളോളം ഞാനവിടെ അനങ്ങാതെ കിടന്നു. അതിനുശേഷം വലിയ 'വാഹനശാല'യുടെ വാതിൽക്കലേയ്ക്കു് ഇഴഞ്ഞുനീങ്ങി. മേൽക്കൂരയ്ക്കുതാഴെയുള്ള ചെറിയ ജനലുകളിലൂടെ കടന്നുചെല്ലുന്ന വെളിച്ചം മാത്രമേ ആ കെട്ടിടത്തിലുണ്ടായിരുന്നുള്ളൂ. വെളിയിൽ സൂര്യപ്രകാശം മങ്ങിയതിനുശേഷം എനിക്കു് കാര്യമായൊന്നും കാണാൻ കഴിഞ്ഞില്ല. ഉച്ചത്തിലുള്ള ചില മനുഷ്യശബ്ദങ്ങൾ ഞാൻ കേട്ടു. അപ്പോൾ അവിടെ അടുക്കിവെച്ചിട്ടുള്ള ഏതാനും പെട്ടികൾ കണ്ടു; അവയുടെ പിന്നിൽ ഞാൻ മറഞ്ഞിരുന്നു.


''ആദ്യത്തെ പരീക്ഷണം അത്ര സൂക്ഷ്മമായില്ല'' എന്നു് ഗ്രാബെർ പറയുന്നതു കേട്ടു: ''മിസ്റ്റർ ഉൽബ്രീ, ദയവുചെയ്തു് ഈ ലോഹവടിയെടുത്തു്, മുഴുവൻ ശക്തിയുപയോഗിച്ചു് ഇവരിലാരെയെങ്കിലും അടിച്ചുനോക്കൂ''.

ആ വിചിത്രമനുഷ്യർ ശാലയുടെ മദ്ധ്യത്തിൽ വലിയ ഒരു ജലസംഭരണിയുടെ മുമ്പിൽ വരിയായി നിൽക്കുകയായിരുന്നു. അവരുടെ മുഖങ്ങളിൽ യാതൊരു ഭാവപ്രകാശനവുമുണ്ടായിരുന്നില്ല. വാസ്തവത്തിൽ അവർ മനുഷ്യരായിരുന്നില്ല; പ്രത്യുത ഡോ. ഗ്രാബെറുടെ പൈശാചിക പ്രതിഭകൊണ്ടു് സൃഷ്ടിക്കപ്പെട്ട ജീവശ്ശവങ്ങളായിരുന്നു. രാക്ഷസീയമായ ഈ ക്രൂരപരീക്ഷണം നടത്തപ്പെടുന്നതു് എന്തിനുവേണ്ടിയാണെന്നു് എനിക്കു് മനസ്സിലായില്ല.

ഉൽബ്രീ ലോഹവടിയെടുത്തു് ഭാരം നോക്കിയിട്ടു്, ''അത്ര ശക്തിയോടെ അവരെ അടിക്കണമോ'' എന്നു് അതിശയത്തോടെ ചോദിച്ചു.

''ഓ, അടിക്കണം. ഒരു സാധാരണ മരത്തടിയാണു് നിങ്ങളുടെ മുമ്പിലുള്ളതെന്നു് സങ്കല്പിക്കുക. വടി ഇങ്ങോട്ടുതരൂ, ഞാൻ കാണിച്ചുതരാം''.

ഗ്രാബെർ ഉൽബ്രീയുടെ കൈയിൽനിന്നു് വടി വാങ്ങിയിട്ടു് അവരുടെ അടുത്തുചെന്നു് ഒരുത്തന്റെ ചുമലിൽ, ആഞ്ഞൊര



ടിയടിച്ചു. അതു കാണാതിരിക്കാൻ വേണ്ടി ഞാൻ കണ്ണടച്ചു. ആ അടി കൊണ്ടതു് മനുഷ്യശരീരത്തിലല്ല, നേരേമറിച്ചു് കട്ടപ്പുമുള്ള എന്തിന്മേലോ ആണെന്നു് തോന്നുമാറു് ഒരു പരുക്കൻ ശബ്ദം കേട്ടു.

''ഇനി ഞാനൊന്നു് നോക്കട്ടെ'' എന്നു് ഉൽബ്രീ പറഞ്ഞു.

അതിനെ തുടർന്നു് പല അടികളും നടന്നു. സന്ദർശകർ, വടി മാറി മാറിയെടുത്തു്, പ്രതിമകളെ മാതിരിയുള്ള ആ നിശ്ചല മനുഷ്യരുടെ മേൽ ആഞ്ഞടിച്ചു.

''ഒരുത്തൻ ഞരങ്ങിയല്ലോ'' എന്നു് സൈനികോദ്യോഗസ്ഥനല്ലാത്ത ഒരു സന്ദർശകൻ അത്ഭുതത്തോടെ പറഞ്ഞു:

''അവന്റെ ശരീരത്തിൽ കാർബണും പകരം സിലിക്കൺ പൂർണ്ണമായി വ്യാപിച്ചുകഴിഞ്ഞിട്ടില്ല'' എന്നു് ഗ്രാബെർ വിശദീകരിച്ചു: ''ഒരാഴ്ചയ്ക്കുള്ളിൽ അവൻ മറ്റുള്ളവരെപ്പോലെയാവും''.

അടിയെല്ലാം കഴിഞ്ഞു. സന്ദർശകർ അതിനെപ്പറ്റി സന്തോഷത്തോടെ ചർച്ച ചെയ്തു. ഡോ. ഗ്രാബെർ കൈവരിച്ചിരിക്കുന്ന നേട്ടത്തിൽ അയാളെ അഭിനന്ദിക്കുകയും ചെയ്തു. അതിനുശേഷം രണ്ടാമത്തെ പരീക്ഷണപരമ്പര ആരംഭിച്ചു.

''ഈ മനുഷ്യരുടെ ശരീരങ്ങളിലെ ജൈവപ്രക്രിയകളെ വളരെ സാവധാനത്തിലാണു് നടക്കുന്നതു്'' എന്നു് പറഞ്ഞുകൊണ്ടു് ഗ്രാബെർ വിശദീകരിക്കാൻ തുടങ്ങി. ''അവരെ സംബന്ധിച്ചേടത്തോളം പൂജ്യം സെൻറിഗ്രേഡിനു് മുകളിൽ ഏതാണ്ടു് 60 ഡിഗ്രി താപം തികച്ചും ക്രമനിലയിലുള്ള താപമാണു്. താപം കുറഞ്ഞാൽ അവർക്കു് കുളിരു് അനുഭവപ്പെടും. പൂജ്യത്തിനു് മുകളിൽ 350 ഡിഗ്രിയിൽ അവർക്കു് ചൂടു് അനുഭവപ്പെടുന്നു. തിളപ്പിച്ച പൊട്ടാസ്യം—ഹൈഡ്രോക്സൈഡ് ലായിനി നിറച്ച ഒരു സംഭരണിയാണു് നിങ്ങളം കാണുന്നതു്. ഇതിന്റെ താപമെത്രയാണു്, ഫ്രാവ് എയിൻസിഗ്?''

''217 ഡിഗ്രി'' എന്നു് വിളമ്പു തുന്നിയ തൊപ്പി ധരിച്ച സ്ത്രീ പറഞ്ഞു.

അപ്പോൾ, ഇങ്ങിനെയുള്ളവളാണു് എയിൻസിഗ് എന്നു് ഞാൻ മനസ്സിലാക്കി.

ഡോ. ഗ്രാബെർ വിശദീകരണം തുടർന്നു: ''റേഡിയോ ആക്ടീവ് ആയുധങ്ങളം ഉപയോഗിച്ചുള്ള സൈനിക നടപടികളം നടക്കുമ്പോളം ഈ മനുഷ്യർ ഒഴിച്ചുകൂടാൻ പാടില്ലാത്ത സൈനികരാണെന്നു് തെളിയും. അവരെ, ശക്തിമത്തായ റേഡിയോ ആക്ടീവ് വികിരണമുള്ള ഒരു സ്ഥലത്തുനിന്നു് അവരുടെ, എതിരിട്ട നിൽക്കുവാനുള്ള ശേഷിയെ ഞങ്ങളം പരീക്ഷിച്ചുനോക്കി. മണിക്കൂറിൽ 1000 റോൺജൻ യൂണിറ്റിൽ കവിഞ്ഞ ഒരു വികിരണമാത്ര അവരുടെ ഇന്ദ്രിയങ്ങളെ യാതൊരു വിധത്തിലും ബാധിക്കുന്നില്ലെന്നു് തെളിഞ്ഞു. അതിന്റെ അർത്ഥമെന്താണെന്നു് ഒന്നു സങ്കല്പിച്ചുനോക്കൂ! അണുായുധങ്ങളം ഉപയോഗിച്ചുള്ള ഒരു വിമാനാക്രമണത്തിനു ശേഷം ആരെങ്കിലും ചെന്നു് ശത്രുവിന്റെ ആ പ്രദേശത്തെ അധീനപ്പെടുത്തേണ്ടതുണ്ടു്; അങ്ങിനെ ചെയ്തില്ലെങ്കിൽ യുദ്ധത്തിനു് അർത്ഥമില്ല. വെടിയുണ്ടകളം ഉച്ചതാപവും വികിരണവും ഏശാത്ത ഈ ആളുകളം, സൈനിക നടപടികളുടെ അവസാനഘട്ടത്തിനു് ഏറ്റവും പറ്റിയ സൈനികരാണെന്നു് തെളിയും.

സൈനിക പ്രമാണിമാരുടെ കൂടെയുണ്ടായിരുന്ന സിവിലിയന്മാരിലൊരാളം അർത്ഥഗർഭമായി ശ്രുതിമുട്ടുകൊണ്ടു് തന്റെ നോട്ടുബുക്കെടുക്കുകയും, ധൃതിപ്പെട്ടു് അതിൽ എന്തോ എഴുതുകയും ചെയ്തു.

ഗ്രാബെർ, ആ കരിങ്കൽമനുഷ്യരിൽ ഒരാളുടെ പിന്നിൽ ചെന്നു് തന്റെ വടികൊണ്ടു് അവന്റെ മുതുകിന്റെ മേൽ ഭാഗത്തു് കുത്തിനോക്കി.

''അവരെ മുന്നോട്ടു നീക്കാൻ നിങ്ങൾ എന്താണു് ഉപയോഗിക്കുന്നതെ''ന്നു് ജനറൽ ചോദിച്ചു.

''ഉച്ചവോൾട്ടതയുള്ള വൈദ്യുതി. 700 വോൾട്ടു് വൈദ്യുതി അവരുടെ ശരീരത്തിലൂടെ കടത്തിവിടുമ്പോൾ അവർക്കതു ഇഷ്ടപ്പെടുന്നില്ല എന്നു് തോന്നും. ഇതാ എന്റെ പോക്കറ്റിൽ ഒരു ബാറ്ററിയും ചെറിയൊരു ട്രാൻസ്ഫോർമറുമുണ്ടു്''.

അയാളം മുന്നോട്ടു ഉന്തിവിട്ട മനുഷ്യൻ, ആവി പൊങ്ങിക്കൊണ്ടിരുന്ന സംഭരണിയിലെ ദ്രാവകത്തിലേയ്ക്കു സാവധാനത്തിൽ ഇറങ്ങി. അതോടൊപ്പം അവ്യക്തമായ ഒരു തരം വികൃതശബ്ദമുയർന്നു. നീന്താൻ കഴിയാത്ത തടിച്ച മനുഷ്യരെപ്പോലെ അവൻ ആ ദ്രാവകത്തിൽ കിടന്നു പുളഞ്ഞു.

''ഈ ദ്രാവകത്തിൽ കുളിക്കാൻ അവർക്കിഷ്ടമാണെ''ന്നു് ഗ്രാബെർ പറഞ്ഞു: ''ആ ഒരുത്തനൊഴികെ മറെറല്ലാവരേയും ഇനി ഇതിലേയ്ക്കു ഉന്തിവിടാം. മറവൻ ഇനിയും പരുവപ്പെട്ടിട്ടില്ല''.

എല്ലാ കൽമനുഷ്യരും, ഒരാൾക്കു പുറമെ മറെറാരാളായി ദ്രാവകത്തിലേയ്ക്കു ചാടി. ആ 'വാഹനശാല', മനുഷ്യശബ്ദങ്ങളിൽനിന്നു് വ്യത്യസ്തമായ വിചിത്രശബ്ദങ്ങൾകൊണ്ടു് മുഖരിതമായി. കൊഴപ്പുള്ള, ചുട്ടപൊള്ളുന്ന ആ ദ്രാവകത്തിൽനിന്നു് കമിളകം പൊന്തി. ആ സിലിക്കൻ ജന്തുക്കളം അതിൽകിടന്നു് നീന്തുകയും കുത്തിമറിയുകയും ചെയ്തു.

''അവർക്കിതു വളരെ ഇഷ്ടപ്പെടുന്നു എന്നു തോന്നുന്നു. ഇനി അവരെ പുറത്തുകൊണ്ടുവരാൻ പ്രയാസമായേക്കും''.

''അതു് വളരെ എളുപ്പത്തിൽ ചെയ്യാവുന്ന കാര്യമാണു്. തണുപ്പുള്ള കുറെ ദ്രാവകമൊഴിച്ചാൽ മതി; അവർ സ്വയമേ പുറത്തുവന്നുകൊള്ളും. ആ പൈപ്പു് തുറന്നുവിട്ടേ, എയിൻസിഗ്''.

അല്പനേരം കഴിഞ്ഞപ്പോളം ആ കൽമനുഷ്യർ തണുത്ത ദ്രാവകത്തിൽനിന്നു് കയറി പുറത്തുവന്നു. അവരുടെ ശരീരങ്ങളിൽനിന്നു് ദുർഗ്ഗന്ധമുള്ള ആവി പറക്കുന്നുണ്ടായിരുന്നു. ഇൻസ്പെക്ടർമാരുടെ ഗ്രൂപ്പിൽപെട്ട ഒരാളം ചുമയ്ക്കാൻ തുടങ്ങി. അയാളം സംഭരണിയുടെ മറുഭാഗത്തേയ്ക്കു മാറി നിന്നു.

ആ സിലിക്കൻ ജന്തുക്കളുടെ മേൽ എന്തുതന്നെ ഹേമദണ്ഡനങ്ങളം നടത്തിയാലും അവർ സാരമാക്കാറില്ല എന്നു് തോന്നി. എന്നാൽ, ഒരു യന്ത്രത്തോക്കു വലിച്ചുകൊണ്ടുവന്നു് ഒരു മനുഷ്യന്റെ നേർക്കു് തിരിച്ചുവെച്ചപ്പോളം അവരുടെ ഉദാസീനത പെട്ടെന്നു് അപ്രത്യക്ഷമായി: അവരുടെ നിര ശിഥിലപ്പെട്ടു. ചിലർ പതുക്കെ പിൻവലിയാൻ തുടങ്ങി. അതോടൊപ്പം താഴ്ന്ന സ്വരത്തിലുള്ള അലർച്ച കേട്ടു.

''അവർ ഭയപ്പെട്ടിരിക്കുന്നു'' എന്നു് ഉൽബ്രീ അതിശയത്തോടെ പറഞ്ഞു.

അതു വേദനയുള്ളതാണു്; എങ്കിലും സഹിക്കാവുന്നതാണു്. ഇനി നമുക്കു്. ആരംഭിക്കാം''.

അപ്പോഴേയ്ക്കു ഞാൻ ഒളിസ്ഥലത്തുനിന്നും ഏതാണ്ടു് പുറത്തുവന്നു; ഭീകരമായ ആ വെടിവെപ്പു ഞാൻ തുറന്ന കണ്ണുകളോടെ നോക്കി. ആദ്യമായി ഷാർട്സ് പല ഒറവെടികളം വെച്ചു. ഭിത്തിക്കടുത്തുനിന്ന കൽമനുഷ്യർ ഇളകി. ഒരുത്തൻ കൈപൊക്കി മാറുമറച്ചുപിടിച്ചു.

''ഇനി തുടർന്നു് വെടിവെക്കൂ''—ഗ്രാബെർ കല്പന കൊടുത്തു. ഷാർട്ട്സ് കാഞ്ചി അമർത്തി. തുരുതുരാ വെടിപൊട്ടി. ഭിത്തിക്കടുത്തു നിന്ന കൽമനുഷ്യർ വിറയ്ക്കുകയും ഞരങ്ങുകയും ചെയ്തു. ഞാൻ കണ്ണുകളം മുറുക്കിയടച്ചു. അപ്പോളം വളരെ പ്രയാസപ്പെട്ടു പുറത്തുവന്ന വ്യക്തമായ ഒരു ശബ്ദം ഞാൻ കേട്ടു: ''നിങ്ങളം ശപിക്കപ്പെട്ട മൃഗങ്ങളം...''

വെടി നിലച്ചു. ആ ശബ്ദം കൂടുതൽ വ്യക്തമായിത്തീർന്നു: ''നിങ്ങളം ശപിക്കപ്പെട്ട മൃഗങ്ങളം... ഭീകര ജന്തുക്കളം... നിങ്ങളം നശിക്കട്ടെ!''.

''ആരാണതു് പറയുന്നതു്'' എന്നു് ഉച്ചത്തിൽ ചോദിച്ചു.

''അതു നമ്മുടെ പുതിയ സ്പെസിമെനാണു്''— ഗ്രാബെർ അറിയിച്ചു: ''നമ്മുടെ ഒരു മുൻ ജൈവശാസ്ത്രജ്ഞൻ. പോയിസ്സോൺ എന്നാണു് പേർ. നിങ്ങളം ഓർക്കുന്നുണ്ടോ എന്നറിയില്ല—അയാളെപ്പറ്റി ഞാൻ നിങ്ങളോടു് പറഞ്ഞിട്ടുണ്ടു്. മുമ്പു് ഒളിച്ചോടിപ്പോകാൻ അയാളം ശ്രമിച്ചിരുന്നു''.

''പോയിസ്സോൺ! ഓ, അതുകൊണ്ടാണു് അയാളെ ഇങ്ങിനെ ചെയ്തതു്!''.

''നീ നശിക്കട്ടെ''—പോയിസ്സോൺ ഞരങ്ങിപ്പറഞ്ഞു.

ജനറൽ അയാളുടെ അടുത്തു ചെന്നു സർവ്വശക്തിയുമുപയോഗിച്ചു് ഇരുമ്പുവടികൊണ്ടു് മുഖത്തു് അടിച്ചു.

''നീ നശിക്കട്ടെ''—നിസ്സഹായനായ ആ മനുഷ്യൻ ആവർത്തിച്ചുപറഞ്ഞു.

അമർഷംകൊണ്ടു് ഞാൻ പല്ലിറുമ്മി. അതു് ബീഭത്സമായ ഒരു സംഭവമായിരുന്നു. ജനറൽ അയാളെ വീണ്ടും വീണ്ടും അടിച്ചു. അടിയേറ്റു വിരൂപനായിത്തീർന്നുവെങ്കിലും പോയിസ്സോൺ അമാനുഷമായ വാശിയോടെ അവരെ ശപിച്ചുകൊണ്ടിരുന്നു.

ആ അവസരത്തിൽ ഗ്രാബെർ ഉച്ചത്തിൽ ചിരിക്കുന്നതു് ഞാൻ കേട്ടു.

''ശരി, ഇനി നോക്കൂ. നിങ്ങളം തുടർന്നടിക്കൂ. അവനു് യാതൊന്നും അനുഭവപ്പെടുകയില്ല. എന്തൊരു സ്പെസിമെൻ! ഇത്തരം ആളുകൾക്കു് എന്തിനെയും സഹിച്ചുനിൽക്കാൻ കഴിയും''

''അവനേയും മതിലിന്നു മുമ്പിൽനിർത്തു''—ജനറൽ ആജ്ഞാപിച്ചു.

''അങ്ങിനെ ചെയ്യരുതു്. അവൻ പൂർണ്ണമായി പരുവപ്പെട്ടിട്ടില്ല. അവന്റെ ശരീരത്തിന്നു് പൂർണ്ണമായ കട്ടപ്പം വന്നിട്ടില്ല''.

''അവൻ തുലയട്ടെ. അവനെയും അവിടെ നിർത്തു''—ജനറൽ തുവാലകൊണ്ടു് മുഖം തുടയ്ക്കുവേ കല്പിച്ചു.

''നീ നശിക്കട്ടെ''—പോയിസ്സോൺ പിറുപിറുത്തു.

''ഭിത്തിക്കടുത്തേയ്ക്കു മാറി നിർത്തു. അവനോടു് ആചാരമര്യാദയൊന്നും കാട്ടേണ്ട''

''അങ്ങിനെ ചെയ്യരുതു്, സാർ''—കേണൽ പറഞ്ഞു.

''അവനെ അങ്ങോട്ടു മാറിനിർത്തു''.

''ഒരാഴ്ചയ്ക്കുള്ളിൽ അവൻ മറ്റുള്ളവരെപ്പോലെയാകും''—ഗ്രാബെർ വിശദീകരിച്ചു.

''തുലയട്ടെ... ഭിത്തിക്കടുത്തേയ്ക്കു''—ജനറൽ ശാഠ്യപൂർവ്വം കല്പിച്ചു.

ഗ്രാബെർ ഖേദപൂർവ്വം ചുമലുവെട്ടിച്ചിട്ടു് പായിസ്സോന്റെ അടുത്തുചെന്നു് അയാളെ കമ്പിവടികൊണ്ടു് കുത്തി ഉന്താൻ തുടങ്ങി. പോയിസ്സോൺ സാവധാനത്തിൽ ഭിത്തിക്കടുത്തേയ്ക്കു നീങ്ങി. അപ്പോഴും അയാളിൽ മനുഷ്യത്വത്തിന്റെ ചില അംശങ്ങളം അവശേഷിച്ചിട്ടുള്ളതായി ഞാൻ കണ്ടു. അയാളം നല്ല വണ്ണം തലയുയർത്തിപ്പിടിച്ചുകൊണ്ടാണു് നീങ്ങിയതു്. അയാളുടെ നിശ്ചലമായ കണ്ണുകളം രോഷംകൊണ്ടു് ജ്വലിക്കുന്നുണ്ടായിരുന്നു.

കോപവും വെറുപ്പും കൊണ്ടു് എന്റെ കൺമുമ്പിൽ എല്ലാം അന്ധകാരമയമായി. എന്റെ ശരീരത്തിലാകെ തണുത്ത വിയർപ്പുനിറഞ്ഞു. ഹൃദയം, കനത്ത ചുറ്റികകൊണ്ടു് അടിക്കുംപോലെ മിടിച്ചു. ഞാൻ ചെയ്യുന്നതെന്തെന്നു് ആലോചിക്കാതെ മുഷ്ടികളം ചുരുട്ടിപ്പിടിച്ചുകൊണ്ടു് ഒളിസ്ഥലത്തുനിന്നു് പുറത്തേയ്ക്കു് പാഞ്ഞു.

''വെടിവെക്കു''—ജനറൽ, ഡോ. ഷ്വാർട്ട്സിനോടു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

''നീ നശിക്കട്ടെ!''—പോയിസ്സോൺ പിറുപിറുത്തു.

ഞാൻ നിന്നിടത്തുനിന്നു് ഷ്വാർട്ടിന്റെ നേരേ പാഞ്ഞു് ചെന്നു.

അതിന്നുശേഷം എന്തുസംഭവിച്ചു എന്നു് എനിക്കോർമ്മയില്ല. വെടിപൊട്ടുന്ന ശബ്ദം കേട്ടു. ആരോ ഓടിവന്നു് എന്റെ തലയ്ക്കടിച്ചു.

* * *

എന്റെ ഇടതുകൈയ്ക്കു് കടുത്ത വേദന ഉണ്ടായി. പ്രയാസപ്പെട്ടു കൺപോളകളം തുറന്നപ്പോൾ, വലിയൊരു സിറിഞ്ചു് പിടിച്ചിട്ടുള്ള ആരുടെയോ വിരലുകളം കണ്ടു. അതിൽ സാവധാനത്തിൽ രക്തം നിറയുകയായിരുന്നു. മറ്റൊരു കൈ എന്റെ കൈത്തണ്ട അമർത്തിപ്പിടിച്ചിരുന്നു. ഞാൻ തലയുയർത്തിനോക്കിയപ്പോൾ എയിൻസിഗ്ർ എന്റെ കട്ടിലിന്റെ വക്കിൽ ഇരിക്കുന്നതു കണ്ടു. ഗ്രാബെർ മുറിയുടെ കോണിൽ ഒരു കസേരയൽ ഇരിക്കുന്നുണ്ടായിരുന്നു.

എനിക്കു് ബോധം തെളിഞ്ഞെന്നു് മനസ്സിലായപ്പോൾ എയിൻസിഗ്ർ പറഞ്ഞു: ''ഇളകാതിരിക്കു. മുർദഹ്മം, ഇളകിയാൽ സൂചി ഒടിഞ്ഞെന്നു വരും.

''എന്തു സൂചി?''—കാര്യം മനസ്സിലാവാതെ ഞാൻ ചോദിച്ചു.

''നിങ്ങളുടെ ധമനിയിൽ നിന്നു് രക്തമെടുക്കാൻ ഞാനുപയോഗിക്കുന്ന സൂചി''—അവളം വിശദീകരിച്ചു.

അവളുടെ കൈയിലിരുന്ന വൃത്താകൃതിയിലുള്ള പാത്രത്തിലേയ്ക്കു ഞാൻ നോക്കി. എയിൻസിഗ്ർ ധമനിയിൽനിന്നു് സൂചിയെടുത്തിട്ടു്, ഒരു കഷണം പഞ്ഞി അയൊഡിനിൽ മുക്കിയെടുത്തു് സൂചികുത്തിയ സ്ഥലത്തുവെച്ചു. ''ഇനി കൈമുട്ടു് മുകെ മടക്കിപ്പിടിക്കു'' എന്നവളം പറഞ്ഞു.

അവളം സിറിഞ്ചു് കണ്ണിനോടു് അടുപ്പിച്ചു നോക്കി. അവളുടെ നീക്കങ്ങളം ഞാൻ ശ്രദ്ധിച്ചു.

''നിങ്ങളം എന്നെക്കൊണ്ടു് എന്തു ചെയ്യുവാനാണു് ഉദ്ദേശിക്കുന്നതു്'' എന്നു് ഞാൻ ചോദിച്ചു

''പ്രത്യേകിച്ചൊന്നുമില്ല. പരിശോധനയ്ക്കുവേണ്ടി നിങ്ങളുടെ കുറച്ചു രക്തമെടുത്തു എന്നു മാത്രം''.

''എന്തിനായിട്ടു്?''

''എവിടെനിന്നു് തുടങ്ങണമെന്നറിയാൻ''—മുഖം വക്രിപ്പിച്ചുകൊണ്ടു് അവളം പറഞ്ഞു.

ഞാൻ കിടന്നിരുന്ന മുറിയിൽ നല്ല വെളിച്ചമുണ്ടായിരുന്നു. അതിന്റെ ഭിത്തികളം വെളുത്ത ഓട്ടുകളംകൊണ്ടു് ആവരണം ചെയ്തിരുന്നു. വിശാലമായ ജന്നലിലൂടെ നീലാകാശവും, വലതുഭാഗത്തു് ചാരനിറമുള്ള ഒരു കോൺക്രീറ്റ് ഭിത്തിയും കാണാമായിരുന്നു. എയിൻസിഗ്ർ ജന്നലിന്നടുത്തു ചെന്നു് കണ്ണാടികൊണ്ടു് മേൽഭാഗം മൂടിയ ചെറിയൊരു മേശയ്ക്കടുത്തു് ഇരുന്നു. അതിന്റെ മേൽ ദ്രാവകങ്ങളം നിറച്ച ചെറുകുപ്പികളം പരീക്ഷണനാളികളം വെച്ചിട്ടുള്ള തട്ടുകളം ശസ്ത്രക്രിയോപകരണങ്ങളോടുകൂടിയ നിക്കൽ പെട്ടികളം ഉണ്ടായിരുന്നു. അവളം എന്റെ രക്തം പല പരീക്ഷണനാളികളിൽ ഒഴിച്ചു; ബാക്കി വന്നതു് ഒരു പളുങ്കുപാത്രത്തിൽ ഒഴിച്ചു. അതിന്നുശേഷം, ഒരു എബൊണൈറ്റ് പെട്ടിയിൽ ഘടിപ്പിച്ചിട്ടുള്ള കമ്പികളോടുകൂടിയ രണ്ടു് വൈദ്യുതീവാഹികളം താഴ്ത്തി ആ പളുങ്കുപാത്രത്തിൽ വെച്ചു.

''നിങ്ങളം ഹൈഡ്രജൻ അയോണുകളുടെ സാന്ദ്രത തിട്ടപ്പെടുത്തുകയാണോ'' എന്നു് ഞാൻ ചോദിച്ചു.

''ഓ, നിങ്ങളം ബുദ്ധിശാലിയാണല്ലോ!''—അവളം പരിഹാസപൂർവ്വം പറഞ്ഞു.

''ഞാൻ നിങ്ങളെ ഭയപ്പെടുന്നില്ല; ഞാൻ നിങ്ങളെ വെറുക്കുന്നു''—പരുഷസ്വരത്തിൽ ഞാൻ അറിയിച്ചു.

''എന്റെ സ്നേഹിതാ, അതൊന്നും സാരമില്ല. നിങ്ങളം മറ്റുള്ളവരെപ്പോലെയായിത്തീരുമ്പോളം നിങ്ങൾക്കു് മറ്റുതരം വികാരങ്ങളാണുണ്ടാവുക''.

ഗ്രാബെർ പൊട്ടിച്ചിരിച്ചു. ഞാൻ എഴുന്നേറ്റു.

''വിഡ്ഢിയാവാതിരിക്കു, മുർദഹ്മം. നിങ്ങളെ നിഷ്ഷ്പ്രയാസം കൈകാര്യം ചെയ്യാൻ എനിക്കു് കഴിയുമെന്നു് നിങ്ങൾക്കറിയാമല്ലോ. ഇരിക്കു. ശാസ്ത്രജ്ഞൻ ശാസ്ത്രജ്ഞനോടെന്ന നിലയിൽ നമുക്കു് സംസാരിക്കാം. എന്റെ ജീവനക്കാരിൽ മിക്കവരും, കാഴ്ചയിൽ തോന്നുന്നതു ബുദ്ധിശാലികളല്ലെന്നു് ഞാൻ സമ്മതിക്കുന്നു. ഉദാഹരണത്തിന്നു്, നിങ്ങളുടെ മേലധികാരിയായ ഡോ. ഷ്വാർട്ട്സിനെയെടുക്കു. അദ്ദേഹം വരട്ടതത്വചിന്താപദ്ധതിയുടെ തനിപ്രതിനിധിയാണു്. നിങ്ങൾക്കു് താരതമ്യേന കൂടുതൽ ചൈതന്യവത്തും കടംപിടുത്തമില്ലാത്തതുമായ ഒരു മനസ്സുണ്ടാവാം''.

''നിങ്ങളം എന്തുകൊണ്ടാണെന്നെ പെട്ടെന്നു് പ്രശംസിക്കാൻ തുടങ്ങിയതെ''ന്നു് ഞാൻ ചോദിച്ചു.

''എന്തുകൊണ്ടെന്നാൽ, നിങ്ങളം ചുഴിഞ്ഞന്വേഷിക്കാൻ താല്പര്യമുള്ള ഒരു മനുഷ്യനാണു്. നിങ്ങളുടെ ജീവിതത്തിന്നും സംഭവിക്കാവുന്ന അപകടത്തെ വകവെക്കാതെ നിങ്ങളം എന്റെ 'കള'ത്തിന്റെ ഉള്ളിൽ നുഴഞ്ഞു കയറി. പ്രയാസകരമായ ഒരു നീണ്ട വഴി കടന്നാണു് നിങ്ങളം അവിടെ കടന്നു കൂടിയതു്. പരീക്ഷണക്കൂടാരത്തിൽ പ്രവേശിക്കുവാൻ നിങ്ങൾക്കു് ഭയമുണ്ടായില്ല. എന്തിനു് വേണ്ടിയായിരുന്നു എന്നു് ഞാൻ ചോദിക്കട്ടെ. നിങ്ങളുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി മാത്രമാണോ? അങ്ങിനെയാണോ?''

ഞാൻ നിശ്ശബ്ദനായി ഗ്രാബെറെ ശ്രദ്ധിച്ചു. അയാളം എങ്ങോട്ടാണു് സംസാരം കൊണ്ടുപോകുന്നതെന്നു് മനസ്സിലാക്കാൻ ശ്രമിച്ചു.

ഗ്രാബെർ വീണ്ടും പൊട്ടിച്ചിരിക്കുവാൻ തുടങ്ങി. അപ്പോളം അയാളുടെ മുഖത്തിന്നു ഇളംചുവപ്പു നിറമായിരുന്നു. ചുണ്ടുകളം കൂ ചുവപ്പായിരുന്നു.


അയാളം പറഞ്ഞു: ''എല്ലാം ജിജ്ഞാസകൊണ്ടുതന്നെ. ചുഴിഞ്ഞന്വേഷിക്കുവാനുള്ള വാസന ശാസ്ത്രത്തെ വികസിപ്പിക്കുകയും മാനവപുരോഗതിയുളവാക്കുകയും ചെയ്യുന്നു.''

''നിങ്ങളുടെ കൽപട്ടാളക്കാരും പുരോഗതിയുടെ ഒരു ദുഷ്ടാന്തമാണു്, അല്ലേ?''.

''തീർച്ചയായും ആണു്. മുർദഹ്മം!''—അയാളം സന്തോഷപൂർവ്വം ഉറപ്പിച്ചുപറഞ്ഞു: ''കൽമനുഷ്യരുടെ വംശം വളരെ പ്രയോജനകരമാണെന്നു് തെളിയും—കുതിരകളെക്കാളോ ഒട്ടകങ്ങളെക്കാളോ ആനകളെക്കാളോ കൂടുതൽ പ്രയോജനകരം. എന്തൊക്കെയായാലും ഇവർ ചിന്തിക്കുന്ന ജീവികളാണു്''.

''ചിന്തിക്കുകയോ?''.

തീർച്ചയായും. ചിന്തിക്കുന്നവരും അനുസരിക്കുന്നവരും. അവർക്കും തികച്ചും വികസിതമായ ഭയത്തിന്റേതായ വികാരമുണ്ടു്. അതാണു് മുഖ്യകാര്യം''.



ചിത്രരചന: നസീറോവ്

''എന്തിനെയാണവർ ഭയപ്പെടുന്നതു്? അടിയെയോ വെടിയെയോ വെടിയുണ്ടകളെയോ?''

''ഇല്ല. അതിനെപ്പറ്റിയൊന്നും അവർക്കു ഭയപ്പാടില്ല. അവരെ ഉപയോഗപ്പെടുത്തുവാൻ ഞങ്ങൾക്കു പ്രേരണ നൽകുന്ന ഗുണവിശേഷമതാണു്. എങ്കിലും, ആത്മരക്ഷണത്തിനേറെതായ ഒരു സഹജവാസന അവർക്കുണ്ടു്. തങ്ങൾക്കു് മാരകമായിട്ടുള്ള കാര്യത്തെപ്പറ്റിയും അവർക്കു് ഭയമാണു്''.

''എന്താണു് അതു്?''

ഗ്രിബെർ അർത്ഥഗർഭമായി എന്നെ നോക്കിയിട്ടു പറഞ്ഞു: ''നിങ്ങൾ ചുഴിഞ്ഞന്വേഷിക്കുന്ന ആളാണെന്നു് ഞാൻ ആവർത്തിക്കുകയാണു്. എങ്കിലും നിങ്ങളിൽനിന്നു് ഒന്നും മറച്ചുവെക്കാൻ ഞാനാഗ്രഹിക്കുന്നില്ല. വെള്ളംകൊണ്ടു് അവരെ കൊല്ലാൻ കഴിയും''.

''വെള്ളമോ''

''അതുതന്നെ. ജീവനുള്ള ഏതു ജന്തുവിനെയുംപോലെ അവർ വെള്ളം കുടിക്കുന്നു''.

''അതുകൊണ്ടെന്തു്?''

''അവർ ഒരു പ്രത്യേകതരം വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. രസതന്ത്രത്തിൽനിന്നു് നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളതുപോലെ, മിക്ക സിലിക്കൺ യൗഗികങ്ങൾക്കും ശക്തമായ ക്ഷാരമാദ്ധ്യമത്തിൽ ദ്രവരൂപത്തിൽ മാത്രമേ നിലനിൽക്കുവാനാവുകയുള്ളൂ. എന്റെ പട്ടാളക്കാരുടെ ശരീരത്തിൽ ക്ഷാരാംശങ്ങൾ ഉണ്ടെങ്കിൽ മാത്രമേ അവർക്കു് നിലനിൽക്കാനാവുകയുള്ളൂ. പൊട്ടാസ്യം ഹൈഡ്രോക്ലൈഡ് കലർന്ന വെള്ളമാണു് അവർ കുടിക്കുന്നതു്''.

''അപ്പോൾ അതാണു് കാര്യം!''—ഞാൻ അത്ഭുതപ്പെട്ടു: ''അതുകൊണ്ടാണു് നിങ്ങളുടെ അപഗ്രഥനങ്ങളിൽ പൊട്ടൻഷ്യമേറെറിക്കു് ഇത്ര പ്രധാനപ്പെട്ട സ്ഥാനം വന്നിരിക്കുന്നതു്''.

''നിങ്ങൾ പറഞ്ഞതു് ശരിയാണു്, മൂർദ്ഹം, തികച്ചും ശരി. വെള്ളത്തിന്റെ ക്ഷാരത കർശനമായും ഒരേ തരത്തിലിരിക്കണം... എന്നാൽ, നിങ്ങൾ അതിനെപ്പറ്റി അറിയേണ്ടതില്ല''.

''അപ്പോൾ, നിങ്ങൾ പട്ടാളക്കാർ എന്നു് വിളിക്കുന്ന ആ ആളുകൾ വെള്ളത്തെ ഭയപ്പെടുന്നതെന്തുകൊണ്ടാണു്?''

''എന്റെ പ്രിയപ്പെട്ട മനുഷ്യാ, അവർക്കു് ക്ഷാരവെള്ളമല്ലാതെ സാധാരണവെള്ളം കൊടുത്താൽ അവർ കൽപ്രതിമകളായിമാറും''.

''അപ്പോൾ നിങ്ങൾ അവരെ നിരന്തരഭയത്തിനേറെതായ ഒരവസ്ഥയിൽ നിർത്തുന്നു, അല്ലേ?''

''ഭയം അവരെ അടക്കി ഭരിക്കുവാനുള്ള ഒരു സുശക്തോപകരണമാണു്. എങ്കിലും നമുക്കു് നിങ്ങളുടെ ജിജ്ഞാസോന്മുഖമായ മനസ്സിലേയ്ക്കു മടങ്ങാം, മൂർദഹ്ം. റൈബോന്യൂക്ലിയിക വാതകവും ഡെസോക്സൈറൈബോന്യൂക്ലിയിക വാതകവുംകൊണ്ടു് സിലിക്കൺ ജൈവ അനുഷംഗം സൃഷ്ടിക്കുക സാദ്ധ്യമാണോ? നിങ്ങളെന്തു വിചാരിക്കുന്നു?''

ഷ്വാർട്ട്സിന്റെ പരീക്ഷണശാലയിൽ കാർബണിനു് പകരം സിലിക്കൺ ഉപയോഗിച്ച ഈ വാതകങ്ങളെ സമന്വയിപ്പിക്കുവാൻ ഗിയോവന്നി വിഫലശ്രമം നടത്തിയതു് ഞാനോർത്തു. എന്തു പറയണമെന്നറിയാതെ ഞാൻ ജിജ്ഞാസയോടെ അയാളുടെ നേരെ നോക്കി. അയാൾ കസേരയിൽനിന്നെഴുന്നേറ്റു് മുറിയിൽ മുന്നോട്ടും പിന്നോട്ടും പല തവണ നടന്നു.

''നമുക്കതു് സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിൽ! ജീവകോശം തികച്ചും സിലിക്കൺ—ജൈവമായിത്തീർന്നെങ്കിൽ!''

''നിങ്ങൾ ഇരകളായി പിടിച്ചിട്ടുള്ളവരുടെ സ്ഥിതിയതല്ലേ?''.

''ന്യൂക്ലിയസ് ഒഴികെ എല്ലാം സിലിക്കൺ—ജൈവമാണു്. മർമ്മപ്രധാനമായ രഹസ്യം കുടികൊള്ളുന്നതു് ന്യൂക്ലിയസിലാണു്—അതാണു് ദുരന്തം!''.

''എന്തുകൊണ്ടാണു് നിങ്ങളതിനെ ദുരന്തമെന്നു വിശേഷിപ്പിക്കുന്നതു്?''.

''എന്തുകൊണ്ടെന്നാൽ, ഇതുകൊണ്ടു് എന്റെ സിലിക്കൺ—ജൈവസൃഷ്ടികൾക്കു് സന്തത്യുല്പാദനം നടത്താൻ കഴിയുന്നില്ല. കൂടുതൽ സന്തതികളെ സൃഷ്ടിക്കുന്നതിനു് പണിക്കുറതീർന്ന സാമഗ്രികൾ—കുറ്റം കുറവുകളില്ലാത്ത സിലിക്കൺ മനുഷ്യർ—ആവശ്യമാണു്...''

ഈ വാക്കുകളുടെ ത്രാസജനകമായ അർത്ഥം പെട്ടെന്നു് എനിക്കു് മനസ്സിലായില്ല. അല്പനേരം ചിന്തിച്ചതിനുശേഷം ഗ്രാബെർ ഇങ്ങിനെ തുടർന്നു:

''ന്യൂക്ലിയിക വാതകങ്ങൾക്കു് സമാനമായ സിലിക്കൺ ശരീരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞാൽ, പുതിയ കോശത്തിന്റെ ന്യൂക്ലിയസിനെ ബഹുഗുണീകരിക്കുക സാദ്ധ്യമാണു്. അപ്പോൾ ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമായി പുനർനിർമ്മിക്കേണ്ടതാവശ്യമായിവരികയില്ല. അതിനു പകരം ഏതെങ്കിലുമൊരു സെലിക്കൺ—ജൈവ സ്ത്രീപുരുഷവ്യക്തികളെ സൃഷ്ടിച്ചാൽ മതിയാവും; അവർ അത്തരം സന്തതികളെ സൃഷ്ടിച്ചുകൊള്ളും. ഇതു വളരെ ലളിതമായ കാര്യമാണു്. സിലിക്കൺ—ജൈവവിത്തുകൾ പൊട്ടിമുളക്കുകയും സിലിക്കൺ—ജൈവ ചെടികളായി വളരുകയും ചെയ്യും. കന്നുകാലികൾ സിലിക്കൺ—ജൈവകന്നുകാലികളെ പെറ്റുകൂട്ടും...''

അയാൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ വലിയൊരു ഉണക്കല്ലു് ജന്നലിലൂടെ ചീറിവന്നു. അതിനെ തുടർന്നു് വെടിപൊട്ടുന്ന ശബ്ദം കേട്ടു. ഗ്രാബെർ വിറയ്ക്കാൻ തുടങ്ങി. അയാൾ ചാടിയെഴുന്നേറ്റു്, മുറിയുടെ വാതിൽ ആഞ്ഞടച്ചിട്ടു് പുറത്തേയ്ക്കു പാഞ്ഞു. ഞാൻ ജന്നലിന്നടുത്തേയ്ക്കു് പാഞ്ഞുചെന്നു് പുറത്തേയ്ക്കു നോക്കി. ചെറുതോക്കുകളും പിടിച്ചിട്ടുള്ള ആളുകളും മതിലിന്നടുത്തു അങ്ങോട്ടും ഇങ്ങോട്ടും നടന്നു് ആരെയോ ഒക്കെ തിരയുന്നുണ്ടായിരുന്നു. ഞാൻ ജന്നലിലൂടെ തല പുറത്തേയ്ക്കു നീട്ടിക്കൊണ്ടു് വിളിച്ചുപറഞ്ഞു:

''ഗ്രാബെർ അവിടെ!''

ഒരു വെടിയുണ്ട എന്റെ ഇടതുചെവിയ്ക്കടുത്തുകൂടെ പാഞ്ഞുപോയി. യന്ത്രത്തോക്കുകളും പിടിച്ചിട്ടുള്ള കുറെ പട്ടാളക്കാർ ഗേററിലൂടെ പരീക്ഷണസ്ഥലത്തേയ്ക്കു് ഓടുന്നതു ഞാൻ കണ്ടു. ഞാൻ ഒരു വശത്തേയ്ക്കു ചാടി. യന്ത്രത്തോക്കിൽനിന്നുള്ള വെടിയുണ്ടകളേറെറ് മച്ചിൽ ദ്വാരങ്ങളുണ്ടായി.

''ഇതൊരു കലാപമാണോ?''—ഞാനാലോചിച്ചു: ''അങ്ങിനെയാണെങ്കിൽ ആരാണു് കലാപകാരികൾ; ഇന്നാട്ടുകാരായിരിക്കാം''.

വെടിവെപ്പു് തുടർന്നു. താഴെ ആക്രോശങ്ങളും സൈനികകല്പനകളുടെ ശബ്ദവും കേൾക്കാമായിരുന്നു. അപ്പോൾ ഒരു പൊട്ടിത്തെറിയുണ്ടായി വീണ്ടും, രണ്ടു് പൊട്ടിത്തെറികൾ. അതിന്നു ശേഷം എല്ലാം ശാന്തമായി.

ഞാൻ സാവധാനത്തിൽ ജന്നലിന്നടുത്തേയ്ക്കുചെന്നു. പക്ഷേ വെളിയിലേയ്ക്കു തലയിടുമ്പോൾത്തേയ്ക്കു് ഒരു വെടി പൊട്ടി. ഞാൻ മുറിയുടെ കോണിലേയ്ക്കുമാറി ശബ്ദം ശ്രദ്ധിച്ചുകൊണ്ടുനിന്നു. അപ്പോൾ ദൂരെനിന്നു് വെടിശ്ശബ്ദം കേട്ടു—ഇടതുവശത്തു് എവിടെനിന്നോ ഉള്ള ശബ്ദം. വീണ്ടും എല്ലാം ശാന്തമായി. ഇരുട്ടു വ്യാപിച്ചുവരികയായിരുന്നു.

''കലാപം പരാജയപ്പെട്ടുവെന്നാണോ ഇതിന്നർത്ഥം''—കട്ടിലിൽ ഇരുന്നുകൊണ്ടു് ഞാനോലോചിച്ചു: ''കരാളമായ ഈ രഹസ്യസങ്കേതത്തെ നശിപ്പിക്കുവാനുള്ള ശ്രമം വിഫലമായി എന്നാണോ ഇതിന്നർത്ഥം? ഇതെല്ലാം ആരായിരിക്കും ആരംഭിച്ചിരിക്കുക?''

ഭാഗം നാല്

ആ രാത്രിയിൽ എനിക്കു ഉറങ്ങാൻ കഴിഞ്ഞില്ല. അന്നു് നടന്ന സംഭവത്തെക്കുറിച്ചുള്ള വിചാരം മാറിമാറിവന്നുകൊണ്ടിരുന്നു ചുറ്റും തികഞ്ഞ നിശ്ശബ്ദതയായിരുന്നു. എന്റെ ഹൃദ-

യംമാത്രം ഉച്ചത്തിൽ മിടിച്ചുകൊണ്ടിരുന്നു. വെളിച്ചമുണ്ടായിരുന്നില്ല. എല്ലാം അന്ധകാരത്തിൽ മുഴുകിയിരുന്നു. ഞാൻ ഓടി രക്ഷപ്പെട്ടാലെന്താണു്? കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിൽ നിന്നു് ചാടിയിട്ടു് ഓടിപ്പോകണം. പക്ഷേ, എങ്ങോട്ടു്? അവർ എന്നെ പിടിച്ചു് വെടിവെച്ചുകൊല്ലുകയില്ലെന്നതിനു് ഉറപ്പൊന്നുമില്ല.

ഗ്രാബെറിന്റെ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതുകൊണ്ടു് എന്താണു് പ്രയോജനം? അയാൾ തന്റെ കുത്സിതപ്രവൃത്തി തുടർന്നുകൊണ്ടിരിക്കും. ശരീരത്തിലെ കാർബണെ, ഏതോ തരകം മുഖേന മാറ്റിയിട്ടു് അതിന്റെ സ്ഥാനത്തു് സിലിക്കണെ നിവേശിപ്പിക്കുവാനും അങ്ങിനെ അപ്രാകൃതികമായ ജന്തുക്കളെയും സസ്യങ്ങളെയും സൃഷ്ടിക്കുവാനും അയാൾക്കിപ്പോൾത്തന്നെ അറിയാം. ഈ വിധത്തിൽ, സിലിക്കൺ—ജൈവഗുണധർമ്മങ്ങളെ ജന്തുക്കളുടെയും സസ്യങ്ങളുടെയും വംശപാരമ്പര്യഗുണധർമ്മങ്ങളാക്കി മാറ്റുന്നതിൽ അയാൾ വിജയിക്കുന്നപക്ഷം എന്തായിരിക്കും സംഭവിക്കുക?

എന്റെ ഭാവന, ചില ഭീകരചിത്രങ്ങൾ മനസ്സിൽ സൃഷ്ടിച്ചു: മഞ്ഞനിറമുള്ള, മലീമസമായ ചെടികളാലും വൃക്ഷങ്ങളാലും ചുറ്റപ്പെട്ട മരുഭൂമിയിൽ കടിയിരുപ്പുകൾ...തീക്ഷ്ണഗന്ധവും കട്ടപ്പുമുള്ള സസ്യങ്ങൾ വളരുന്ന, ശ്മശാന പ്രതീതിയുളവാക്കുന്ന സസ്യത്തോട്ടങ്ങൾ...സിലിക്കൺ ധാന്യങ്ങൾ വിളയുന്ന പാടങ്ങൾ... മഞ്ഞളിച്ച ഓറഞ്ചുനിറമുള്ള പുല്ലുകൾ നിറഞ്ഞ തകിടികൾ... അവയിൽ പുല്ലുമേയുന്ന വിലക്ഷണങ്ങളായ കന്നുകാലികൾ... കടിയിരുപ്പുകളുടെ വീഥികളിലൂടെ മെല്ലെ നടന്നുപോകുന്ന കൽപുരുഷന്മാരും കൽസ്ത്രീകളും...ഇളകിക്കിടക്കുന്ന മണ്ണിൽ ദുർമ്മുഖത്തോടെ കളിക്കുന്ന വിരൂപികളായ കുട്ടികൾ... ഇതെല്ലാം സൂര്യാതപമേറ്റു ചുട്ടുപൊള്ളുന്ന മരുഭൂമിയിലാണു് നടക്കുന്നതു്.

കടിയിരുപ്പിന്റെ മദ്ധ്യത്തിൽ, തീക്ഷ്ണദുർഗ്ഗന്ധമുള്ള ദ്രാവകം നിറച്ച ഒരു സംഭരണിയുണ്ടു്. പ്രസ്തുത മനുഷ്യർ ഈ ദ്രാവകമാണു് കുടിക്കുന്നതു്. അവരുടെ ജീവിതം അതിനെ ആശ്രയിച്ചിരിക്കുന്നു. ആഴ്ചയിലൊരിക്കൽ, ഒരു വാഹനം ഇത്തരം ദ്രാവകവുമായി വന്നു് സംഭരണി നിറയ്ക്കുന്നു. മേലധികാരികളുടെ ചട്ടത്തിനു് അടിപണിയായ്ത്ത ആളുകൾക്കു് ഒരു പ്രത്യേകതരം വെള്ളം കൊടുത്തു് അവരെ നിശ്ശബ്ദങ്ങളായ കൽപ്രതിമകളാക്കി മാറ്റുന്നു. അത്തരത്തിൽ ഘനീഭവിച്ച സ്ത്രീകളും പുരുഷന്മാരും, ഗ്രാബെറുടെ അധികാരശക്തിയുടെ പ്രതീകങ്ങളെന്ന നിലയിൽ, സംഭരണിക്കു ചുറ്റും പ്രതിമകൾ പോലെ നിൽക്കുന്നു...

ഞാൻ അല്പനേരമൊന്നു മയങ്ങി. അപ്പോൾ എന്റെ കൈകാലുകൾക്കു് ഭാരം കൂടിയെന്നും അവ അനക്കാൻ സാധിക്കുന്നില്ലെന്നും എനിക്കു് തോന്നി. ഞാൻ യാതൊരു തരം മാനുഷിക വികാരങ്ങളുമില്ലാത്ത ഒരു കൽജന്തുവായിത്തീരുകയാണെന്നും തോന്നുകയുണ്ടായി. അപ്പോൾ ഞാൻ കിടക്കയിൽനിന്നു് ചാടിയെഴുന്നേറ്റു ചെന്നു് പുറത്തേയ്ക്കു നോക്കി. കുറ്റാക്കുറ്റിരുട്ടു്.

വാസ്തവത്തിൽ അതൊരു ഭീകരരാത്രിയായിരുന്നു. പ്രഭാതമാവായപ്പോൾ മാത്രമാണു് ഞാനല്പം ഉറങ്ങിയതു്. ഉറങ്ങിക്കിടക്കവേ ആരോ എന്നെ, തോളിൽ പിടിച്ചു കുലുക്കുന്നതായി അനുഭവപ്പെട്ടു. കണ്ണു തുറന്നുനോക്കിയപ്പോൾ, ഡോ. ഷ്വാർട്സിന്റെ ഗവേഷണശാലയിലെ സഹായിയായ ഹാൻസു് മുന്നിൽ നിൽക്കുന്നതു കണ്ടു. എങ്കിലും അയാൾ, ഗവേഷണശാലയിലെപ്പോലെ വെള്ളക്കോട്ടല്ല ധരിച്ചിരുന്നതു്. പട്ടാള ആഫീസറുടെ യൂണിഫോറത്തിലായിരുന്നു അയാൾ.

''നിങ്ങൾ മതിയായത്ര ഉറങ്ങിയിട്ടുണ്ടാവുമെന്നു് ഞാൻ കരുതുന്നു'' എന്നയാൾ ഒരുതരം പരുക്കൻ മട്ടിൽ പറഞ്ഞു.

യാതൊന്നും പറയാതെ ഞാൻ സാധാരണ വസ്ത്രം ധരിക്കാൻ തുടങ്ങി. കുറെ മിനുട്ടുകളോളം ആരുമൊന്നും പറഞ്ഞില്ല.

ഒടുവിൽ അയാൾ ഇങ്ങിനെ അറിയിച്ചു: ''നിങ്ങളെ വിളിച്ചുകൊണ്ടുചെല്ലാൻ അദ്ദേഹം കല്പിച്ചിരിക്കുന്നു''.

''അപ്പോൾ അതു ആരംഭിച്ചിരിക്കുന്നു'' എന്നു് ഞാൻ എന്നോടായിത്തന്നെ പറഞ്ഞു: ''പക്ഷേ, ഞാൻ അതു എളുപ്പത്തിലൊന്നും വഴങ്ങിക്കൊടുക്കാൻ പോകുന്നില്ല''.

* * *

ഇത്തവണ ഗ്രാബെറുടെ മുഖത്തു മുമ്പത്തെപ്പോലെ അത്ര പ്രസന്നത കണ്ടില്ല. നേരേമറിച്ചു് ഉൽണ്ണ പ്രകടമായിരുന്നു. അയാൾ ചുണ്ടുകൾ അമർത്തിപ്പിടിച്ചിരുന്നു. കസേരയുടെ മുമ്പിലെ മേശയുടെ പുറത്തു് ഒരു കടലാസുതാൾ വെച്ചിരുന്നു.

അയാൾ എന്റെ പേരു് വിളിച്ചിട്ടു്, അനാകർഷകമായ സ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:

''മുർദഹ്യം, നിങ്ങൾക്കു് നിങ്ങളുടെ സുഹൃത്തുക്കളെ കണ്ടുമുട്ടാൻ ഒരു സന്ദർഭം വന്നുചേർന്നിരിക്കുന്നു''.

ഞാൻ അതിശയത്തോടെ നോക്കിനിന്നു.

''ഇതു കമാണ്ടർക്കു് കൊണ്ടുചെന്നു കൊടുക്കൂ'' എന്നു് പറഞ്ഞിട്ടു് അയാൾ ആ കടലാസുതാൾ എന്റെ കൈയിൽതന്നു.

ഞാനതു് വായിച്ചുനോക്കി. ''ഞങ്ങൾ ഈ സ്ഥലംവിടുകയാണു്. ഞങ്ങൾ എന്നെന്നേക്കുമായി നിങ്ങളുടെ രാജ്യം വിടുകയാണു്. എന്നാൽ, ഇക്കാര്യത്തിൽ നിങ്ങളുടെ സഹായം ഞങ്ങൾക്കാവശ്യമാണു്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമഗ്രികളും മറ്റു സാധനങ്ങളും ട്രക്കുകളിൽ കയറ്റേണ്ടതായിട്ടുണ്ടു്. ഞങ്ങൾക്കു് പത്തു ചുമട്ടുകാരെ ആവശ്യമായിരിക്കുന്നു. നിങ്ങൾ ആയുധം താഴെ വെക്കുകയും ഇൻസ്റ്റിറ്റ്യൂട്ടു് വിട്ടു പോകുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യുന്നപക്ഷം ഞങ്ങൾ നിങ്ങളുടെ എല്ലാ ആളകൾക്കും സുരക്ഷിതത്വവും സ്വാതന്ത്ര്യവും വാഗ്ദാനം ചെയ്യുന്നു.''

ഇത്ര പെട്ടെന്നു് തന്റെ തന്ത്രം മാറാൻ ഗ്രാബെറെ പ്രേരിപ്പിച്ചതെന്താണെന്നു മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചു. ഇനി എന്തു ചെയ്യാനാണു് അയാൾ ഉദ്ദേശിക്കുന്നതു്?

''അപ്പോൾ ഇവിടം നിങ്ങൾക്കിഷ്ടപ്പെട്ടുന്നില്ല?''— ചുണ്ടു വക്രിപ്പിച്ചുകൊണ്ടു് ഞാൻ ചോദിച്ചു.

''ഇല്ല, ഞങ്ങളിഷ്ടപ്പെടുന്നില്ല''.

അയാൾ ജന്നലിന്നടുത്തുചെന്നു് പുറത്തേയ്ക്കുനോക്കി. അയാതികച്ചും വ്യാകുലനാണെന്നു് മുഖഭാവത്തിൽനിന്നു് ഞാൻ മനസ്സിലാക്കി. അയാൾ എന്തോ പ്രതീക്ഷിക്കുന്നുണ്ടെന്നും, അതിൽ വല്ലാതെ ഭയപ്പെടുന്നുണ്ടെന്നും വ്യക്തമായിരുന്നു.

''ഞങ്ങളിവിടം ഇഷ്ടപ്പെടുന്നില്ല; അതെന്തുകൊണ്ടാണെന്നു് നിങ്ങൾക്കറിയാമല്ലോ. ഇപ്പോൾ പത്തോ ഇരുപതോ പേരെയല്ല ഞങ്ങൾക്കു് എതിരിരേണ്ടതായിട്ടുള്ളതു്. ഈ ശപിക്കപ്പെട്ട രാജ്യത്തെയാണു് എതിരിടേണ്ടതായി വന്നിട്ടുള്ളതു്''.

പെട്ടെന്നെല്ലാം എനിക്കു മനസ്സിലായി. ഫെർനാൻ, വരാനിരിക്കുന്ന ചില സംഭവങ്ങളെപ്പറ്റി സൂചിപ്പിച്ചപ്പോൾ ഇതാണയാൾ ഉദ്ദേശിച്ചതു്.

''ഹെർ നാസി, അപ്പോൾ ഇന്നാട്ടുകാർ നിങ്ങളെ പുറത്താക്കുകയാണു്! എന്നാൽ വേഗമാകട്ടെ. അവർ തങ്ങളുടെ കത്തികൾ വളരെ സമർത്ഥമായി ഉപയോഗിക്കുന്നവരാണു്''.

ഗ്രാബെർ അങ്ങേയറ്റത്തെ വെറുപ്പോടുകൂടി എന്നെ നോക്കി.

''എന്റെ ആൾക്കാർ സസ്യത്തോട്ടത്തിലേയ്ക്കു് ആട്ടിക്കയറ്റിയവരുടെ കാര്യമാണെങ്കിൽ ഞാനവരെ ഒരു നിമിഷത്തിനുള്ളിൽ ശരിപ്പെടുത്തിക്കൊള്ളാം''.

എനിക്കു് പുഞ്ചിരി അടക്കാൻ കഴിഞ്ഞില്ല—അതു് ഗതികെട്ട പൊങ്ങച്ചമായിരുന്നു. കൽത്തോട്ടത്തിലേയ്ക്കു് ആട്ടിക്കയറ്റപ്പെട്ടവരെയല്ല ഗ്രാബെർ ഭയപ്പെട്ടതു്. വടക്കെ മതിലിലെ ഗേറ്റുകൾ അടിച്ചു തുറന്നിട്ടു് നൂറുകണക്കിനു് ആളുകൾ—ചിലപ്പോൾ ആയിരക്കണക്കിനു് ആളുകൾ—തള്ളിക്കയറി വന്നേക്കാമെന്നതിനെയാണു് അയാൾ ഭയപ്പെട്ടതു്. അവരുടെ രോഷത്തിൽ നിന്നു് രക്ഷപ്പെടുക സാദ്ധ്യമായിരുന്നില്ല.

''ശരി, വേഗമാവട്ടെ''.

അയാൾ ഉൽക്കണ്ഠയോടെ വീണ്ടും പുറത്തേയ്ക്കുനോക്കി.

ഞാൻ ചോദിച്ചു... ''നിങ്ങൾ എന്തുകൊണ്ടാണു് നിങ്ങളുടെ ഒരാളെ എന്റെ സഖാക്കളുടെ അടുത്തേയ്ക്കു അയയ്ക്കാത്തതു്?''

''എന്റെ വ്യവസ്ഥകൾ, കൂടുതൽ നന്നായി വിശദീകരിച്ചു് അവരെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ നിങ്ങൾക്കു് കഴിയും അതുകൊണ്ടാണു്. അവർ അംഗീകരിക്കാത്തപക്ഷം എന്താണവർക്കു് പ്രതീക്ഷിക്കാനുള്ളതെന്നു് നിങ്ങൾക്കു നന്നായറിയാമല്ലോ. അതിനെപ്പറ്റി ബോദ്ധ്യമാവത്തക്ക വിധത്തിൽ അവരോടു് പറയൂ, ഇനി അങ്ങോട്ടു ചെല്ലൂ.''

ഹാൻസു് എന്നെ, പരീക്ഷണസ്ഥലത്തേയ്ക്കു വഴി തുറക്കുന്ന ഗേറ്റിലേക്കും അവിടെനിന്നു് ചുവന്ന ഓക്കുമരങ്ങളുള്ള മരുത്തോട്ടത്തിന്റെ വാതിൽക്കലേക്കും കൊണ്ടുപോയി. അവിടെങ്ങും ആരുമുണ്ടായിരുന്നില്ല. സംഭരണിക്കടുത്തു് മൂന്നു ലോറികളും ഒരു ദ്രാവകവണ്ടിയും നിൽക്കുന്നുണ്ടായിരുന്നു.

ഹാൻസു് മ്ലാനതയോടെ പറഞ്ഞു: ''മുള്ള കമ്പനികൾക്കു് 2000 വോൾട്ടുകളുടെ വോൾട്ടതയുണ്ടെന്നു് അവരോടു് പറയുക. വോൾട്ടതയുള്ളകൊണ്ടു് അവർ ഈ വാതിലിലൂടെ പുറത്തേക്കു വരണം. അവരുടെ ആയുധങ്ങൾ എന്നെ ഏല്പിക്കാൻ പറയുക.''

(തുടരും)

സാഷയും ലെനയും സമയവും പുതുവത്സരവും...

—യൂറി സതിതോവ്സ്കി



സാഷയും ലെനയും നവവത്സരസൽക്കാരത്തെ ആകാംക്ഷയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. മനോഹരമാംവിധം അലങ്കരിക്കപ്പെട്ട ഒരു നവവത്സരവൃക്ഷത്തേയും അതിന്നടിയിൽ കൂമ്പാരം കൂട്ടിയ സമ്മാനങ്ങളേയും, രുചികരമായ അപ്പങ്ങളും മിഠായികളും മധുരപലഹാരങ്ങളും ലെമനേഡും പഴച്ചാറുകളും നറുമണം മാർന്ന ചായയും നിറയെ നിരത്തി ഒരുക്കിയ മേശയും ചുറ്റിലും ആഘോഷപൂർണ്ണമായ ഒരു സൽക്കാരത്തേയുമൊക്കെ പ്രതീക്ഷിച്ചു കാത്തിരിക്കയായിരുന്ന അവർ. അതെല്ലാം എത്ര മനോഹരവും രുചികരവുമായിരിക്കും.

ഓരോ ദിവസവും ആ സഹോദരീസഹോദരന്മാർ കലണ്ടറിന്റെ ഓരോ ഷീറ്റു ചീന്തിക്കളഞ്ഞു, സമയത്തോട്ടു കൂടുതൽ വേഗത്തിൽ ഓടാൻ ഉദ്ബോധിപ്പിക്കും.

ഈ ഭൂമിയിൽ ഒരു നൂറാണ്ടുമുമ്പും സഹസ്രാബ്ദങ്ങൾക്കുമുമ്പും എന്തു സംഭവിച്ചിരുന്നു എന്നു പറഞ്ഞുകൊടുക്കാനായി അവരുടെ സ്ഥലത്തു് വല്ലപ്പോഴുമൊക്കെ എത്താറുണ്ടായിരുന്ന സമയമാകട്ടെ അങ്ങിനെ ധൃതിപിടിച്ചു നീങ്ങാൻ വിസമ്മതിച്ചു. അയാൾ സുഖകരമായ ഒരു സോഫയിലിരുന്നു് രാത്രി വൈകുന്നതുവരെ തന്റെ വശ്യമനോഹരങ്ങളായ കഥകൾ കൊച്ചുകുട്ടികൾക്കു് പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു.

അത്തരം എല്ലാ അവസരങ്ങളിലും അവരുടെ ഫ്ളാറ്റിലെ എല്ലാ വാച്ചുകളും ക്ലോക്കുകളും എന്തുകൊണ്ടോ സാവധാനത്തിലാണു് ഓടാറുണ്ടായിരുന്നതു്. ആ കുട്ടികളുടെ അച്ഛനാകട്ടെ, സമയം എപ്പോഴും കൃത്യമായിരിക്കണമെന്നും, അല്ലെങ്കിൽ കാര്യങ്ങളെല്ലാം അവതാളത്തിലാകുമെന്നും പറഞ്ഞുകൊണ്ടു് എത്രയും രോഷാകുലനാകാറുണ്ടായിരുന്നു. സമയത്തിന്റെ അമാന്തം കാരണം, രാവിലെ നേരങ്ങളിൽ ജോലിക്കു ചെല്ലാൻ താമസിച്ചുകൂടാ എന്നുണ്ടായിരുന്ന അദ്ദേഹത്തിന്നു്.

ഒരിക്കൽ, സമയം, നേഴ്സറിയിൽ പതിവിലുമധികം നേരം തങ്ങി. അച്ഛൻ വളരെ ഉദ്വിഗ്നനായി. അദ്ദേഹം തെരുവിലേയ്ക്കുള്ള വാതിൽ തുറന്നു്, നെറ്റി ചുളിച്ചുകൊണ്ടു് സമയത്തിന്റെ നേരെ നോക്കിയിട്ടു് ഇങ്ങിനെ പറഞ്ഞു: ''ഇതു് കുറെ കടന്ന കയ്യായിപ്പോയി!'' സമയം അവിടെനിന്നു് പുറത്തേയ്ക്കു കടക്കേണ്ട സന്ദർഭം അതിക്രമിച്ചിരിക്കുന്ന എന്നായിരുന്ന അദ്ദേഹം അർത്ഥമാക്കിയതു്.

സമയം അച്ഛനോടു് കോപിച്ചു് തൽക്ഷണം തന്നെ സ്ഥലംവിട്ടു. അവനു് ധൃതിപ്പെടുത്തൽ സഹിക്കാൻ കഴിയുമായിരുന്നില്ല. തെരുവിലേയ്ക്കുള്ള കവാടം രാത്രി മുഴുവൻ തുറന്നു കിടന്നിരുന്നു; ആരും അതടക്കുന്നതിനെപ്പറ്റി ആലോചിക്കുകയുണ്ടായില്ല. രാത്രി വൈകിയിട്ടു്, കാഴ്ചയിൽ മഷിപ്പുള്ളികളെപ്പോലെ തോന്നിയിരുന്ന പല കൊച്ചുജന്തുക്കളും അതിലൂടെ വീട്ടിനകത്തേയ്ക്കു നഴഞ്ഞുകയറി. കഴപ്പുങ്ങൾ എന്നാണവയെ വിളിച്ചുവന്നതു. അവ ആ സ്ഥലത്തു് അലഞ്ഞു നടക്കുകയും സമസ്യവസ്തുക്കളും താറുമാറാക്കുകയും ചെയ്തശേഷം, കലണ്ടറിന്റെ ഒടുവിലത്തെ ഷീറ്റു് ചീന്തിയെടുത്തു് അപ്രത്യക്ഷമായി.

വീട്ടിൽ കഴപ്പുങ്ങളുണ്ടാകുമ്പോൾ കാര്യം എത്ര മോശമാണെന്നു നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ടാണു് പിറ്റേന്നു്, വർഷത്തിലെ അവസാനദിവസത്തിന്റെ തലേന്നു്, അതിരാവിലെ, ഫ്ളാറ്റിലെ ഓരോ നിവാസിയും ഒട്ടും ഉന്മേഷമില്ലാതെ ഉണർന്നെണീറ്റതു്. വൈകുന്നേരം കുട്ടികൾ കലണ്ടറിന്റെ അവസാനത്തേതിന്റെ തൊട്ടുമുമ്പത്തെ ഷീറ്റു് ചീന്തിക്കളഞ്ഞപ്പോൾ, വർഷത്തിന്റെ അവസാനദിവസത്തെ കുറിക്കുന്ന ഷീറ്റു് നഷ്ടപ്പെട്ടുപോയിരിക്കുന്നതായി അവർ കണ്ടു. അതിന്റെ അർത്ഥം അവർക്കു് നവവത്സരാഗമനത്തിന്റെ ആഘോഷം ഉണ്ടായിരിക്കയില്ലെന്നും ഒഴിവുദിവസമുണ്ടാവില്ലെന്നുമായിരുന്നു.

തീർച്ചയായും, സൂര്യൻ പിറ്റേന്നു രാവിലെ ചക്രവാളത്തിന്മീതെ ഉദിക്കുകയുണ്ടായില്ല; എന്തുകൊണ്ടെന്നാൽ, സമയം മുന്നോട്ടു നീങ്ങാൻ കൂട്ടാക്കിയില്ല; അതു പുരപ്പുറത്തുടെ അലസമായി പാറിനടക്കുകയും കഴപ്പുങ്ങളുടെ നേർക്കു് ഒളികണ്ണിട്ടുനോക്കുകയുമായിരുന്നു. അവസാനത്തെ കലണ്ടർഷീറ്റു് പതുപതുപ്പുള്ള ഫിർമരത്തിന്നടിയിൽ ഒളിപ്പിച്ചുകൊണ്ടു് നഗരത്തിന്നു സമീപമുള്ള മരക്കാടുകളിൽ തീക്കുണ്ഡത്തിന്നു ചുറ്റുമിരുന്ന തീ കായുകയായിരുന്ന കഴപ്പുങ്ങൾ.

അല്പനേരം കഴിഞ്ഞപ്പോൾ സമയം സാഷയുടേയും ലെനയുടേയും മുറിയുടെ ജനലുകളിലൂടെ അകത്തേയ്ക്കു നോക്കി; ആ കുട്ടികളുടെ വിഷാദപൂർണ്ണമായ മുഖങ്ങൾ കണ്ടപ്പോൾ അവനും വളരെ നിരാശ തോന്നി. കഴപ്പുങ്ങളുടെ സഹായത്തോടെ താൻ ആ കുട്ടികളുടെ നവവത്സരസൽക്കാരം നഷ്ടപ്പെടുത്തിയതിൽ അവൻ വ്യസനിച്ചു.

ആ ചിന്ത കാടുകളിലേയ്ക്കോടിച്ചെന്നു് ആ കലണ്ടർഷീറ്റു് കണ്ടെടുത്തു് ഫിർമരത്തിൽ ഒട്ടിക്കാനും എന്നിട്ടു് അവ രണ്ടിനേയും ആ കുട്ടികളുടെ സ്ഥലത്തേയ്ക്കു കൊണ്ടുചെല്ലാനും അവനെ പ്രേരിപ്പിച്ചു. ആ രാത്രിതന്നെ പട്ടണം വിട്ടുപോകാനും, പൊതുആഘോഷങ്ങളെ ദൃഷ്ടിപ്പിക്കാതിരിക്കാനും കഴപ്പുങ്ങൾക്കു് അവൻ താക്കീതു് നൽകുകയും ചെയ്തു.

**

''ഞാൻ ലോകം കാണുന്നു''

—ഒ. തോർച്ചിൻസ്കി

"പയനീർസ്കായ പ്രാവ്ദ'' പത്രത്തിന്റെ ആഭിമുഖ്യത്തിൽ, ''ഞാൻ ലോകം കാണുന്നു'' എന്ന വിഷയത്തെക്കുറിച്ചു നടത്തപ്പെട്ട സാർവ്വദേശീയ ബാലചിത്രരചനാപ്രദർശനത്തിന്റെ സ്ഥലം അഞ്ചാമത്തെ തവണയും മോസ്കോവായിരുന്നു. സുപ്രസിദ്ധ കലാകാരനും അക്കാദമീഷ്യനുമായ എ. ഗ്രിത്സായിയുടെ നേതൃത്വത്തിലുള്ള ജൂറി സ്സ് 62 രാജ്യങ്ങളിൽനിന്നായി നാല്പ ലക്ഷം ചിത്രങ്ങൾ അയച്ചുകിട്ടിയിരുന്നു.



ആളുകളുടെ ശീലങ്ങളും മനോഭാവങ്ങളും വ്യത്യാസപ്പെടാറുണ്ടല്ലോ. അതുപോലെത്തന്നെ പ്രദർശനത്തിലെ ഈ പെയിൻറിങ്ങുകളും; ഉജ്ജ്വലവർണ്ണങ്ങളോടുകൂടിയവയും ആഹ്ലാദനിർഭരങ്ങളുമെന്നപോലെതന്നെ ഭാവാത്മകങ്ങളും ചായക്കോൽ ഉപയോഗിച്ചുവരച്ചവയുമായ ചിത്രങ്ങളും അവയുടെ കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ അവയെല്ലാംതന്നെ ഒന്നൊഴിയാതെ ശുഭപ്രതീക്ഷയും പ്രത്യാശയും പ്രതിഫലിപ്പിക്കുന്നവയത്രേ. ഇതിന്റെ അർത്ഥം അവ അലംഭാവം പ്രതിഫലിപ്പിക്കുന്നു എന്നല്ല. ഒരു പക്ഷേ ഈ ഗ്രഹത്തിന്റെ രാഷ്ട്രീയക്കാരിനോട് കുട്ടികളേക്കാം ശീഘ്രമായും സൂക്ഷ്മമായും പ്രതികരിക്കുന്നവർ വേറെ ആരുമുണ്ടാവില്ല. യുദ്ധത്തിന്റെ ഭയങ്കരഭീഷണി അവരെ നടുക്കുന്നു; അവർ സമാധാനത്തെക്കുറിച്ചു സ്വപ്നം കാണുക മാത്രമല്ല, തങ്ങളുടെ ചിത്രരചനകളും മുഖേന അതിനുവേണ്ടി പോരാട്ടകളുടി ചെയ്യുന്നു. പല പെയിൻറിങ്ങുകളും ''സമാധാനം'' എന്ന വാക്കും എല്ലാവർക്കും സുഗ്രാഹ്യമായ ഒരു പ്രതീകവും വഹിക്കുന്നുണ്ട്.

തങ്ങളുടെ സ്വരണയിൽ സ്വോപരി തെളിഞ്ഞുയർന്നുനിൽക്കുന്നതിനെയാണവർ വരച്ചിരിക്കുന്നത്— അവരുടെ വീടിനേയും ബന്ധുക്കളേയും സുഹൃത്തുക്കളേയും. തൊട്ടടുത്തായിത്തന്നെ, അമ്മയും സഹോദരീസഹോദരരും സഹപാഠികളുമുണ്ട്. *എന്റെ അമ്മ*, *എന്റെ കൊച്ചനുജൻ*, *എന്റെ ഉത്തമസുഹൃത്ത്* എന്നിങ്ങിനെയാണ് ഈ രചനകൾക്കു അവർ തലക്കെട്ടുകൊടുത്തിരിക്കുന്നത്. ഏറ്റവും വാത്സല്യപൂർണ്ണവും ഊഷ്മളവുമായ വികാരങ്ങളാണവ. തങ്ങൾ ഓമനിച്ച വളർത്തുന്ന മൃഗങ്ങളേയും പക്ഷികളേയും അവർ വിസ്മരിക്കുന്നില്ല—പൂച്ചകൾ, നായ്ക്കൾ, തത്തകൾ എന്നുവേണ്ട സിംഹങ്ങളും പുലികളും പോലും അവരുടെ രചനാവിഷയങ്ങളായിരിക്കുന്നു.

പിതാക്കളെ സംബന്ധിച്ചേടത്തോളം, അവരെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന നിലയിൽ ചിത്രീകരിക്കാനാണ് കൂടുതലും ഇഷ്ടപ്പെടുന്നത്—നിലമുഴുകയോ, ഗോതമ്പോ നെല്ലോ കൊയ്യുകയോ, കരിമ്പു വെട്ടുകയോ, മീൻ പിടിയ്ക്കുകയോ, ഭവനങ്ങൾ നിർമ്മിക്കുകയോ, പ്ലാൻറുകൾ ഏർപ്പെടുത്തുകയോ, ബഹിരാകാശത്തേയ്ക്കു പറക്കുകയോ, അത്യുത്തരപ്രദേശത്തു നിലം നികത്തിയെടുക്കാനായി പ്രവർത്തിക്കുകയോ ചെയ്യുന്ന നിലയിൽ.


ഇന്ത്യയിൽനിന്നുള്ള കൊച്ചു കലാകാരന്മാരുടെ സൃഷ്ടികളാണ് ഹാളുകളിലൊന്നിന്റെ ചുമരുകളിലാകെ. അവരുടെ കൂട്ടത്തിൽ നമ്മുടെ പഴയ പരിചയക്കാരുണ്ട് — *സോവിയറ്റ് നാട്* പത്രികയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ചിത്രരചനാമത്സരങ്ങളിൽ പങ്കെടുക്കുക മാത്രമല്ല സമ്മാനം നേടുക പോലും ചെയ്തവർ. സ്പോർട്സ്മത്സരങ്ങളേയും കുടങ്ങളിൽ വെള്ളം ഏറ്റിക്കൊണ്ടുപോകുന്ന അഴകാന്ന പെൺകിടാങ്ങളുള്ള ഇന്ത്യൻഗ്രാമങ്ങളേയും, സമുദ്രത്തിരമാലകൾക്കുമീതെ ചാഞ്ഞു തലയാട്ടിക്കൊണ്ടിരിക്കുന്ന പനമരങ്ങളേയും കൽക്കത്തയിലെ ജനക്കൂട്ടങ്ങളേയും കേരളത്തിലെ ക്ലാറൻ ഘോഷയാത്രകളേയും അവർ ചിത്രീകരിച്ചിരിക്കുന്നു. **



മുകളിൽ: മോസ്കോവിലേയ്ക്കുള്ള പോകൽ രചന: തരുൺ സർദാർ, യു. എസ്. എ.

സമാധാനം: രചന: നതാഷ ബുദിലോ. യു. എസ്. എസ്. ആർ.

പ[illegible]ടുത്തത്: എ. ക്രസാവിൻ





←തോട്ടത്തിൽ മയിൽ
രചന: എം. റാദ്ജി, ഇന്ത്യ




↑ ഞങ്ങൾ മോസ്കോ ഉത്സവത്തിലേയ്ക്കു പറക്കുകയാണു്
രചന: മുസിഗ്റുസ, യുഗോസ്ലേവിയ



മുകളിൽനിന്നു് താഴോട്ടു്:
യൂറി ഗഗാറിൽ രചന: സ്തസിക്ക്
എഗറോവ്സ്കി. യു. എസ്. എസ്. ആർ.

സൌഹൃദപുഷ്പങ്ങൾ: രചന: ഹർഗിയു
അങ്ക-നിഹല, റൊമാനിയ



←പൂച്ചകൾ രചന:
ദോങ്കു, ചൈന

റിക്കാഡുകളുടെ കൊയ്ത്ത്

കെ. കോൺസ്തന്തിനോവ്

1985-ൽ പല സോവിയറ്റ് സ്പോർട്ട്സ് വിദഗ്ദ്ധരും ഒന്നിലധികംതവണ ലോകറിക്കാർഡുകൾ മെച്ചപ്പെടുത്തുകയും പ്രധാനപ്പെട്ട പല സാർവ്വദേശീയ മത്സരങ്ങളിലും വിജയശ്രീലാളിതരാവുകയുമുണ്ടായി.

ആദ്യമായി, ഏറ്റവും മികച്ച ഫലങ്ങളെക്കുറിച്ച് ഏതാനും വാക്കുകൾ. ഡോണെത്സിലെ സെർഗെയ് ബുബ്കയോട്, പോൾവോൾട്ടിൽ കിടപിടിക്കാൻ ആരുമുണ്ടായിരുന്നില്ല. പാരീസിൽ നടന്ന സാർവ്വദേശീയ മത്സരത്തിൽ അദ്ദേഹം ആറു മീറ്റർ ഉയരത്തിലുള്ള ബാർ ചാടിക്കടന്നു. ഇഗോർ പാക്ലിൻ എന്ന, 22 വയസ്സുകാരനായ ഫ്രുൺസേപോളിടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുവിദ്യാർത്ഥി, പുരുഷന്മാർക്കായുള്ള 'ഹൈജമ്പി'ൽ 241 സെൻറിമീറ്റർ ഉയരം ചാടി പത്രത്തലക്കെട്ടുകളിൽ സ്ഥലം പിടിച്ചു.

സ്ത്രീകൾക്കായുള്ള ഹൈജമ്പിലെ സോവിയറ്റ് പ്രമുഖയായ, സുന്ദരിയായ തമാര ബീക്കോവ ദശലക്ഷക്കണക്കിൽ ടിവി. പ്രേക്ഷകർക്കു സുവിദിതയാണ്. ദീർഘകാലത്തെ ഇടവേളയ്ക്കുശേഷം, നതാലിയ ലിസോവ്സ്കായ വനിതകളുടെ 'ഷോട്ട്പുട്ടി'ൽ സോവിയറ്റ് യൂണിയനു ലോകപദവി വീണ്ടും നേടിക്കൊടുത്തു

1985-ാം വർഷം ചെസ്സ്പ്രേമികളെ സംബന്ധിച്ചേടത്തോളവും സ്മരണീയമായ ഒന്നായിരുന്നു. ലോകചാമ്പ്യനായ അനതോളി കാർപോവും, ലോകചാമ്പ്യൻഷിപ്പിനുവേണ്ടി അദ്ദേഹത്തിന്റെ എതിരാളിയായി ഉയർന്നുവന്നിട്ടുള്ള ഗാരി കാസ്പറോവും തമ്മിലുള്ള നാടകീയമത്സരത്തെ അവർ ഇടവിടാതുള്ള താല്പര്യത്തോടെ വീക്ഷിച്ചു വരികയായിരുന്നുവല്ലോ.

സോവിയറ്റു വോളിബാൾ കളിക്കാർ പല വർഷങ്ങളോളം ലോകത്തിൽ വാഴ്ച കൊള്ളുകയായിരുന്നുവെന്ന വസ്തുത യൂറോപ്യൻ ചാമ്പ്യൻഷിപ്പിൽ എളുപ്പത്തിലുള്ള വിജയത്തിന്നൊന്നും അവർക്കുറപ്പു നൽകുകയുണ്ടായില്ല. സോവിയറ്റ് യൂണിയനിലെ വനിതാടീമും പുരുഷന്മാരുടെ ടീമും ഉജ്ജ്വലമായി കളിച്ച്, ഒരൊറ്റ പരാജയംപോലും നേരിടാതെ വീണ്ടും സ്വർണ്ണം നേടി.

സോവിയറ്റ് ഫുട്ബാൾ കളിക്കാരും കഴിഞ്ഞ സീസണിൽ ദർശനീയമായ പുരോഗതി കൈവരിക്കുകയുണ്ടായി.

ജപ്പാനിലെ കോബേയിൽ നടന്ന ലോകവിദ്യാർത്ഥിവിനോദത്തിൽ സോവിയറ്റ് വിദ്യാർത്ഥികളും, 44 സ്വർണ്ണമെഡലുകളുൾപ്പെടെ 84 മെഡലുകളും കരസ്ഥമാക്കി. ഇഗോർ പാക്ലിൻ തന്റെ അത്ഭുതകരമായ ചാട്ടം നടത്തിയതു കോബേലായിരുന്നു.

**



സോവിയറ്റ് വോളിബാൾടീമുകൾ (പുരുഷൻമാരുടേയും സ്ത്രീകളുടേയും) യൂറോപ്പ്—85 ചാമ്പ്യൻഷിപ്പുകൾ നേടി

സോവിയറ്റ് ഗ്രാൻഡ്മാസ്റ്റർ മാരായ ഗാരി കാസ്പറോവും അനതോളി കാർപ്പോവും തമ്മിലുള്ള ലോകചെസ് ചാമ്പ്യൻഷിപ്പുമത്സരം

പുതിയ സോവിയറ്റ് ഫുട്ബാൽതാരമായ ഒലെഗ് പ്രൊതസോവ്



ഹൈജമ്പിൽ
റിക്കാർഡ് ഹോൾഡറായ ഇഗോർ പാക്ക്
ലിൻ 241 സെൻറി
മീറ്റർ ഉയരം ചാടി

↑ 'ഗോള്'
(സ്പോർട്ട്സ്
റിപ്പോർട്ടർ)
ഇഗോർ ഉത്ക്കിൻ
രചിച്ച ഒരു
ചിത്രഫോട്ടോ

പ്രസിദ്ധ സോ→
വിയറ്റ് കായികാ
ഭ്യാസി ഗലീന
ബെലോ
ഗ്ലോസോവ



ഒരു ഹേമന്ത പ്രകൃതിദൃശ്യം

ഫോട്ടോ: വി. മാസ്ക്

Regd No. M-7661